# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2022 ജൂലൈ, വോള്യം: 10 ലക്കം: 11

**എഡിറ്റോറിയൽ ബോർഡ്**

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്,
പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള




07
സ്വാതന്ത്ര്യസമരവും വർഗീയ വിഭാഗീയ ശക്തികളും
കെ.എൻ. ഉമേഷ്

14
കയർവ്യവസായവും തൊഴിലാളികളും നേരിടുന്ന പ്രതിസന്ധി
ആനത്തലവട്ടം ആനന്ദൻ

18
മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രഘടനയെ അസ്ഥിരീകരിക്കുന്നു
കെ,ടി.കുഞ്ഞിക്കണ്ണൻ




27
**ലാറ്റിനമേരിക്കയിൽ പിങ്ക് വേലിയേറ്റം**
ദശകങ്ങളായി യു.എസ്. സാമ്രാജ്യത്വത്തിന്റെ ഒരു പാവ ഭരണകൂടമായി പ്രവർത്തിച്ചുപോന്നിരുന്ന കൊളംബിയയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇടതുപക്ഷം അധികാരത്തിലെത്തുന്നത്.



| | | |
|---|---|---|
| വികസനത്തിന് മുൻഗണന | 22 | പി. നന്ദകുമാർ |
| സൈനിക സേവനം പരിമിതപ്പെടുത്തുന്നു തൊഴിൽരഹിതരെ വഞ്ചിക്കുന്നു | 24 | കെ.എൻ.ഗോപിനാഥ് |
| ആഗോള സമ്പദ് രംഗം സ്റ്റാഗ്ഫ്ളേഷനിലേക്ക് | 32 | |
| WTO, G-7 സമ്മേളനങ്ങൾ | 35 | ജോസ് ടി. എബ്രഹാം |
| യുദ്ധാരവങ്ങളും ഫാസിസവും | 38 | എൻ. പത്മലോചനൻ |
| സംഘടനാവാർത്തകൾ | 46 | |

വാർഷിക വരിസംഖ്യ : 200 രൂപ.

മുഖപ്രസംഗം

# 75-ാം വാർഷികത്തിൽ സ്വതന്ത്ര ഇന്ത്യ

രാജ്യം സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികം ആഘോഷിക്കാൻ പോവുകയാണ്. ”ആസാദി കാ അമൃത വർഷ്” എന്ന പേരിൽ, കേന്ദ്രസർക്കാരും, സംഘപരിവാറും വലിയ പ്രചരണം സംഘടിപ്പിക്കുന്നുണ്ട്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായുള്ള ഐതിഹാസിക സമരത്തിൽ ഒരു പങ്കും വഹിച്ചില്ല, എന്ന് മാത്രമല്ല, 1925 ൽ രൂപം കൊണ്ടത് മുതൽ ആർഎസ്സ്എസ്സ് ബ്രിട്ടീഷ് സാമ്രാജ്യത്തിനൊപ്പമാണ് നിലയുറപ്പിച്ചിരുന്നത്. സംഘപരിവാറിന്റെ താത്വികാചാര്യന്മാരിൽ പ്രമുഖനായിരുന്ന സവർക്കർ, ബ്രിട്ടീഷ് തടവിൽ നിന്ന് മോചനത്തിനായി മാപ്പെഴുതിക്കൊടുത്ത നാണംകെട്ട അനുഭവം ആരും മറന്നിട്ടില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും, കമ്മ്യൂണിസ്റ്റ് പാർട്ടിയും, തൊഴിലാളി കർഷക ജനതയും, ബ്രിട്ടീഷുകാർക്കെതിരായ പോരാട്ടത്തിൽ വലിയ പങ്കു വഹിച്ചു.

ബ്രിട്ടീഷ് കോളോണിയൽ നുകത്തിൽ നിന്ന് സ്വാതന്ത്ര്യം നേടിയാൽ, ദാരിദ്ര്യം തൊഴിലില്ലായ്മ തുടങ്ങിയ ദുരിതങ്ങളിൽ നിന്ന് കര കയറുമെന്ന് ജനങ്ങൾ പ്രതീക്ഷിച്ചിരുന്നു. 1917 ലെ സോവിയറ്റ് വിപ്ലവം, കൊളോണിയൽ വിരുദ്ധപോരാട്ടങ്ങൾക്ക് വലിയ കരുത്ത് നൽകുകയുണ്ടായി. സോഷ്യലിസത്തിന് കീഴിൽ, സോവിയറ്റ് ജനത കൈവരിച്ച നേട്ടം, ലോകത്തെ അത്ഭുതപ്പെടുത്തിയിരുന്നു. ഇന്ത്യയിൽ തൊഴിലാളി വർഗ്ഗം, ബ്രിട്ടീഷ് വിരുദ്ധ സമരത്തിൽ അത്യാവേശപൂർവം അണിനിരന്നത് ഈ സാഹചര്യത്തിലാണ്.

1947 ൽ സ്വതന്ത്രമായ ഇന്ത്യയുടെ ഭരണത്തിൽ, ദീർഘകാലം കോൺഗ്രസ്സായിരുന്നു. 1977 ലാണ് കോൺഗ്രസ്സിന്റെ അധികാരകുത്തക തകർന്നത്. വീണ്ടും അവർ അധികാരത്തിലേറുകയും ചെയ്തു. 2014 മുതൽ ബിജെപിയുടെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിലേറി. അവരിപ്പോഴും ഭരണത്തിൽ തുടരുകയാണ്.

75 വർഷം തുടർച്ചയായി. ബൂർഷ്വാ ഭൂപ്രഭുവർഗ്ഗ പാർടികൾ ഭരിച്ച ഇന്ത്യയിലെ, ജനങ്ങളിൽ മഹാഭൂരിപക്ഷവും, ഇപ്പോഴും ദുരിതത്തിലാണ്. ദാരിദ്ര്യം, തൊഴിലില്ലായ്മ, നിരക്ഷരത, സാമൂഹ്യ അടിച്ചമർത്തലുകൾ തുടങ്ങി നിരവധി വെല്ലുവിളികളാണ് അവർ നേരിടുന്നത്. എന്നാൽ രാജ്യത്തെ മുതലാളിവർഗ്ഗം ഈ കാലയളവിൽ, വൻകുത്തകകളായി വളർന്നു. ഇന്ത്യയിലെ ശതകോടിശ്വരന്മാരുടെ എണ്ണം ഇപ്പോൾ 142 ആണ്.

സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികം ആഘോഷിക്കുന്ന വർഷത്തിൽ, രാജ്യം നേരിടുന്ന അതീവ ഗുരുതരമായ ഒരു പ്രശ്നത്തിലേക്കാണ്, ഈ ലേഖനം ശ്രദ്ധ ക്ഷണിക്കുന്നത്. കടുത്ത ദാരിദ്ര്യവും, പട്ടിണിയും നേരിടുന്ന രാജ്യത്തെ കുഞ്ഞുങ്ങളുടെ ദയനീയാവസ്ഥ ആരെയും ഞെട്ടിപ്പിക്കുന്നതാണ്. ശാസ്ത്രസാങ്കേതിക വിദ്യകൾ വി

സ്മയകരമായി വളർന്ന സാഹചര്യത്തിൽ, മനുഷ്യജീവിത പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് സോഷ്യലിസം തെളിയിച്ചതാണ്. എന്നാൽ 'ലാഭം' മാത്രം ലക്ഷ്യമാക്കി, ഭരണം നടത്തുന്ന മുതലാളിത്ത ശക്തികൾ മനുഷ്യരെ നയിക്കുന്നത്, പ്രാകൃതമായ അവസ്ഥയിലേക്കാണ്. രാജ്യത്ത് സൃഷ്ടിക്കപ്പെടുന്ന സമ്പത്തിന്റെ ഗണ്യമായ ഭാഗവും കയ്യടക്കുന്നത്; കുത്തകമുതലാളി വർഗ്ഗമാണ്. അവരുടെ സമ്പത്ത് വീണ്ടും വർദ്ധിപ്പിക്കലാണ്, സർക്കാരുകളുടെ നയങ്ങളുടെ ലക്ഷ്യം. ഇന്ത്യൻ ജനതയിലെ ഭൂരിപക്ഷം നേരിടുന്ന പട്ടിണി, തൊഴിലില്ലായ്മ, രോഗാതുരത, തുടങ്ങിയവ പരിഹരിക്കാൻ മാത്രമുള്ള വിഭവങ്ങൾ ഇല്ലാത്തതല്ല ഇന്നത്തെ പ്രശ്നം. സമ്പത്ത്, ഒരുപിടി കുത്തകകൾ കയ്യടക്കി വെച്ചിരിക്കുന്നതാണ് എല്ലാ ദുരിതത്തിനും കാരണം. ഈ നയങ്ങളുടെ സൃഷ്ടിയാണ്, 'ബാലാദ്ധ്വാനം' എന്ന നികൃഷ്ടമായ പ്രശ്നം.

14 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളെ ജോലി ചെയ്യിക്കുന്നതിനെയാണ് ബാലാദ്ധ്വാനം (child labour) എന്ന് വിളിക്കുന്നത്. ലോകം മുഴുവൻ ബാലാദ്ധ്വാനം നിരോധിച്ചതാണ്. പരിഷ്കൃത സമൂഹം ഒരിക്കലും അംഗീകരിക്കാത്തതാണ് ബാലാദ്ധ്വാനം. കുട്ടികളെ ജോലി ചെയ്യിക്കുന്നത് നിരോധിച്ചു കൊണ്ടുള്ള നിയമങ്ങൾ, ഇന്ത്യ ഉൾപ്പെടെ എല്ലാ രാജ്യങ്ങളും പാസ്സാക്കിയിട്ടുണ്ട്.

ലോകത്താകെ 152 ദശലക്ഷം കുട്ടികളെ ജോലി ചെയ്യിക്കുന്നുണ്ട്. ഇതിൽ 64 ദശലക്ഷം പെൺകുട്ടികളും, 88 ദശലക്ഷം ആൺകുട്ടികളുമാണ്. ലോകത്തെ ആകെ കുട്ടികളിൽ പത്തിൽ ഒരാൾ എന്ന തോതിലാണ് ഈ ദുരിതത്തിൽ കഴിയുന്നത്. സ്കൂളിൽ പോവേണ്ട പ്രായത്തിൽ, വിശപ്പടക്കാനായി കഠിനാദ്ധ്വാനം ചെയ്യേണ്ടി വരിക.

2011 ലെ സെൻസസ് റിപ്പോർട്ടനുസരിച്ച് ഇന്ത്യയിൽ 'ബാലാധ്വാന'ത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളുടെ എണ്ണം 10.1 ദശലക്ഷമാണ്. 4.5 ദശലക്ഷം പെൺകുട്ടികളും 5.6 ദശലക്ഷം ആൺകുട്ടികളും. കുടുംബത്തിന്റെ അതിദാരിദ്ര്യമാണ് ഈ കുട്ടികളെ വിവിധ തൊഴിലിലേക്ക് തള്ളാൻ രക്ഷിതാക്കളെ നിർബന്ധിതരാക്കിയത്. പരിഷ്കൃതജനതയെ ലജ്ജിപ്പിക്കുന്നതാണ് ഈ അവസ്ഥ.

ഐ.എൽ.ഒ റിപ്പോർട്ടിൽ പറയുന്നത്. 2022 അവസാനത്തോടെ, ലോകത്തെ 9 ദശലക്ഷം കുട്ടികൾ കൂടി, ജോലിക്ക് പോകുന്നവരായി മാറും എന്നാണ്. കോവിഡ് മഹാമാരി സൃഷ്ടിച്ച ദുരിതമാണ് ഇതിന് കാരണം. ഇന്ത്യയിൽ കോവിഡ് കാലത്ത് അടച്ചു പൂട്ടിയ 1.5 ദശലക്ഷം സ്കൂളുകളിലെ 247 ദശലക്ഷം കുട്ടികളിൽ, വലിയൊരുഭാഗം, പഠനം നിർത്തി. 'ബാലാദ്ധ്വാന'ത്തിൽ ഏർപ്പെടുന്നവരായിമാറുമെന്ന്, "യൂനിസെഫ്" റിപ്പോർട്ടിൽ പറയുന്നു.

നിർബന്ധിതമായ ജോലിയിലേക്ക് കുട്ടികളെ തള്ളിവിടുന്നത്, അതിദാരിദ്ര്യം, കുടിയേറ്റം, വർഗീയ ലഹളകൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ കാരണങ്ങളാലാണ്. ഇത്തരം ദുരന്തങ്ങളിൽ നിന്ന് ജനങ്ങൾക്ക് സംരക്ഷണം നൽകാൻ പര്യാപ്തമായ നയം സർക്കാരുകൾ ആവിഷ്കരിക്കാത്തത് കുട്ടികളെയാണ് ഏറെ ദോഷകരമായി ബാധിക്കുന്നത്. ഈ ദുരന്തത്തിന് കാരണം. ബാലാദ്ധ്വാനം, കുട്ടികളുടെ വിദ്യാഭ്യാസ വളർച്ചയെയും, വ്യക്തിത്വ വികാസത്തെയും ഗുരുതരമായി ബാധിക്കുന്നു. രാജ്യത്തിന്റെയും സമൂഹത്തിന്റെയും വികാസത്തെയും ഇത് പ്രതികൂലമായി ബാധിക്കുന്നു.

ബാലാദ്ധ്വാനം കൂടുതൽ നടക്കുന്ന മേഖലയാണ് കാർഷികമേഖല. നഗരങ്ങളിൽ ഷൂ പോളിഷിംഗ്, വഴിയോരക്കച്ചവടം, ചായക്കടകൾ തുടങ്ങിയ മേഖലകളിലെല്ലാം

കുട്ടികൾ ജോലി ചെയ്യുന്നത് കാണാം. അവർ ഉറങ്ങുന്നത് തെരുവുകളിൽ തന്നെയാണ്. ജീവിതോപാധികൾക്കായി വിദൂരസ്ഥലങ്ങളിലേക്ക് കുടിയേറുന്നവരിൽ, ഒരു വിഭാഗം കുഞ്ഞുങ്ങളെയും കൂട്ടിയാണ് പോകുന്നത്. ഈ കുഞ്ഞുങ്ങളുടെയെല്ലാം വിദ്യാഭ്യാസം മുടങ്ങുന്നു. ഇഷ്ടിക കളങ്ങൾ, ഉപ്പ് ഉൽപ്പാദനകേന്ദ്രങ്ങൾ, കരിമ്പ് കൃഷി, നിർമാണവേല, മത്സ്യ മേഖല, തോട്ടങ്ങൾ, അരിമില്ലുകൾ, പടക്കനിർമാണം, ഖനികൾ എന്നിലിടങ്ങളിലെല്ലാം കുട്ടികളെ ജോലി ചെയ്യിക്കുന്നുണ്ട്. വസ്ത്രനിർമാണ മേഖലയാണ് മറ്റൊരു രംഗം. വീട്ടുജോലികളിലും, കുട്ടികളെ ധാരാളമായി നിയോഗിക്കുന്നതായി കാണാം.

ഇന്ത്യൻ ജനസംഖ്യയുടെ 39 ശതമാനം 14 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളാണ്. ഈ കുട്ടികളിലാണ് 1 കോടി 10 ലക്ഷം പേർ ജോലിയിൽ ഏർപ്പെട്ടുവരുന്നത്. 2021 ൽ 15 കോടി കുട്ടികൾ സ്കൂളിന് പുറത്തായിരുന്നു എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ബാലാദ്ധ്വാനം കുട്ടികളുടെ അവകാശം ഹനിക്കൽ മാത്രമല്ല, കടുത്ത മനുഷ്യാവകാശ ലംഘനമായിട്ടാണ് കണക്കാക്കുന്നത്.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 24 പറയുന്നത് ഇപ്രകാരമാണ്. ”14 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളെ ഫാക്ടറികൾ, ഖനികൾ, അപകടകരമായ തൊഴിലുകൾ എന്നിവയിൽ ജോലി ചെയ്യിക്കാൻ പാടില്ല”

1986-ൽ ഇന്ത്യയിൽ ബാലാദ്ധ്വാനം നിരോധിക്കുന്ന നിയമം പാസ്സാക്കിയിട്ടുണ്ട്. 2016 ൽ ഈ നിയമത്തിൽ ഭേദഗതി വരുത്തി. 14 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളെ ഒരുവിധ ജോലിയും ചെയ്യിക്കാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തു. 14നും 18 നും ഇടയിൽ പ്രായമുള്ളവരെ അപകടസാധ്യതയുള്ള ജോലികളിൽ നിയോഗിക്കുന്നതും ഈ നിയമം തടഞ്ഞു. ബാലാദ്ധ്വാനം നിരോധിക്കുന്ന രണ്ട് ഐ.എൽ.ഒ പ്രാമണങ്ങൾ, പ്രമാണം 138, 182 ഇന്ത്യ അംഗീകരിച്ചതാണ്. ഇതെല്ലാമായിട്ടും, അദ്ധ്വാനത്തിലേർപ്പെടാൻ നിർബന്ധിതരാവുന്ന കുട്ടികളുടെ എണ്ണം ഇന്ത്യയിൽ വർദ്ധിച്ചു വരുന്നു.

ബീഹാർ, യു.പി, മദ്ധ്യപ്രദേശ്, ഝാർഖണ്ഡ്, മഹാരാഷ്ട്ര, ഗുജറാത്ത്, ആന്ധ്രപ്രദേശ്, ഡൽഹി തുടങ്ങിയ സംസ്ഥാനങ്ങളാണ്, ബാലാദ്ധ്വാനം കൂടുതലുള്ളവ. ഇതിൽ നിന്നെല്ലാം വളരെ വ്യത്യസ്തമാണ് കേരളത്തിലെ സ്ഥിതി. കേരളീയ കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ ആരും, നിർബന്ധിതമായ ബാലാദ്ധ്വാനത്തിൽ ഏർപ്പെടുന്നില്ല. അഞ്ചുവയസ് പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ കുട്ടികളും സ്കൂളിൽ പോകുന്ന സംസ്ഥാനമാണ് കേരളം. ശിശുസംരക്ഷണത്തിനായി നഗരഗ്രാമവ്യത്യാസമില്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇവിടെ കുട്ടികൾക്ക് പോഷകാഹാരവും ലഭിക്കുന്നു. സ്കൂൾ കുട്ടികൾക്ക് ഭക്ഷണവും യൂണിഫോമും സൗജന്യമായി നൽകുന്നു. പൊതുവിദ്യാലയങ്ങളിൽ വിദ്യാഭ്യാസം സൗജന്യവുമാണ്.

ഇടതുപക്ഷ ബദൽനയങ്ങളാണ്, കേരളത്തെ, ഇന്ത്യയിൽ വേറിട്ട സംസ്ഥാനമാക്കി മാറ്റിയത്. കോൺഗ്രസ്സ്, ബിജെപി പോലുള്ള ബൂർഷ്വാപാർട്ടികളുടെ നയങ്ങളാണ്, ജനങ്ങളെ ദുരിതത്തിലേക്ക് തള്ളിവിട്ടത്. ഈ നയങ്ങൾക്കെതിരായ പോരാട്ടമാണ്, തൊഴിലാളിവർഗ്ഗവും മറ്റ് അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങളും നടത്തിക്കൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികത്തിൽ, ജനങ്ങളെ കബളിപ്പിക്കുന്ന പ്രചരണവുമായി വരുന്ന സംഘപരിവാർ ശക്തികളുടെ പ്രചരണത്തെ നേരിടാൻ, തൊഴിലാളികൾ സജീവമായി രംഗത്തിറങ്ങണം.






കെ.എൻ. ഉമേഷ്

സ്വാതന്ത്ര്യത്തിന്റെ 75-ാം വർഷം

# സ്വാതന്ത്ര്യസമരവും
# വർഗീയ വിഭാഗീയ ശക്തികളും

**രാജ്യത്തിന്റെ ഐക്യം, ദേശീയ അഖണ്ഡത, സ്വാശ്രയത്വം എന്നീ അടിസ്ഥാന മൂല്യങ്ങൾക്കു നേരെ ഗുരുതരമായ വെല്ലുവിളികളാണ് ഉയരുന്നത്. ഈ സാഹചര്യത്തിൽ അതിനെതിരെ മുന്നോട്ടു വരികയെന്ന ചരിത്രപരമായ ഉത്തരവാദിത്തം തൊഴിലാളി വർഗത്തിനാണുള്ളത്. പൊരുതി നേടിയ അവകാശങ്ങൾ സംരക്ഷിക്കാനും നവലിബറൽ നയങ്ങളുടെ കടന്നാക്രമണങ്ങൾ നേരിടാനുമുള്ള പോരാട്ടവും നിലവിലുള്ള ഭരണക്കാർ നടത്തുന്ന വിഭാഗീയ പ്രവർത്തനങ്ങൾക്കെതിരെ വർഗ്ഗഐക്യം ഉയർത്തിപ്പിടിക്കാനുള്ള പോരാട്ടവും ഒരേ സമയം നടത്തുകയാണ് ഇന്ത്യൻ തൊഴിലാളി വർഗം.**



സാമൂഹിക് ജാഗരൺ വാരാചരണം



**പൊരുതി** നേടിയ അവകാശങ്ങൾ സംരക്ഷിക്കാനും നവലിബറൽ നയങ്ങളുടെ കടന്നാക്രമണങ്ങൾ നേരിടാനുമുള്ള പോരാട്ടവും നിലവിലുള്ള ഭരണക്കാർ നടത്തുന്ന വിഭാഗീയ പ്രവർത്തനങ്ങൾക്കെതിരെ വർഗഐക്യം ഉയർത്തിപ്പിടിക്കാനുള്ള പോരാട്ടവും ഒരേ സമയം നടത്തുകയാണ് ഇന്ത്യൻ തൊഴിലാളി വർഗം. സ്വാതന്ത്ര്യത്തിന്റെ 75ാം വർഷത്തിൽ ഈ പോരാട്ടങ്ങൾക്ക് വർധിച്ച പ്രസക്തി കൈവന്നിരിക്കയാണ്. സ്വാതന്ത്ര്യത്തിലൂടെയും സ്വാതന്ത്ര്യ സമരത്തിലൂടെയും നാം ആർജിച്ച ഓരോ മൂല്യങ്ങൾക്കും നേരെ നശീകരണാത്മകവും ഹീനവുമായ കടന്നാക്രമണം നടക്കുമ്പോൾ ഈ പോരാട്ടത്തിന് പ്രാധാന്യമേറുകയാണ്, പ്രത്യേകിച്ച് ഭരണത്തിലുള്ളവർ 'ആസാദി കീ അമൃത് മഹോത്സവ്' എന്ന പേരിൽ വിഭാഗീയതയുടെ വിഷം പ്രസരിപ്പിക്കുമ്പോൾ. ബ്രിട്ടീഷ് സാമ്രാജ്യത്വം ഭരിച്ച സാതന്ത്ര്യപൂർവ കാലത്തും സ്വാതന്ത്ര്യാനന്തരവും ഇന്ത്യൻ ഭരണ വർഗം നടത്തിയ എല്ലാ ആക്രമണങ്ങളോടും ചെറുത്തു നിൽക്കാൻ ഇന്ത്യൻ തൊഴിലാളി വർഗത്തിന് കഴിഞ്ഞിട്ടുണ്ട്. എല്ലാ അർഥത്തിലും ചരിത്രം അതിനു സാക്ഷിയാണ്.

ബ്രിട്ടീഷ് ഭരണത്തിനെതിരെ ജനങ്ങൾ സ്വാതന്ത്ര്യപ്രസ്ഥാനത്തോടൊപ്പം നിന്ന് നടത്തിയ സമരങ്ങൾ ബ്രിട്ടീഷ് ഇന്ത്യയിലാകെ പടരവെ അതിന്റെ മുന്നണിയിൽ ഇന്ത്യയിൽ ഇന്ത്യൻ തൊഴിലാളി വർഗം നടത്തിയ സമരങ്ങളുമുണ്ടായിരുന്നു. അന്നും ആർഎസ്എസ്സിനെപ്പോലുള്ള വലതു പക്ഷ വർഗീയ വിഭാഗീയ ശക്തികൾ ജനങ്ങളെ ഭിന്നിപ്പിക്കാനും ബ്രിട്ടീഷുകാർക്ക് മുന്നിൽ വിധേയരായി പ്രവർത്തിക്കാനും ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് താല്പര്യം സംരക്ഷിക്കുന്ന കോടാലിക്കൈകളായി പ്രവർത്തിക്കുകയുമാണ് ചെയ്തത്. പക്ഷെ രാജ്യം സ്വാതന്ത്ര്യം നേടിയപ്പോൾ ഈ വഞ്ചകർക്ക് ഒന്നും പറയാനുണ്ടായിരുന്നില്ല.

## ചരിത്രത്തിലെ കാല്പാടുകൾ

തൊഴിലാളി വർഗ്ഗത്തിന്റെ പ്രക്ഷോഭങ്ങൾ പടർന്ന കാലമായിരുന്നു അത്. 1922 ൽ റയിൽവേ, സ്റ്റീൽ, ടെക്സ്റ്റൈൽ തൊഴിലാളികളുടെ തുടർച്ചയായ സമരങ്ങൾക്ക് രാജ്യം സാക്ഷിയായി. 1928 ൽ മാത്രം 35 ലക്ഷം തൊഴിൽദിനങ്ങൾ നഷ്ടപ്പെടുന്ന തരത്തിൽ സമരങ്ങൾ വളർന്നു. ബോംബെ, കാൺപൂർ, കൽക്കട്ട, ഖരഗ്പുർ, ബാംഗ്ലൂർ, ജംഷഡ്പൂർ, ജാരിയാ, ധൻബാദ് എന്നീ വ്യവസായ നഗരങ്ങൾ മാത്രമല്ല മദ്രാസ് പ്രസിഡൻസിയും അസമിലെ ദിബ്രുഗഡും അടക്കം രാജ്യമാകെ വലിയ സമരങ്ങളുടെ വേലിയേറ്റം തന്നെ അന്നുണ്ടായി. ലഭ്യമായ കണക്കുകൾ പ്രകാരം 1939 ൽ 49.9 ലക്ഷവും 1940 ൽ 7 5.7 ലക്ഷവും 1942 ൽ 57.7 ലക്ഷവും തൊഴിൽദിനങ്ങൾ നഷ്ടമായി. ഈ പ്രവണത 1945 ലും തുടർന്നു. ആ വർഷം 7.82 ലക്ഷം തൊഴിലാളികൾ സമരത്തിനിറങ്ങിയപ്പോൾ 33.4 ലക്ഷം തൊഴിൽദിനങ്ങളാണ് നഷ്ടമായത്. ഈ സമരങ്ങൾ തൊഴിലാളികളുടെ സാമ്പത്തിക ആവശ്യങ്ങൾ നേടിയെടുക്കാൻ മാത്രമായിരുന്നില്ല, മറിച്ച് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കൊളോണിയൽ ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടാൻ കൂടി വേണ്ടി ആയിരുന്നു. അതുകൊണ്ടുതന്നെ തൊഴിലാളി വർഗം നടത്തിയ സമരങ്ങൾ സ്വാതന്ത്ര്യ സമരവുമായി ഇഴ ചേർന്നിരുന്നു. ഈ സമരങ്ങൾ സ്വാതന്ത്ര്യ പ്രക്ഷോഭത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു എന്ന് മാത്രമല്ല, പൂർണ സ്വരാജ്, ഇൻക്വിലാബ് സിന്ദാബാദ് തുടങ്ങിയ വിപ്ലവാത്മകമായ മുദ്രാവാക്യങ്ങളിലൂടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് മൂർച്ചയേകുകയും ചെയ്തു. തൂക്കുകയറുകളെപ്പോലും കിടിലം കൊള്ളിച്ച മുദ്രാവാക്യങ്ങളായിരുന്നു അവ.



സ്വാതന്ത്ര്യത്തിലേക്കുള്ള വഴിയിൽ എത്രയോ ജീവത്യാഗങ്ങൾ, രക്തസാക്ഷിത്വങ്ങൾ. ഇതെല്ലാമാണ് ഒരു ആധുനിക ഇന്ത്യയുടെ പിറവി സാധ്യമാക്കിയത്. എന്നാൽ വിപ്ലവകരമായ പരിവർത്തനം എന്ന പ്രക്രിയയെ സ്വാതന്ത്ര്യ പ്രസ്ഥാനത്തെ നയിച്ച നേതാക്കളിൽ മുതലാളിത്ത പക്ഷക്കാർ ദുർബലമാക്കി. ഈ നിലപാടുകൾ സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വർഷത്തിൽ സാധൂകരിക്കപ്പെടുകയാണ്.

### വിഭാഗീയ ശക്തികൾക്ക് എന്നും വിധേയത്വം ബ്രിട്ടീഷ് സിംഹാസനത്തോട്

തൊഴിലാളി വർഗ സമരങ്ങളിൽ മേല്പറഞ്ഞ വിപ്ലവാഭിമുഖ്യം ശക്തമാകുമ്പോൾ ബ്രിട്ടീഷ് ഭരണകൂടം വിഭാഗീയ ശക്തികളെ താലോലിക്കുകയായിരുന്നു. നാട്ടുരാജാക്കന്മാരിൽ ചിലരുടെ ആശ്രിതരായിരുന്ന ആ വിഭാഗീയ വർഗീയ ശക്തികൾ ബ്രിട്ടനോട് വിധേയത്വം പുലർത്തിയിരുന്നു. 1925 ൽ രാഷ്ട്രീയ സ്വയം സേവക് സംഘ് രൂപം കൊണ്ടതോടെ ഈ പ്രവണതയ്ക്ക് കൂടുതൽ ശക്തി ലഭിച്ചു. അതിന്റെ തുടർച്ചയായി 1930 ൽ പാകിസ്ഥാൻ എന്ന പ്രത്യേക മുസ്ലിം രാഷ്ട്രത്തിനായുള്ള അഖിലേന്ത്യ മുസ്ലിം ലീഗിന്റെ മുറവിളിയ്ക്കും ശക്തികൂടി.

ആർഎസ്എസ് ആചാര്യൻ വി ഡി സവർക്കർ, മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി എന്നിവരുടെ ദയാഹർജികളും കുറ്റസമ്മതങ്ങളും ആർഎസ്എസിന്റെ ബ്രിട്ടീഷ് വിധേയത്വത്തിനു തെളിവാണ്.

ഗവർണർ ജനറലിൽ ആഭ്യന്തര കൗൺസിൽ അംഗം സർ റെജിനാൾഡ് ക്രാഡോക്ക് 1913 ഒക്ടോബർ നവംബർ മാസങ്ങളിൽ ആൻഡമാൻ സന്ദർശിച്ചപ്പോൾ അന്ന് സെല്ലുലാർ ജയിലിലെ 32778 നമ്പർ കുറ്റവാളി വി ഡി സവർക്കർ 1913 നവംബർ 14 നു നൽകിയ ദയാഹർജിയിലെ ഭാഗങ്ങൾ വായിക്കുമ്പോൾ ഞെട്ടലുളവാകും.

ഇത് സവർക്കറുടെ ഏക മാപ്പപേക്ഷ അല്ല. 1911, 1913, 1914, 1918, 1920 വർഷങ്ങളിലും അദ്ദേഹം ബ്രിട്ടീഷ് അധികാരികൾക്ക് മാപ്പപേക്ഷ സമർപ്പിച്ചു. 1911, 1914, 1918 വർഷങ്ങളിലെ മാപ്പപേക്ഷകളെ കുറിച്ച് പരാമർശം ഉണ്ടെങ്കിലും അവയുടെ ഉള്ളടക്കം ആർക്കൈവുകളിൽ ലഭ്യമല്ല.

**1913 നവംബർ 14 നു വി.ഡി. സവർക്കർ നൽകിയ ദയാഹർജിയിലെ ഭാഗങ്ങൾ**

> “താഴെ പറയുന്ന കാര്യങ്ങൾ ഞാൻ താങ്കളുടെ പരിഗണനയ്ക്കായി താഴ്മയോടെ സമർപ്പിക്കുന്നു: ......” എന്നെ വഴികാട്ടിയായി കാണുന്ന ഇന്ത്യയിലെയും വിദേശത്തെയും വഴി തെറ്റിപ്പോയ യുവാക്കളെ തിരിച്ചു കൊണ്ടുവരാൻ നമ്മൾ നടത്തിയ സംഭാഷണം ഗുണം ചെയ്യും. ബ്രിട്ടീഷ് സർക്കാരിനെ ഏതു നിലയിലും അവർ ആഗ്രഹിക്കുന്ന പോലെ സേവിക്കാൻ ഞാൻ തയ്യാറാണ്. എന്റെ മനംമാറ്റം എന്റെ മനസാക്ഷിയുടെ തീരുമാന പ്രകാരമാണ്. ഭാവിയിലും ഇത് തന്നെയായിരിക്കും എന്റെ സ്വഭാവം. എന്നെ ജയിലിൽ അടച്ചാൽ ഒന്നും ലഭിക്കില്ല. മരിച്ചാൽ താരതമ്യമില്ലാത്ത കാര്യങ്ങൾ ലഭിക്കും. അവിടുന്ന് എന്നോട് കരുണകാട്ടുന്ന പക്ഷം മുടിയനായ പുത്രൻ വീട്ടിലേക്ക് മടങ്ങി വരുന്ന പോലെ ഞാൻ സർക്കാരിനു മുന്നിലെത്താം. എന്റെ ഈ അപേക്ഷ അവിടുന്ന് കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു. ”

സ്വാതന്ത്ര്യ സമരത്തിൽ ആർഎസ്എസിന്റെ പങ്കാളിയായിരുന്നു എന്ന എ .ബി വാജ്പേയിയുടെ അവകാശവാദം പൊളിയുന്നത് 27.8.1942ന് ബടേശ്വർ ഫോറസ്റ്റ് ഓഫിസിൽ നടത്തിയ ഘരാവോയുടെ വിശദാംശങ്ങൾ പരിശോധിക്കുമ്പോഴാണ്. ക്വിറ്റ് ഇന്ത്യ സമരത്തിന്റെ ഭാഗമായിരുന്നു ആ ഘരാവോ. 1.9.1942 നു ആഗ്ര സെക്കൻഡ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച മാപ്പപേക്ഷയിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു:

> “ഞാൻ ആൾക്കൂട്ടത്തിന്റെ ഭാഗമായിരുന്നുവെങ്കിലും ആ സമരത്തിന്റെ ലക്ഷ്യങ്ങളോട് എനിക്ക് താല്പര്യമില്ല. അക്രമ സംഭവങ്ങളിൽ ഒന്നും ഞാൻ പങ്കാളിയായിട്ടില്ല.”

### ഫാസിസ്റ്റ് മുസോളിനി - മുഞ്ചേ ബന്ധം

ഭഗത് സിങ്ങിനെയും അദ്ദേഹത്തിന്റെ രണ്ടു സഖാക്കളെയും ബ്രിട്ടീഷ് ഗവണ്മെന്റ് തൂക്കിലേറ്റിയതിനെതിരെ രോഷവും അമർഷവും രാജ്യത്തു പടരുന്ന കാലത്ത് തന്നെയാണ് ഹിന്ദു മഹാസഭ പ്രസിഡന്റ് ഡോ. ബി എസ് മുഞ്ചേ (അദ്ദേഹം 1927 1937 കാലത്തു ഈ ചുമതലയിൽ ഉണ്ടായിരുന്നു. തുടർന്നാണ്





സവർക്കർ പ്രസിഡന്റ് ആകുന്നത്.) ഇറ്റലിയിലെ ഫാസിസ്റ്റു ഏകാധിപതി ബെനിറ്റോ മുസോളിനിയെ 1931 ൽ ചെന്ന് കണ്ടത്. ആർഎസ്എസ് സ്ഥാപകൻ ഡോ. ഹെഡ്ഗേവാറിന്റെ രാഷ്ട്രീയ ആചാര്യൻ ആയിരുന്നു ഡോ. മുഞ്ചേ. ഫാസിസ്റ്റ് നാസി

പ്രത്യയ ശാസ്ത്രങ്ങളോട് അടുത്ത ആഭിമുഖ്യമുള്ള ആളായിരുന്ന മുഞ്ചേ. ഹിന്ദു യുവാക്കൾക്ക് പരിശീലനം നൽകാനും അവരെ സ്വാധീനിക്കാനുമായി ബോൺസാലയിൽ ഒരു സൈനിക സ്കൂൾ ആരംഭിച്ചിരുന്നു. ഈ ചിന്താധാരയുടെ ഉത്പന്നങ്ങളായിരുന്നു ഗാന്ധി ഘാതകരായ നാഥുറാം ഗോഡ്സെയും ഗോപാൽ ഗോഡ്സെയും.

## അവരുടെ രേഖകൾ സത്യം വെളിപ്പെടുത്തുന്നു:

ആർഎസ്എസിന്റെ രണ്ടാം സർസംഘചാലക് എം എസ് ഗോൾവാൾക്കർ എഴുതിയ ലേഖനങ്ങളിൽ നിന്ന് ആർഎസ്എസ് നേതൃത്വത്തിന് സ്വാതന്ത്ര്യ സമരത്തോടുള്ള നിഷേധ സമീപനം വ്യക്തമാണ്. ശ്രീ ഗുരുജി സമഗ്ര ദർശൻ നാലാം വാല്യത്തിലെ പേജ് 39 ൽ ഇങ്ങനെ പറയുന്നു:

“ രാജ്യത്ത് നടക്കുന്ന സംഭവ വികാസങ്ങൾ മൂലം മനസ്സ് സംഘർഷ ഭരിതമാണ്. 1942 -ലും ഇങ്ങനെ ഒരു സംഘർഷം ഉണ്ടായിരുന്നു. 1930-31ൽ ഒരു ജനമുന്നേറ്റമുണ്ടായപ്പോൾ ജനങ്ങൾ കുറേപേർ ഡോക്ടർജി (ഹെഡ്ഗേവാർ)യെ ചെന്നുകണ്ടു. ഈ സമരം രാജ്യത്തിന് സ്വാതന്ത്ര്യം നേടിക്കൊടുക്കുമെന്നും നമ്മൾ അലസരായി ഇരുന്നുകൂടെന്നും ജനങ്ങൾ ബോധിപ്പിച്ചു. ”

രാജ്യത്തിന് വേണ്ടി ജയിലിൽ പോകാനും തയ്യാറാണെന്നും അവരിലൊരാൾ ഡോക്ടർജിയോട് പറഞ്ഞു. അദ്ദേഹം പ്രതിവചിച്ചു: 'തീർച്ചയായും ജയിലിൽ പോകാം. പക്ഷെ നിങ്ങളുടെ കുടുംബത്തെ ആര് സംരക്ഷിക്കും?

ആ അനുചരൻ പറഞ്ഞു: രണ്ടു വർഷത്തേക്ക് കുടുംബത്തിന് കഴിയാനുള്ള എല്ലാ കാര്യങ്ങളും ഞാൻ ചെയ്തു വച്ചിട്ടുണ്ട്. എല്ലാ ചെലവുകൾക്കും ഉള്ള കാര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. അപ്പോൾ ഡോക്ടർജി അയാളോട് പറഞ്ഞു: ഇത്രയും ഒരുക്കങ്ങൾ നിങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് രണ്ടു വർഷം സംഘത്തിന് വേണ്ടി പ്രവർത്തിച്ചുകൂടാ? അന്ന് വീട്ടിലേക്ക് മടങ്ങിയ ആ മനുഷ്യൻ പിന്നീട് ജയിലിൽ പോയില്ല, സംഘത്തിന് വേണ്ടി പ്രവർത്തിച്ചതുമില്ല.

അതുപോലെ തന്നെ 1942 ൽ ഇതുപോലൊരു സംഘർഷാവസ്ഥയിൽ ഗോൾവാൾക്കർ ഒരു നിർദേശം പുറത്തിറക്കി.ആർഎസ്എസിന്റെ പതിവ് പ്രവർത്തനം തുടരുകയെന്നും ബ്രിട്ടീഷുകാരെ അലോസരപ്പെടുത്തുന്ന ഒന്നും ചെയ്യാൻ പാടില്ലെന്നുമായിരുന്നു ആ നിർദേശത്തിന്റെ ഉള്ളടക്കം.

“1942 ജനങ്ങളുടെ മനസ്സിൽ ശക്തമായ വികാരം ആളിക്കത്തി. ആ സമയത്തും സംഘ് അതിന്റെ പതിവ് പ്രവർത്തനങ്ങൾ തുടർന്നു. ഒന്നും നേരിട്ട് ചെയ്യേണ്ടെന്ന് സംഘ് തീരുമാനിച്ചു.' ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടം തങ്ങളുടെ കാര്യപരിപാടിയിലേ ഇല്ല എന്നാണ് ഈ ആർഎസ്എസ് ആചാര്യൻ ഇതിലൂടെ വ്യക്തമാക്കിയത്.

"ഒരു കാര്യം നാമോർക്കണം, സ്വാതന്ത്ര്യത്തെക്കുറിച്ചു നാം പ്രതിബദ്ധരാകേണ്ടത് നമ്മുടെ മതവും സംസ്കാരവും സംരക്ഷിച്ചുകൊണ്ടുള്ള സ്വാതന്ത്ര്യത്തിനു വേണ്ടിയാകണം. ഇന്ത്യയിൽ നിന്ന് ബ്രിട്ടീഷുകാർ മടങ്ങിപ്പോകുക എന്നത് അതിൽ പെടില്ല.”

(ശ്രീ ഗുരുജി സമഗ്ര ദർശൻ, വാല്യം 4, പേജ് 40)

## അവകാശ വാദം തള്ളുന്ന ജീവചരിത്രം

ആർഎസ്എസ് പുറത്തിറക്കിയ ഹെഡ്ഗേവാറിന്റെ ജീവചരിത്രത്തിൽ ഇപ്രകാരം പറയുന്നു: ഗാന്ധിജി 1930 ൽ ഉപ്പ് സത്യാഗ്രഹം തുടങ്ങിയപ്പോൾ ഒരിടത്തു പോലും അതുമായി സംഘം സഹകരിക്കേണ്ടെന്ന് ഹെഡ്ഗേവാർ പ്രവർത്തകർക്ക് നിർദേശം നൽകി.സംഘത്തിന്റെ ഉത്തരവാദപ്പെട്ട ഒരാൾ പോലും അതിൽ പങ്കെടുക്കരുതെന്നാണ് അതുകൊണ്ട് അർത്ഥമാക്കിയത്. 1946 ലെ നാവിക കലാപത്തിന് പിന്നാലെ 1947 മാർച്ചിൽ ഇന്ത്യയിൽ നിന്ന് വിട്ടുപോകാൻ ബ്രിട്ടൻ തീരുമാനിച്ചപ്പോഴും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാൻ താല്പര്യം കാണിച്ച ആർഎസ്എസ്സുകാരെ നിരന്തരമായി വിമർശിക്കുകയാണ് ഗോൾവർക്കർ ചെയ്തത്.



എങ്കിലും ഹെഡ്ഗേവാർ സ്വന്തം നിലയ്ക്ക് സമരത്തിൽ പങ്കെടുത്ത ജയിലിൽ പോയത് സ്വാതന്ത്ര്യ സമരക്കാരൻ എന്ന നിലയ്ക്ക് പ്രചോദിതൻ ആയിട്ടല്ല. ആർഎസ്എസ് പ്രസിദ്ധീകരിച്ച ജീവചരിത്രത്തിലെ വിവരങ്ങൾ പ്രകാരം “ഹെഡ്ഗേവാർ ജയിലിൽ പോയത് സ്വാതന്ത്ര്യദാഹികളായ ത്യാഗസന്നദ്ധരായ ഒരു മികച്ച ആൾകൂട്ടം ജയിലിൽ ഉണ്ടാകുമെന്നും അവരുമായി സംസാരിച്ചു അവരെ സംഘ് പ്രത്യയശാസ്ത്രത്തിന്റെ ആളുകളാക്കി മാറ്റാമെന്ന ആത്മവിശ്വാസത്തോടെ ആയിരുന്നു.”

ഹിന്ദു-മുസ്ലിം വിഭാഗീയ ശക്തികൾ കോൺഗ്രസ് കേഡർമാരെ തങ്ങളുടെ ഭിന്നിപ്പിക്കൽ പ്രവത്തനങ്ങൾക്ക് ഉപയോഗിക്കുന്നത് ശ്രദ്ധയിൽ പെട്ട എഐസിസി ഒരു പ്രമേയം പാസാക്കി. കോൺഗ്രസിലെ അംഗങ്ങൾ ഒരാൾ പോലും ആർഎസ്എസ്, ഹിന്ദു മഹാസഭ, മുസ്ലിം ലീഗ് എന്നീ സംഘടനകളിൽ അംഗങ്ങൾ ആകരുതെന്നായിരുന്നു ആ പ്രമേയം പറഞ്ഞത്.

1940 ഡിസംബറിൽ ഗാന്ധിജി ക്വിറ്റ് ഇന്ത്യ എന്ന മുദ്രാവാക്യമുയർത്തി സത്യാഗ്രഹം ആരംഭിച്ച സമയത്ത് ആഭ്യന്തര വകുപ്പ് അയച്ച ഒരു കുറിപ്പിൽ കൊളോണിയൽ സർക്കാരും ആർഎസ്എസ് നേതാക്കളും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നുണ്ട്. 'കൂടുതൽ കൂടുതൽ ആർഎസ്എസ് പ്രവർത്തകരെ സിവിക് ഗാർഡുകളാക്കി മാറ്റുന്നതിന് നേതാക്കൾ വാഗ്ദാനം നൽകിയിട്ടുണ്ട് എന്നാണ് ആ കുറിപ്പിൽ പറയുന്നത്. 'ആഭ്യന്തര സുരക്ഷ പാലിക്കാൻ വേണ്ടി കോളനി സർക്കാർ ഏർപ്പെടുത്തിയ പ്രത്യേക സംവിധാനമാണ് സിവിക് ഗാർഡ്സ്.

## ആർഎസ്എസും അതിന്റെ പങ്കും ബ്രിട്ടീഷ് രേഖകൾ എന്ത് പറയുന്നു

ക്വിറ്റ് ഇന്ത്യ സമരം തുടങ്ങി ഒന്നര വർഷം പിന്നിട്ടപ്പോൾ ബ്രിട്ടീഷ് രാജിലെ ബോംബെ ഗവൺമെന്റിന്റെ ഒരു രേഖയിൽ ഇങ്ങനെ പറയുന്നു: ആർഎസ്എസ് പ്രവർത്തകർ നിയമത്തിനുള്ളിൽ നിന്നുകൊണ്ടാണ് പ്രവർത്തിക്കുന്നത്. മാത്രവുമല്ല പ്രക്ഷോഭകരിൽ നിന്ന് അകലം പാലിക്കുകയും ചെയ്യുന്നു." സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാതിരിക്കുന്നതിനു ആർഎസ്എസ് നേതാക്കൾ വിചിത്രമായ കാരണങ്ങളാണ്നിരത്തിയത്.

ബംഗാളിൽ മുപ്പത് ലക്ഷം ഇന്ത്യക്കാരുടെ മരണത്തിന് ഇടയാക്കിയ ബ്രിട്ടീഷ് നിർമിത ക്ഷാമത്തിനു മാസങ്ങൾക്കു ശേഷം 1942 ജൂണിൽ ഗോൾവാൾക്കർ ഒരു പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു:

"സമൂഹത്തിന്റെ ഇപ്പോഴത്തെ ദയനീയാവസ്ഥക്ക് സംഘ് ആരെയും കുറ്റപ്പെടുത്തുന്നില്ല. ജനങ്ങൾ മറ്റുള്ളവരെ കുറ്റപ്പെടുത്താൻ തുടങ്ങുമ്പോൾ അവരിൽ അടിസ്ഥാനപരമായ ദൗർബല്യങ്ങൾ ഉണ്ടാകും. ദുർബലരോട് ശക്തർ അനീതി ചെയ്യുമ്പോൾ അവരെ കുറ്റപ്പെടുത്തുന്നത് അർത്ഥശൂന്യമാണ്. മറ്റുള്ളവരെ കുറ്റപ്പെടുത്തി വിലയേറിയ സമയം നഷ്ടപ്പെടുത്താൻ സംഘത്തിന് താല്പര്യമില്ല. വലിയ മീനുകൾ ചെറുമീനുകളെ തിന്നുമെന്ന കാര്യം നമുക്കറിയാം. അതിനു വലിയ മീനുകളെ നമ്മൾ കുറ്റപ്പെടുത്തുന്നത് തീർച്ചയായും ഭ്രാന്താണ്. തെറ്റായാലും ശരിയായാലും പ്രകൃതി നിയമമാണ് സത്യം."



30.1.1948ന് ഗാന്ധിയെ ഗോഡ്സെ വധിച്ചതിന് ദിവസങ്ങൾക്കു പിന്നാലെ ആർഎസ്എസ് നേതാക്കൾ അറസ്റ്റിലാവുകയും സംഘടനയെ നിരോധിക്കുകയും ചെയ്തു. 1948 ഫെബ്രുവരി നാലിന് സർക്കാർ ഒരു പ്രസ്താവനയിൽ ഇങ്ങനെ വിശദീകരിച്ചു.

"രാജ്യത്തെ ദുർബലപ്പെടുത്താനും സ്വാതന്ത്ര്യത്തെ തകർക്കാനും ശ്രമിക്കുന്ന വെറുപ്പിന്റെയും അതിക്രമത്തിന്റെയും ശക്തികളെ ഉൻമൂലനം ചെയ്യുന്നതിന് വേണ്ടി രാഷ്ടീയ സ്വയംസേവക് സംഘിനെ നിരോധിക്കാൻ ഇന്ത്യ സർക്കാർ തീരുമാനിച്ചിരിക്കുന്നു."

രാജ്യത്തിന്റെ പല ഭാഗങ്ങളിലും ആർഎസ്എസ് പ്രവർത്തകർ അതിക്രമങ്ങളിലും കൊള്ളിവയ്പ്പിലും കൊള്ളയിലും മോഷണത്തിലും കൊലപാതകത്തിലും നിയമ വിരുദ്ധമായി ആയുധങ്ങളും വെടിക്കോപ്പുകളും സംഭരിക്കുന്നതിലും ഏർപ്പെടുന്നുണ്ട്. തീവ്രവാദ പ്രവർത്തനങ്ങളിലേക്ക് ജനങ്ങളെ പ്രേരിപ്പിക്കുന്നതിനും ആയുധം ശേഖരിക്കുന്നതിനും ജനങ്ങളെ പ്രേരിപ്പിച്ചുകൊണ്ട് ലഘുലേഖകൾ വിതരണം ചെയ്യുന്നുണ്ട്. അവരുടെ അക്രമങ്ങൾ മൂലം നിരവധി പേര് കൊല്ലപ്പെടുന്നുണ്ട്. ഏറ്റവും ഒടുവിൽ ഗാന്ധിജിയുടെ വിലയേറിയ ജീവൻ നഷ്ടപ്പെട്ടു. ഈ സാഹചര്യത്തിൽ തീവ്രമായ അതിക്രമങ്ങൾ അവർത്തിക്കാതിരിക്കാൻ ഫലപ്രദമായി ശ്രദ്ധിക്കേണ്ടത് സർക്കാരിന്റെ കടമയാണ്. അതിനു അന്ത്യം കാണുന്നതിനായി ആർഎസ്എസിനെ നിയമവിരുദ്ധ പ്രസ്ഥാനമായി പ്രഖ്യാപിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.' ഇപ്പോൾ തങ്ങളുടേതെന്ന് ആർഎസ്എസ് അവകാശപ്പെടുന്ന സർദാർ വല്ലഭായ് പട്ടേൽ അതേ വർഷം സെപ്റ്റംബറിൽ ഗോൾവാർക്കറിന് എഴുതിയ കത്തിൽ നിരോധനത്തിനുള്ള കാരണങ്ങൾ വിശദീകരിക്കുന്നുണ്ട്.

●

**ആർഎസ്എസ് നേതാക്കളുടെ പ്രസംഗം പൂർണമായും വർഗീയ വിഷം നിറഞ്ഞതാണ് . ആ വിഷത്തിന്റെ ഒടുവിലത്തെ ഫലമെന്നോണമാണ് ഗാന്ധിജിയുടെ അമൂല്യമായ ജീവൻ രാജ്യത്തിനു ത്യജിക്കേണ്ടി വന്നത്.**

●

സർക്കാരിനോ ജനങ്ങൾക്കോ ആർഎസ്എസിനോട് ഒരു തരിമ്പു പോലും സഹതാപമില്ല. വാസ്തവത്തിൽ എതിർപ്പ് വർധിക്കുകയാണ്. ഗാന്ധിജി കൊല്ലപ്പെട്ടതിന് ആഹ്ലാദം പ്രകടിപ്പിച്ചു ആർഎസ്എസ് പ്രവർത്തകർ മധുരം വിതരണം ചെയ്യതോടെ ആ എതിർപ്പ് രൂക്ഷമായി. ഈ സാഹചര്യത്തിൽ ആർഎസ്എസിന് എതിരെ നടപടി അനിവാര്യമായിരിക്കുന്നു.'

1948 ജൂലായിൽ പട്ടേൽ ഹിന്ദുമഹാ സഭ നേതാവ് ശ്യാമ പ്രസാദ്


The Times of India

MAHATMA GANDHI ASSASSINATED AT DELHI

MARATHA FROM POONA FIRES AT POINT-BLANK RANGE

FUNERAL TODAY AT JUMNA GHAT

COUNTRY-WIDE GRIEF

മുഖർജിക്കും സമാനമായ ഒരു കത്ത് എഴുതി:

## ആർഎസ്എസിന്റെ ഹൃദയത്തിൽ മനുസ്മൃതി

ഭരണഘടനാ നിർമാണ സമിതി ഭരണഘടനയുടെ കരട് നിർമാണം പൂർത്തീകരിച്ചതിനു നാല് മാസത്തിനു ശേഷം അതായത് 1949 നവംബർ മുപ്പതിന് ഇറങ്ങിയ ഓർഗനൈസറിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. അതിൽ ഇങ്ങനെ പറഞ്ഞു:

> **"പക്ഷെ നമ്മുടെ ഭരണഘടനയിൽ പ്രാചീന ഭാരതത്തിലെ ഉദാത്തമായ ഭരണഘടനാ വികാസത്തെക്കുറിച്ചു പരാമർശമില്ല. ഇന്ന് വരെ മനസ്മൃതിയിൽ ഉള്ള മനുവിന്റെ നിയമങ്ങൾ ലോകത്തിന്റെ ആകെ ആരാധനയ്ക്ക് പാത്രമായിട്ടുണ്ട്. പക്ഷെ നമ്മുടെ ഭരണഘടനാ പണ്ഡിതർക്ക് അതൊന്നും ഒന്നുമല്ല."**

അതുവഴി അതിന്റെ ചിന്താപദ്ധതിക്ക് ഒരു വിധ്വംസക സ്വഭാവം നൽകി.

ഭരണഘടനയേക്കാൾ മുന്തിയ സ്ഥാനമാണ് അവർ മനുസ്മൃതിക്ക് നൽകുന്നത്. ബ്രാഹ്മണരെ സേവിക്കാൻ മാത്രമായി സേവനം നടത്തേണ്ടതാണ് ശൂദ്രരുടെ യഥാർഥത്തിലുള്ള കർമം എന്നും അതല്ലാത്ത കർമം ഫലശൂന്യമാണെന്നും പ്രഖ്യാപിക്കുന്ന നിയമ സംഹിതയാണ് മനുസ്മൃതി. ശൂദ്രൻ സ്വത്ത് സമ്പാദിക്കരുതെന്ന് മനുസ്മൃതി വിലക്കുന്നുണ്ട്.

"ശൂദ്രന് കഴിവുണ്ടെങ്കിലും അവൻ പണം സമ്പാദിക്കുന്നത് ബ്രാഹ്മണർക്ക് വേദന ഉണ്ടാക്കും". ഭരണഘടനയ്ക്ക് പകരം മനുസ്മൃതി നടപ്പാക്കണമെന്ന ആർഎസ്എസ് പ്രചാരണം തുടർന്നുള്ള വർഷം മുതൽ നടന്നു. രാജ്യം ഭരണഘടന അംഗീകരിച്ചതിന് ശേഷവും അത് തുടർന്നു. ' മനു നമ്മുടെ ഹൃദയങ്ങളെ ഭരിക്കുന്നു ' എന്ന ശീർഷകം ഉള്ള മുഖപ്രസംഗത്തിലാകെ നിഷേധത്തിന്റെ സ്വരമാണ് ഉണ്ടായിരുന്നത്.

## നിലവിലുള്ള രാഷ്ട്രീയ സംവിധാനം ലജ്ജാശൂന്യരായ ചതിയന്മാരുടെ സങ്കേതം

ഫാസിസ്റ്റ് സ്വഭാവമുള്ള ആർഎസ്എസ്സിന്റെ കൈയിലാണ് മോഡി നയിക്കുന്ന ബിജെപി എൻഡിഎ സർക്കാരിന്റെയും വിവിധ സംസ്ഥാന സർക്കാരുകളുടെയും റിമോട്ട് കൺട്രോൾ. സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷമുള്ള എഴുപത്തഞ്ചു വർഷത്തെ മാറ്റമാണിത്. ഈ വർഷത്തെ സ്വാതന്ത്ര്യത്തിന്റെ അമൃത വർഷമായി കണക്കാക്കുന്നുണ്ടെങ്കിലും ഇന്ത്യ എന്ന ആശയത്തെ നശിപ്പിക്കാനുള്ള ഗൂഢപദ്ധതികൾ ആണ് നടപ്പാക്കുന്നത്.

നിലവിലുള്ള ഭരണത്തിന്റെ രാഷ്ടീയ സമ്പദ്ഘടന എന്നത് നവലിബറൽ നയങ്ങളുടെ നിലയ്ക്കാത്ത പ്രയോഗങ്ങൾ വഴി ഭരണവർഗത്തിന്റെ താൽപര്യം സംരക്ഷിക്കലാണ്. മിച്ചമൂല്യം ഏറ്റെടുത്തും രാജ്യത്തിന്റെ സമ്പത്ത് ആകെ കൊള്ളയടിച്ചും ചുരുക്കം ചില സ്വകാര്യ കമ്പനികൾക്ക് ലാഭം ഉണ്ടാക്കിക്കൊടുക്കലാണ് ലക്ഷ്യം.

വർഗത്തെ ഒരു സ്വത്വം എന്ന നിലയിൽ നിഷേധിക്കുന്ന പോസ്റ്റ് മോഡേൺ ചിന്തകൾ വിഭാഗീയ ശക്തികൾക്ക് മത, ജാതി, ഉപജാതി, ഭാഷാ, പ്രാദേശിക സ്വത്വങ്ങൾ ശക്തമായി മുന്നോട്ടു വയ്ക്കാൻ അവസരം നൽകുന്നു. ഭരണ സംവിധാനത്തിലെ വർഗീയ കോർപറേറ്റ് ബാന്ധവം ഒരു വശത്ത് നവലിബറലിസം തീവ്രതയോടെ നടപ്പാക്കുമ്പോൾ മറുവശത്ത് വിഭാഗീയ ശക്തികളെ പ്രോത്സാഹിപ്പിക്കുന്നു. ഇതിന് അവർക്കുള്ള പ്രേരണ എം എസ് ഗോൾവാൾക്കർ 1939ൽ എഴുതിയ 'വിചാരധാര' 1966ൽ എഴുതിയ 'നാം അഥവാ നമ്മുടെ ദേശീയത നിർവചിക്കപ്പെടുന്നു ' എന്നീ പുസ്തകങ്ങൾ ആണ്. ഇന്ത്യൻ ഭരണഘടന അല്ല അവർക്ക് പ്രധാനം. ദേശം,

ദേശീയത, സ്റ്റേറ്റ് എന്നിവയെ കുറിച്ചുള്ള ആർ എസ് എസ് ആശയങ്ങളാണ് ആദ്യപുസ്തകം വരച്ചിടുന്നതെങ്കിൽ രണ്ടാമത്തെ പുസ്തകം ഈ ആശയങ്ങൾ സ്പഷ്ടമാക്കുന്നതിനൊപ്പം രാജ്യത്തിന്റെ ആഭ്യന്തര ശത്രുക്കൾ മുസ്ലിങ്ങളും ക്രിസ്ത്യാനികളും കമ്യൂണിസ്റ്റുകാരും ആണെന്ന് പ്രഖ്യാപിക്കുകയും അഖണ്ഡ ഭാരതത്തിനു വേണ്ടി വാദിക്കുകയും ചെയ്യുന്നു.

സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വർഷത്തിൽ ആർ എസ് എസ് കേന്ദ്രത്തിലും വിവിധ സംസ്ഥാനങ്ങളിലും ഉള്ള സർക്കാരുകളിലൂടെയും ഈ ആശയങ്ങൾ അടിച്ചേൽപ്പിക്കുകയാണ്. ഇത്തരം വിഷലിപ്തമായ ആശയങ്ങളും സിദ്ധാന്തങ്ങളും ശക്തമായും നിരന്തരമായും നടപ്പാക്കുന്ന ഇതേ വഞ്ചകക്കൂട്ടം തന്നെയാണ് പണ്ട് സ്വാതന്ത്ര്യസമരത്തെ ഒറ്റിക്കൊടുത്തത്. ദൗർഭാഗ്യം എന്ന് പറയട്ടെ അവരിന്ന് രാജ്യത്തിന്റെ ഭരണത്തിന്റെ തലപ്പത്ത് ഇരുന്നുകൊണ്ട്, സ്വതന്ത്ര ഇന്ത്യ ഏഴര പതിറ്റാണ്ട് കൊണ്ട് നേടിയെടുത്ത എല്ലാ നേട്ടങ്ങളും തകർക്കാനുള്ള വിനാശകരമായ യുദ്ധം പ്രഖ്യാപിച്ചിരിക്കയാണ്. ഭരണഘടനയ്ക്കു പകരം മനുസ്മൃതിയെ സ്ഥാപിക്കാനുള്ള സംഘപരിവാറിന്റെ ഗൂഢശ്രമത്തിൽ മതം, ജാതി, വംശ എന്നിവയ്ക്ക് അതീതമായ മാനുഷിക ഐക്യവും സ്വാശ്രയ സമ്പദ്ഘടനയും ജനാധിപത്യ സ്ഥാപനങ്ങളും ഭരണഘടനാ മൂല്യങ്ങളുമെല്ലാം തകർക്കപ്പെടുകയാണ്. ആസാദി




കാ അമൃത് മഹോത്സവം എന്ന പ്രയോഗം തന്നെ ജനങ്ങളെ വിഡ്ഢികളാക്കാനും വഞ്ചിക്കാനും വേണ്ടിയുള്ളതാണ്. ഈ കാപട്യം തുറന്നു കാണിക്കുകയും ചെറുത്തുതോൽപ്പിക്കുകയും വേണം.

## തൊഴിലാളി വർഗത്തിന് വഹിക്കാനുള്ള പങ്ക്

രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ ചരിത്രപരമായ പങ്കുവഹിച്ച ഇന്ത്യൻ തൊഴിലാളി വർഗം അതിനൊപ്പം തന്നെ സാമ്രാജ്യത്വവിരുദ്ധതയുടെ കൊടി ഉയർത്തിപ്പിടിക്കുകയും രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി പോരാടുകയും വർഗതാൽപര്യം ഉയർത്തിപ്പിടിക്കുകയും ചെയ്തിരുന്നു. സ്വാതന്ത്ര്യത്തെ ഒറ്റിക്കൊടുക്കുകയും ബ്രിട്ടീഷുകാരോട് വിധേയത്വം പുലർത്തുകയും ചെയ്തവരാണ് രാജ്യത്തിന്റെ ഐക്യം, ദേശീയ അഖണ്ഡത, സ്വാശ്രയത്വം എന്നീ അടിസ്ഥാന മൂല്യങ്ങൾക്കു നേരെ ഇന്ന് ഗുരുതരമായ വെല്ലുവിളികൾ ഉയർത്തുന്നത്. ഈ സാഹചര്യത്തിൽ അതിനെതിരെ മുന്നോട്ടു വരുകയെന്ന ചരിത്രപരമായ ഉത്തരവാദിത്തം തൊഴിലാളി വർഗത്തിനാണ് ഉള്ളത്.

ഈ ചരിത്രപരമായ ചുമതല നിർവഹിക്കാൻ തൊഴിലാളി വർഗം തയ്യാറാണെന്ന് രാജ്യത്തെ രക്ഷിക്കുക, ജനങ്ങളെ രക്ഷിക്കുക എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തി കഴിഞ്ഞ മാർച്ച് 28, 29 തീയതികളിൽ നടന്ന ദേശീയ പണിമുടക്കിലൂടെ പ്രഖ്യാപിച്ചു കഴിഞ്ഞു. ഈ സമരം ഇനിയും വിപുലമാക്കേണ്ടതുണ്ട്. അധ്വാനിക്കുന്ന എല്ലാ ജനവിഭാഗങ്ങളെയും തൊഴിലാളികളെയും കർഷകത്തൊഴിലാളികളെയും എല്ലാ പുരോഗമനേച്ഛുക്കളെയും ഒരുമിപ്പിച്ചു കൊണ്ട്

ഈ സമരം ശക്തിപ്പെടുത്തണം. രാജ്യത്തെ വഞ്ചിച്ച, സ്വയം പ്രഖ്യാപിത ദേശസ്നേഹികൾ രാജ്യത്തിന് സമ്പത്ത് സൃഷ്ടിക്കുന്ന തൊഴിലാളികളുടെയും കർഷകരുടെയും അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെയും താൽപര്യത്തിന് എതിരു നിൽക്കുകയാണ്. അവർ സംരക്ഷിക്കുന്നത് വിദേശ കോർപറേറ്റ് യജമാനന്മാരുടെ താൽപര്യമാണെന്ന വസ്തുത തുറന്നു കാണിക്കണം. എത്തിച്ചേരാൻ കഴിയാത്തവരിൽ എത്തിച്ചേരുക, വർഗ ഐക്യം നേടുക, നവലിബറൽ നയങ്ങളെയും വിഭാഗീയ കുതന്ത്രങ്ങളെയും പരാജയപ്പെടുത്തുക എന്ന സിഐടിയു ആഹ്വാനം നടപ്പാക്കിയും സമരങ്ങളെ ചെറുത്തുനിൽപ്പിന്റെയും നിഷേധത്തിന്റെയും തലത്തിലേക്ക് ഉയർത്തി മാത്രമേ ഇത് സാധ്യമാകൂ. വരും തലമുറയ്ക്കു വേണ്ടി എല്ലാം ത്യജിച്ച നമ്മുടെ മുൻഗാമികൾ കണ്ട സ്വപ്നം യാഥാർഥ്യമാക്കാനും പുനരർപ്പണം ചെയ്യാൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വർഷത്തിൽ നാം തയ്യാറാകണം.●

ആശംസകളോടെ
ചാലിശ്ശേരി സർവ്വീസ്
സഹകരണ ബാങ്ക് ലി. നം: 579
ചാലിശ്ശേരി പി.ഒ., പാലക്കാട് ഡിസ്ട്രിക്റ്റ്, പിൻ - 679 536
എച്ച്.ഒ. ചാലിശ്ശേരി. ഫോ: 0466-2256259

വിവി. ബാലകൃഷ്ണൻ
പ്രസിഡന്റ്
9747057228
യു.കെ.പുഷ്പാകരൻ
സെക്രട്ടറി (ഇൻചാർജ്ജ്)
9847578371



# കയർ വ്യവസായവും തൊഴിലാളികളും നേരിടുന്ന ഗൗരവമായ പ്രതിസന്ധി



ആനത്തലവട്ടം ആനന്ദൻ

**കയർ** വ്യവസായത്തിന് പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖ സ്ഥാനമാണ് ഉണ്ടായിരുന്നത്. പതിനെട്ടാം നൂറ്റാണ്ടു മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ മധ്യം വരെ ആ പദവി നിലനിന്നിരുന്നു. പത്തുലക്ഷത്തോളം പേർ ഈ വ്യവസായത്തെ ആശ്രയിച്ച് ഉപജീവനം കഴിച്ചിരുന്നതായാണ് രേഖകൾ സൂചിപ്പിക്കുന്നത്.

1950 വരെ സർക്കാരുകളുടെ പത്ത് പൈസയുടെ സഹായമില്ലാതെ, കേരളത്തിന്റെ തീരപ്രദേശത്തുള്ള വില്ലേജുകളിലെ ജനങ്ങളുടെ ജീവിതമാർഗം കയർവ്യവസായമായിരുന്നു. ചുരുക്കത്തിൽ തീരദേശ ജനതയെ ജീവിപ്പിച്ചത് പ്രകൃതിവിഭവം സംസ്കരിച്ച് വിലപിടിപ്പുള്ള ഉൽപ്പന്നങ്ങളാക്കി കമ്പോളത്തിൽ വിറ്റുകിട്ടിയ വരുമാനം കൊണ്ടാണ്. അക്കാലത്ത് സുലഭമായി ലഭിക്കുമായിരുന്ന തൊണ്ട് കായൽ വെള്ളത്തിൽ ആറുമാസം വച്ച് അഴുക്കിയെടുത്ത് തല്ലി ചകിരിയാക്കി കയർ പിരിച്ച് കമ്പോളത്തിൽ വിറ്റ് ഉപജീവനം കഴിക്കുകയായിരുന്നു 1950കൾ വരെ.

50കൾക്ക് ശേഷം മാത്രമാണ് ജനാധിപത്യ ഗവൺമെന്റുകൾ കയർ വ്യവസായ സംരക്ഷണത്തിന് സൊസൈറ്റികൾ രൂപീകരിക്കുന്നതിന് ചെറിയ സാമ്പത്തിക സഹായം നൽകിത്തുടങ്ങിയത്. തമിഴ്നാട്, കർണാടക, ആന്ധ്ര ഉൾപ്പെടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നാളികേര ഉൽപ്പാദനം ഉണ്ടായിരുന്നുവെങ്കിലും ചകിരി ഉൽപ്പാദിപ്പിക്കാനുള്ള സൗകര്യം ഇല്ലാതിരുന്നതിനാൽ കേരളത്തിന് പുറത്ത് കയർവ്യവസായം ഉണ്ടായിരുന്നില്ല. ലോകത്ത് തന്നെ നാളികേരം വൻതോതിൽ ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങൾ ഉണ്ടെങ്കിലും തൊണ്ട് ചീയിച്ച് ചകിരിയാക്കാൻ സൗകര്യമില്ലാത്തതിനാൽ കയർ ഉൽപ്പാദനം ഉണ്ടായിരുന്നില്ല അതുകൊണ്ട് കയറിന്റെ ജന്മനാട് കേരളമായിത്തീർന്നു.

**എങ്ങനെ കയർ പ്രതിസന്ധി തരണം ചെയ്യാമെന്നതിനെക്കുറിച്ച് തൊഴിലുടമകളും, തൊഴിലാളിസംഘടനകളും സർക്കാരും അടിയന്തിരമായി കൂടിയാലോചിച്ച് പരിഹാരം കണ്ടെത്തണം. തീരപ്രദേശം പ്രക്ഷുബ്ധമാകുന്ന സാഹചര്യത്തിലേക്കാണ് നീങ്ങുന്നത്. പരിഹാരത്തിന് കാലവിളംബം വരുത്തരുതെന്ന് ഓർമ്മിപ്പിക്കുന്നു.**

എന്നാൽ 1970 കളോടു കൂടി അഴുകിയ തൊണ്ട് തല്ലി ചകിരിയാക്കുന്നതിനുള്ള തൊണ്ടുതല്ലി യന്ത്രങ്ങൾ കേരളത്തിൽ സ്ഥാപിതമായി. 1980 ഓടുകൂടി പച്ചത്തൊണ്ടും ഉണക്കത്തൊണ്ടും തല്ലുന്ന യന്ത്രങ്ങൾ കണ്ടുപിടിച്ചതോടുകൂടി തെങ്ങുകളുള്ള നാടുകളിലും ചകിരി ഉൽപ്പാദനവും യന്ത്രങ്ങൾ ഉപയോഗിച്ച് കയറും കയറുൽപ്പന്ന നിർമ്മാണവും ആരംഭിച്ചു.

കേരളത്തിലുള്ള കയറിന്റെ കുത്തക അവസാനിക്കുകയായി. നാളികേര ഉൽപ്പാദനത്തിൽ മുന്നിൽ നിന്ന കേരളം ഇപ്പോൾ തമിഴ്നാടിന്റെ പിന്നിലാണ്. തമിഴ്നാട് ചകിരി ഉൽപ്പാദനത്തിലും കയർ ഉൽപ്പാദനത്തിലും യന്ത്രങ്ങളുടെ സഹായത്താൽ മുന്നിലെത്തി. ചകിരിച്ചോർ വിലപിടിപ്പുള്ള ഉൽപ്പന്നമായി.

കേരളത്തിൽ അരലക്ഷം തൊഴിലാളികൾക്കുമാത്രമാണ് കയർസംഘങ്ങളിലും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങളിലുമായി ഇപ്പോൾ തൊഴിൽ ഉള്ളത്. സ്വകാര്യ ഉൽപ്പാദനം ഫാക്ടറി മേഖലയിൽ പരിമിതമായി. പിരിമേഖലയിൽ നാമമാത്രമായി മാത്രമേ സ്വകാര്യ കയർ ഉൽപ്പാദകർ ഉൽപ്പാദനം നടത്തുന്നുള്ളൂ. ഫാക്ടറി മേഖലയിൽ എക്സ്പോർട്ട് ഉള്ള ഏതാനും വ്യവസായികൾ നിലനിൽക്കുന്നു. ഇതിനുപോലും വേണ്ടുന്ന ചകിരിക്ക് തമിഴ്നാടിനെ ആശ്രയിക്കേണ്ട അവസ്ഥയാണ്. തൊഴിലെടുത്തു വന്നിരുന്ന രണ്ടുലക്ഷത്തോളം തൊഴിലാളികൾ മറ്റേതെങ്കിലും തൊഴിൽ തേടി അലയുന്നുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ കടന്നു വരവ് പരമ്പരാഗത വ്യവസായങ്ങളുടെ സ്വാഭാവിക നാശത്തിന് കളമൊരുക്കുന്നു. അതിന്റെ കനത്ത ആഘാതമേറ്റ മേഖലയാണ് കയർ മേഖല. അതിനെ ആശ്രയിച്ച് ജീവിച്ചവർക്ക് പകരം തൊഴിൽ നൽകാൻ കഴിയുന്നില്ല. എണ്ണത്തിൽ അവർ നന്നേ കുറഞ്ഞ വരുന്നു.

### കൂലി വ്യവസ്ഥ

പിരി മേഖലയിൽ ഒരു ദിവസം തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള കൂലി 350 രൂപയാണ്. ഇതിൽ 110 രൂപ വരുമാനപൂരക പദ്ധതി പ്രകാരം മിനിമം കൂലി ഉറപ്പാക്കാൻ സർക്കാർ നൽകുന്നതാണ്. സംഘത്തിന് നൽകുന്ന 240 രൂപയിൽ 5 ശതമാനം ത്രഫ്റ്റ് പിടിച്ചു കഴിഞ്ഞാൽ 228 രൂപയാണ് രൊക്കം ഒരു ദിവിസം ലഭിക്കുക. സർക്കാർ നൽകുന്ന 110 രൂപ പോലും 5 മാസം കഴിഞ്ഞാലും ലഭിക്കുന്നില്ല. രൊക്കമായി കയ്യിൽ കിട്ടുന്ന തുച്ഛമായ കൂലിക്ക് തൊഴിലെടുക്കുന്നവർക്കിടയിൽ കടുത്ത അസംതൃപ്തി നിലനിൽക്കുന്നു. 500 രൂപയെങ്കിലും മിനിമം കൂലി ലഭിക്കണമെന്ന ആവശ്യം ന്യായമാണ്. അതിന് സഹായകമായി തൊഴിലാളികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ യന്ത്രവൽക്കരണം നടപ്പാക്കാൻ 1980 കൾ മുതൽ തൊഴിലാളികളും യൂണിയനുകളും സമ്മതിച്ചതാണ്.

1996 ലെ എൽഡിഎഫ് ഗവൺമെന്റിന്റെ കാലത്ത് നിയോഗിച്ച കയർ കമ്മീഷൻ കാലതാമസം വരാതിരിക്കാൻ തൊണ്ടുതല്ലി യന്ത്രങ്ങളും കയർ പിരിയന്ത്രങ്ങളും യന്ത്രത്തറികളും നിർമ്മിക്കുന്നതിന് യന്ത്രനിർമ്മാണ ഫാക്ടറി നിർമ്മിക്കാൻ ശുപാർശ ചെയ്തു.

അതനുസരിച്ച് ആലപ്പുഴയിൽ യന്ത്രനിർമ്മാണ ഫാക്ടറിയും സ്ഥാപിച്ചു. പ്രതീക്ഷയ്ക്കനുസരണമായി ഉൽപ്പാദനക്ഷമതയും ഗുണമേന്മയുമുള്ള കയറും കയറുൽപ്പന്നങ്ങളും നിർമ്മിക്കാൻ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഫാക്ടറി മേഖലയിൽ ചുരുക്കമായി പ്രവർത്തിക്കുന്ന സംഘടിത ഫാക്ടറികളിലെ സ്ഥിരം തൊഴിലാളികൾക്ക് സിഐആർസി തീരുമാന പ്രകാരമുള്ള കൂലി ലഭിക്കുന്നുണ്ടെങ്കിലും ഭൂരിപക്ഷം വരുന്ന കരാർ ദിവസവേതനക്കാർക്ക് സിഐആർസി കൂലി നിരക്ക് ലഭിക്കുന്നില്ല. ചെറുകിട ഫാക്ടറികളിലെ തൊഴിലാളികളുടെ സ്ഥിതിയും തദ്ദൈവയാണ്.

പൊതുവിൽ പിരിമേഖലയിലും ഫാക്ടറി മേഖലയിലുമുള്ള തൊഴിലാളികൾ അസംതൃപ്തരാണ്. അതേസമയം നിലവിലുള്ള ജോലിയും കൂലിയും സംരക്ഷിക്കണമെങ്കിൽ തന്നെ ഉൽപ്പാദിപ്പിച്ച ചരക്കുകൾക്ക് മാർക്കറ്റ് ഉണ്ടാകണം. പിരിമേഖലയിൽ ഉൽപ്പാദിപ്പിച്ച കയർ, കയർ ഫെഡിലും ഉൽപ്പന്ന മേഖലയിൽ നിർമ്മച്ചവ കയർ കോർപ്പറേഷനുകളുടെയും പ്രൈമറി സംഘങ്ങളുടെയും, മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങളുടെയും ഗോഡൗണുകളിലുമടക്കം 100 കോടിയിലധികം രൂപയുടെ ചരക്ക് കെട്ടിക്കിടക്കുകയാണ്.

സ്റ്റോക്ക് ഇരിക്കുന്നതിൽ മഹാഭൂരിപക്ഷം കയറും, ജിയോടെക്സ്റ്റൈൽസിനു മാത്രം ഉപയോഗിക്കാവുന്നതാണ്. കോർപ്പറേഷന്റെ കയ്യിലും കയർഫെഡിന്റെ കയ്യിലും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങളിലും സ്റ്റോക്ക് ഉള്ളതിൽ കൂടുതൽ വലപായാണ് ഇതിന്റെ മാർക്കറ്റ് തദ്ദേശസ്ഥാപനങ്ങൾ നൽകുന്ന ഓർഡറിന്റെ അടിസ്ഥാനത്തിലുമാണ്. അവരുടെ സാമ്പത്തിക സ്ഥിതി ഓർഡർ നൽകുന്നതിന് തടസ്സമായിരിക്കുന്നു.

എങ്ങനെ ഈ പ്രതിസന്ധി തരണം ചെയ്യാമെന്നതിനെക്കുറിച്ചു, തൊഴിലുടമകളും, തൊഴിലാളിസംഘടനകളും സർക്കാരും അടിയന്തിരമായി കൂടിയാലോചിച്ച് പരിഹാരം കണ്ടെത്തണം. തീരപ്രദേശം പ്രക്ഷുബ്ദ്ധമാകുന്ന സാഹചര്യത്തിലേക്കാണ് നീങ്ങുന്നത്. പരിഹാരത്തിന് കാലവിളംബം വരുത്തരുതെന്ന് ഓർമ്മിപ്പിക്കുന്നു.•

# ബ്രിട്ടണിലെ റയിൽവേയിൽ പണിമുടക്കിന് നേതൃത്വം നൽകുന്ന ആർഎംടി യൂണിയന് ഐക്യദാർഢ്യം

**ബ്രിട്ടണിലെ റയിൽവേയിൽ പണിമുടക്കിന് നേതൃത്വം നൽകുന്ന ആർഎംടി യൂണിയൻ പ്രസിഡന്റ് അലക്സ് ഗോർഡന്, സിഐടിയു ദേശീയ സെക്രട്ടറിയും സിപിഐഎം രാജ്യസഭാ നേതാവുമായ എളമരം കരീം എംപി അയച്ച കത്തും ആർഎംടി ദേശീയ പ്രസിഡന്റിന്റെ മറുപടിയും.**

## ഐക്യദാർഢ്യ സന്ദേശം

**അലക്സ് ഗോർഡൻ**
ആർ എം ടി നാഷണൽ പ്രസിഡന്റ്

ഗ്രേറ്റ് ബ്രിട്ടനിലെ റെയിൽവെ തൊഴിലാളികളുടെ ഏറ്റവും വലിയ പണിമുടക്കിന് ഞാൻ
ഐക്യദാർഢ്യമർപ്പിക്കുന്നു. മുപ്പത് വർഷത്തിനിടെ അന്നാട്ടിൽ നടക്കുന്ന ഏറ്റവും വലിയ
സമരമാണിത്. ശമ്പളം തടഞ്ഞുവയ്ക്കൽ, തൊഴിൽ സാഹചര്യങ്ങൾ ളിലെ മാറ്റങ്ങൾ, വരാൻ
പോകുന്ന തൊഴിൽ നഷ്ടങ്ങൾ എന്നിവ മുൻനിർത്തിയാണ് പതിനായിരക്കണക്കിന്
തൊഴിലാളികൾ സമരം നടത്തുന്നത്.
പണപ്പെരുപ്പം കുതിക്കുന്നതിനനുസരിച്ച് വേതനം വർധിക്കാത്തതാണ് തൊഴിലാളികളെ
പണിമുടക്കിന് നിർബന്ധിതരാക്കിയത്. 40 വർഷത്തെ ഏറ്റവും രൂക്ഷമായ പണപ്പെരുപ്പനിരക്കാണ്
ബ്രിട്ടനിൽ രേഖപ്പെടുത്തിയത്. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ബ്രിട്ടനിൽ രണ്ടു മൂന്നു
വർഷങ്ങളായി തൊഴിലാളികളുടെ ശമ്പളം വർധിച്ചിട്ടില്ല.
മഹാമാരിയുടെ സാഹചര്യത്തെ അധ്വാനിക്കുന്ന മനുഷ്യരുടെ ജീവിതത്തിന്നും ഉപജീവന
മാർഗങ്ങൾക്കും നേരെയുള്ള കടന്നാക്രമണം ശക്തമാക്കാനാണ് മുതലാളിത്ത സർക്കാരുകൾ
വിനിയോഗിച്ചതെന്ന് നമുക്കറിയാം. സംഘടിക്കാനും കൂട്ടായ പ്രവർത്തനത്തിനുമുള്ള സ്വാതന്ത്ര്യ
അടക്കം തൊഴിലാളികൾ നിരന്തര സമരത്തിലൂടെ നേടിയെടുത്ത അവകാശങ്ങളും കവരാൻ ഈ
സർക്കാരുകൾ ശ്രമിച്ചു.
നവലിബറൽ നയങ്ങൾ അടിച്ചേൽപ്പിച്ചു കൊണ്ട് ചുരുക്കം ചില കോർപറേറ്റുകൾക്ക് ലാഭം കുന്നു
കൂട്ടുന്നതിനാണ് അവർ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി സാഹചര്യങ്ങൾ
കൂടുതൽ വഷളായി. ഈ കാലയളവിൽ വേതനം ഗണ്യമായി കുറഞ്ഞു, അസമത്വം കൂടി.
ആഗോളമായിത്തന്നെ ദാരിദ്ര്യവും പട്ടിണിയും വർധിച്ചു.
പല രാജ്യങ്ങളിലും നവലിബറൽ നയങ്ങൾക്കും സാമ്രാജ്യത്വ ഇടപെടലുകൾക്കും എതിരെ
നടക്കുന്ന സമരങ്ങളിൽ വർധിച്ച തോതിൽ ജനങ്ങൾ പങ്കെടുക്കുന്നത് ആവേശകരമാണ്.
വിവിധ രാജ്യങ്ങളിൽ നടക്കുന്ന ഇത്തരം സമരങ്ങളിൽ തൊഴിലാളി വർഗ്ഗം സുപ്രധാന പങ്കു
വഹിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ പലരാജ്യങ്ങളിലും പുരോഗമന സ്വഭാവമുള്ള ജനപക്ഷ
സർക്കാരുകൾ അധികാരത്തിൽ വന്നുകഴിഞ്ഞു. തൊഴിലാളികളിൽ സാമ്രാജ്യത്വ വിരുദ്ധ മനോഭാവം
ശക്തമാകണ്ടത് ചൂഷണ വ്യവസ്ഥയ്ക്ക് എതിരെയുള്ളതും അവകാശങ്ങളും ഉപജീവന മാർഗങ്ങളും
സരക്ഷിക്കാൻ വേണ്ടിയുള്ളതുമായ സമരങ്ങൾ ഉയർന്നുവരേണ്ടത് അനിവാര്യമാണ്.
ഈ സാഹചര്യത്തിലാണ് നാഷണൽ റെയിൽവെ യൂണിയൻ ഓഫ് റെയിൽ മാരിടൈം ആന്റ്
ട്രാൻസ്പോർട് വർക്കേഴ്സ് യൂണിയൻസിലെ നാല്പതിനായിരത്തിലേറെ തൊഴിലാളികൾ
പണിമുടക്കുന്നത്. ഇന്നത്തെ ലോകത്ത് തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന് രൂപം നൽകുന്നതിൽ
മാരിടൈം ആൻഡ് ട്രാൻസ്പോർട്ട് വർക്കേഴ്സ് വഹിക്കുന്ന പങ്ക് സുപ്രധാനമാണ്.
വേതനവും തൊഴിൽ സാഹചര്യവും തൊഴിലും പെൻഷനും സംരക്ഷിക്കാൻ വേണ്ടിയുള്ള
ഈ സമരം വിജയം കാണുമെന്നും ആ വിജയം ലോകമാകെയുള്ള തൊഴിലാളി യൂണിയൻ
പ്രസ്ഥാനത്തെ പ്രചോദിപ്പിക്കുമെന്നും ഉറപ്പാണ്. ഈ സമരത്തിൽ പങ്കെടുക്കുന്ന ഗ്രേറ്റ് ബ്രിട്ടനിലെ
എല്ലാ റെയിൽവെ തൊഴിലാളികൾക്കും ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ വിപ്ലവാഭിവാദ്യങ്ങൾ.

**എളമരം കരീം**

ന്യൂഡൽഹി
22062022.

## റെയിൽവേ പണിമുടക്ക്

# സ്തംഭിച്ച് ബ്രിട്ടൻ

ന്യായമായ വേതനവർധനയും തൊഴിൽസ്ഥിരതയും സാമൂഹ്യസുരക്ഷാ പദ്ധതികളും ആവശ്യപ്പെട്ട് റെയിൽവേ ജീവനക്കാർ പ്രഖ്യാപിച്ച ത്രിദിന ദേശീയ പണിമുടക്കിൽ ബ്രിട്ടൻ സ്തംഭിച്ചു. ഭൂഗർഭ സർവീസായ ട്യൂബും നിശ്ചലമായി. 1989നുശേഷം രാജ്യം സാക്ഷിയായ ഏറ്റവും വലിയ തൊഴിൽ പ്രക്ഷോഭത്തിൽ പൊതുമേഖലാ സ്ഥാപനമായ നാഷണൽ റെയിൽ ഉൾപ്പെടെ 14 ഓപ്പറേറ്റിങ് കമ്പനിയിലെ അരലക്ഷം ജീവനക്കാരാണ് പങ്കെടുത്തത്. ഇടവിട്ട ദിവസങ്ങളിലെ  സമരം ഒരാഴ്ച ഗതാഗതം താറുമാറാക്കി. ഏഴു ശതമാനം വേതനവർധന അനുവദിക്കുക, ആരോഗ്യകരമായ തൊഴിൽസാഹചര്യം ഉറപ്പാക്കുക, കൂട്ടപ്പിരിച്ചുവിടൽ നീക്കം ഉപേക്ഷിക്കുക, പെൻഷൻ മാനദണ്ഡങ്ങളിൽ തൊഴിലാളിവിരുദ്ധ നയങ്ങൾ അടിച്ചേൽപ്പിക്കാതിരിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് മുന്നോട്ടുവച്ചത്. ഇതര ആനുകൂല്യങ്ങളിലെ വെട്ടിക്കുറവ്, യാത്രക്കാരുടെ ആവശ്യങ്ങൾ മാനിക്കാതെ ടിക്കറ്റ് ഓഫീസുകൾ അകാരണമായി അടച്ചിടൽ, അമിത സ്വകാര്യവൽക്കരണം തുടങ്ങിയ  നടപടികൾക്കെതിരെയും മുദ്രാവാക്യമുയർന്നു.

പിരിച്ചുവിടൽ ഭീഷണി മറികടന്ന് ശക്തിതെളിയിച്ച  ബ്രിട്ടനിലെ റെയിൽ തൊഴിലാളി സമരത്തിന് വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ് (ഡബ്ല്യുഎഫ്ടിയു) ഐക്യദാർഢ്യം പ്രഖ്യാപിച്ചത് ആവേശകരമാണ്.

To

**സഖാവ് എളമരം കരീം**
പാർലമെന്റ്അംഗം
ലീഡർ, സിപിഐഎം രാജ്യസഭ ഗ്രൂപ്പ്

പ്രിയ സഖാവേ

ആർ എം ടിക്ക് താങ്കൾ നൽകിയ ഐക്യദാർഢ്യത്തിന് അകമഴിഞ്ഞ നന്ദി. വേതനം വെട്ടിക്കുറയ്ക്കുന്ന ഹയർ ആൻഡ് റീ ഹയർ പദ്ധതിക്കെതിരെയും വൻതോതിലുള്ള പിരിച്ചു വിടലിനെതിരെയും പണിമുടക്ക് കാലത്തെ കൂട്ടായ തൊഴിൽ സാഹചര്യങ്ങൾ തകർക്കുന്നതിനെതിരെയും ബ്രിട്ടനിലെ റയിൽവേ ജീവനക്കാർ നടത്തിവരുന്ന പണിമുടക്കിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് താങ്കൾ നൽകിയ പ്രസ്താവന ഞങ്ങൾ കൈപ്പറ്റി.

ജൂൺ 23 ന് ലണ്ടനിനിലെ ലിവർപൂൾ സ്ട്രീറ്റ്സ്റ്റേഷന് മുന്നിലുള്ള ആർ എം ടി പിക്കറ്റ് സ്റ്റേഷന് അടുത്ത് നിൽക്കുമ്പോഴാണ് ഞാൻ താങ്കളുടെ കത്ത് വായിച്ചത്.   ഞങ്ങൾക്ക് അയച്ചു തന്ന ഐക്യദാർഢ്യ സന്ദേശം ബ്രിട്ടനിലെ ട്രേഡ് യൂണിയൻ പ്രവർത്തകർക്ക് ആവേശകരമായ അനുഭവമാണ്. ആ സന്ദേശം സംഘശക്തി തെളിയിക്കാനും അവർക്ക് ഐക്യദാർഢ്യമേകാനും സമരമുഖത്ത് കൂടിയിരുന്ന തൊഴിലാളികൾക്ക് വായിച്ചുകൊടുക്കാൻ കഴിഞ്ഞതിൽ ഞാൻ ആഹ്ലാദവാനാണ്. അഭിവാദ്യങ്ങളോടെയാണ് സഖാവിന്റെ കത്ത് സ്വീകരിക്കപ്പെട്ടത്.

താങ്കളോടും സിപിഐഎമ്മിലെ മറ്റു സഖാക്കളോടും ഞങ്ങൾ നന്ദി പറയുന്നു ഒപ്പം ലോകത്തിന് മുഴുവൻ പ്രചോദനമായ ഇന്ത്യൻ തൊഴിലാളി വർഗത്തിനും കർഷകർക്കും ചുകപ്പൻ അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

മോഡി സർക്കാരിന്റെ ജനാധിപത്യ വിരുദ്ധ  നയങ്ങൾക്കെതിരെ 2020 നവംബർ ഏഴിന് വമ്പിച്ച ചെറുത്തു നിൽപ്പു ജനമുന്നേറ്റവും സംഘടിപ്പിച്ചവരാണ് ഇന്ത്യയിലെ തൊഴിലാളികൾ. കാർഷിക മേഖലയിൽ നവലിബറൽ നയങ്ങൾ നടപ്പാക്കുന്നത് ചെറുത്തു തോൽപിക്കാൻ ഇന്ത്യൻ കർഷകർക്ക് സാധിച്ചു. ആഗോളമായി കൊവിഡ് മഹാമാരി പടർന്നപ്പോൾ പ്രതിസന്ധിക്ക് നടുവിലും പൊതുജനാരോഗ്യ സംവിധാനത്തെ എങ്ങനെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വിനിയോഗിക്കാൻ കഴിയുമെന്ന് താങ്കളുടെ സംസ്ഥാനമായ കേരളം തെളിയിച്ചു. നമ്മുടെ സാർവദേശീയ പാരമ്പര്യത്തിൽ ഞങ്ങളുടെ യൂണിയൻ അഭിമാനം കൊള്ളുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിന്നുള്ള പതിനായിരക്കണക്കിന് തൊഴിലാളികൾ അടക്കം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള തൊഴിലാളികൾ ഞങ്ങളുടെ യൂണിയനിൽ അംഗങ്ങളായുണ്ട്. സ്വന്തം രാജ്യത്തിന്റെ സംസ്കാരത്തിൽ അഭിമാനം കൊള്ളുന്നവരാണ് അവർ ഓരോരുത്തരും. ഞങ്ങളുടെ സംഘടന നടത്തുന്ന സമരത്തിന് താങ്കളുടെ പാർട്ടി നൽകിയ ഐക്യദാർഢ്യം അവരെ അഭിമാനം കൊള്ളിക്കും. ഇന്ത്യൻ റെയിൽവെ തൊഴിലാളികൾ അടക്കമുള്ള ഇന്ത്യൻ തൊഴിലാളി വർഗ്ഗം ഞങ്ങളുടെ സമരത്തിന് പിന്തുണ നൽകുന്ന ചിത്രങ്ങൾ ഞങ്ങൾക്ക് ആഹ്ലാദം നൽകുന്നു.

ബ്രിട്ടനിലെയും ഇന്ത്യയിലെയും തൊഴിലാളി വർഗ്ഗം തമ്മിലുള്ള ബന്ധം ആഴമേറിയതും ബൃഹത്തുമാണ്.  ബ്രിട്ടീഷ് രാജിന്റെ കൊളോണിയൽ ചൂഷണത്തിന്റെ ചരിത്രം, വർഗീയതയുടെ വളർച്ച, ജനാധിപത്യ അവകാശങ്ങളുടെ ധ്വംസനം, വംശീയ അടിച്ചമർത്തലുകൾ എന്നിവയ്ക്കെല്ലാം രണ്ടു രാജ്യങ്ങളിലെ തൊഴിലാളി വർഗ്ഗം ഒരുമിച്ച് സാക്ഷി ആയിട്ടുണ്ട്. ഇന്ത്യയിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണത്തിൽ ബ്രിട്ടനിലെ കമ്യൂണിസ്റ്റ് പ്രവർത്തകർ നിർണായക പങ്കു വഹിച്ചത് ഞങ്ങൾക്കറിയാം. മീററ്റ് ഗൂഢാലോചനാ കേസ് തന്നെ ഒരുദാഹരണം.

ഒരിക്കൽകൂടി താങ്കളുടെ ഐക്യദാർഢ്യത്തിനും  വിപ്ലവാഭിവാദ്യങ്ങൾക്കും നന്ദി.  സിപിഐ എമ്മിന് ഒരിക്കൽക്കൂടി ചുകപ്പൻ അഭിവാദ്യങ്ങൾ.

**അലക്സ് ഗോർഡൻ**
ആർ എം ടി ദേശീയ പ്രസിഡന്റ്

# മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രഘടനയെ അസ്ഥിരീകരിക്കുന്നു

മനുഷ്യാവകാശത്തിനും നീതിയ്ക്കു വേണ്ടി നിലകൊള്ളുന്നവരെ രാജ്യമെമ്പാടും വേട്ടയാടുകയാണ് സംഘപരിവാറും അവരുടെ സർക്കാരുകളും.

രാജ്യത്തിന്റെ ഭരണഘടനാമനസാക്ഷി ഉണരേണ്ട സന്ദർഭമാണിത്. ഭരണകൂട ഭീകരതക്കും വിദ്വേഷ രാഷ്ട്രീയത്തിനുമെതിരെ ഭരണഘടനാമൂല്യങ്ങളും മനുഷ്യാവകാശ തത്വങ്ങളും ഉയർത്തിപിടിച്ച് പോരാടേണ്ട സന്ദർഭം. മധ്യകാലബ്രാഹ്മണ്യം സൃഷ്ടിച്ച ശൂദ്ര വിരോധത്തിന്റെയും മുസ്ലീം വിരോധത്തിന്റെയും പ്രത്യയശാസ്ത്രത്തെ ആന്തരവൽക്കരിച്ച ഹിന്ദുത്വവാദികളും അവരുടെ കേന്ദ്ര സർക്കാറും ഭരണഘടനയെയും മനുഷ്യാവകാശങ്ങളെയും വെല്ലുവിളിച്ചുകൊണ്ട് തങ്ങൾക്കനഭിമതരായ ജനസമൂഹങ്ങൾക്കും വിമർശകർക്കുമെതിരെ ഭീകരത അഴിച്ചുവിടുകയാണ്. വർണാശ്രമധർമ്മങ്ങൾക്കുംകൊളോണിയൽ ശക്തികൾക്കുമെതിരായ പോരാട്ടങ്ങളിലൂടെയാണ് നാമൊരു ആധുനിക ദേശരാഷ്ട്രമായി പരിവർത്തനപ്പെട്ടത്. സുദീർഘമായ സാമ്രാജ്യത്വവിരുദ്ധ സമരത്തിന്റെ ചരിത്രഗതിയിലൂടെയാണ് ജനാധിപത്യവും മതനിരപേക്ഷതയും സാമൂഹ്യനീതിയും അടിസ്ഥാനമാക്കികൊണ്ടുള്ള ഭരണഘടന രൂപപ്പെടുത്തിയത്. ദേശീയ സ്വാതന്ത്ര്യസമരത്തിന് നേരെ മുഖം തിരിച്ചു നിന്നവരും ഇന്ത്യൻ ഭരണഘടനയെ ഒരിക്കലും അംഗീകരിക്കാത്തവരും 1998 ൽ അധികാരത്തിലുള്ളപ്പോൾ ഭരണഘടന മാറ്റാൻ റിവ്യുകമ്മിഷനെ നിയോഗിച്ചവരുമാണ് സംഘികൾ. അവർക്കിപ്പോൾ കൈവന്ന ദേശീയാധികാരത്തെ അവസരമാക്കി ഭരണഘടനയുടെ മതനിരപേക്ഷ, ഫെഡറൽ, ജനാധിപത്യ വ്യവസ്ഥകളെ തുടർച്ചയായി തകർക്കുകയാണ്.




> ജനാധിപത്യത്തിന്റെ എല്ലാ സ്തംഭങ്ങളെയും തങ്ങളുടെ ഹിന്ദുത്വ അജണ്ടക്കാവശ്യമായ രീതിയിൽ പരുവപ്പെടുത്തിയെടുത്തും ഭരണഘടനയെ നോക്കുകുത്തിയാക്കിയും മോഡി സർക്കാർ രാജ്യത്തിന്റെ മതനിരപേക്ഷ ജനാധിപത്യരാഷ്ട്ര ഘടനയെ തകർക്കുകയാണ്.



കെ.ടി. കുഞ്ഞിക്കണ്ണൻ

1955–ലെ മതനിരപേക്ഷ പൗരത്വനിയമത്തെ മതാധിഷ്ഠിതമാക്കി ഭേദഗതി കൊണ്ടുവന്നു. മുത്തലാഖ് നിരോധന നിയമത്തിലൂടെ മുസ്ലീം വിവാഹമോചന നിയമത്തിൽ ക്രിമിനൽ വ്യവസ്ഥ കൂട്ടിച്ചേർത്തു. മറ്റു മതസ്ഥരുടെ വിവാഹ മോചന നിയമങ്ങൾക്ക് ബാധകമല്ലാത്ത ക്രിമിനൽ വ്യവസ്ഥ കൊണ്ടുവന്നത് അങ്ങേയറ്റം വിവേചനപരവും ഭരണഘടനയുടെ ആർട്ടിക്കിൾ 14ന്റെ നിഷേധവുമാണ്. പൗരത്വനിയമ ഭേദഗതിയും മുതലാഖ് നിരോധന നിയമവുമെല്ലാം മുസ്ലീം വിരുദ്ധമായ ഹിന്ദുത്വവാദികളുടെ ഫാസിസ്റ്റ് നീക്കത്തെയാണ് കാണിക്കുന്നത്. മറ്റ് വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾക്ക് ബാധകമായ പ്രത്യേകപദവി വകുപ്പുകൾ ഭരണഘടനയിൽ നിലനിർത്തി എന്തുകൊണ്ടാണ് കാശ്മീരിന്റെ പ്രത്യേക പദവി എടുത്ത് കളഞ്ഞത്

എന്ന ചോദ്യത്തിന് എന്താണ് ഉത്തരം? കാശ്മീർ ഇന്ത്യയിലെ മുസ്ലിംഭൂരിപക്ഷ സംസ്ഥാനമാണെന്നത് മാത്രമാണ്!

ഇന്ത്യയെ രൂപപ്പെടുത്തിയ ചരിത്രത്തെയും ആശയങ്ങളെയും ഭരണഘടനയെ തന്നെയും ഫലത്തിൽ ഇല്ലാതാക്കി കൊണ്ട് ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കാനുള്ള ഹിംസാത്മകമായ നീക്കങ്ങളാണ് ഇതെല്ലാം. എതിർക്കുന്നവരെയും വിമർശിക്കുന്നവരെയും കേന്ദ്ര കുറ്റാന്വേഷണഏജൻസികളെയും ജുഡീഷ്യൽ സംവിധാനങ്ങളെയും ഉപയോഗിച്ച് വേട്ടയാടുന്ന ക്ഷോഭജനകമായ സംഭവങ്ങൾക്കാണ് രാജ്യം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ മൗനം കുറ്റകരമാവുന്ന അപകടകരമായ ചരിത്ര സന്ധിയിലൂടെയാണ് രാജ്യം കടന്നു പോകുന്നത്.

ഗുജറാത്ത് വംശഹത്യാ കുറ്റവാളികൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമയുദ്ധം നയിച്ച ടീസ്റ്റ സെതൽവാദിനെയും മുൻഗുജറാത്ത് ഡി ജി പി ആർ ബി ശ്രീകുമാറിനെയും അറസ്റ്റ് ചെയ്ത് ജയിലടച്ചിരിക്കുന്ന സംഭവം രാജ്യം എത്തപ്പെട്ട ഭീകരമായ അവസ്ഥയുടെ സൂചനയാണ്.

ജനാധിപത്യത്തിന്റെ എല്ലാ സ്തംഭങ്ങളെയും തങ്ങളുടെ ഹിന്ദുത്വ അജണ്ടക്കാവശ്യമായ രീതിയിൽ പരുവപ്പെടുത്തിയെടുത്തും ഭരണഘടനയെ നോക്കുകുത്തിയാക്കിയും മോഡി സർക്കാർ രാജ്യത്തിന്റെ മതനിരപേക്ഷ ജനാധിപത്യരാഷ്ട്ര ഘടനയെ തകർക്കുകയാണ്. ബഹുസ്വരതയെ നിഷേധിച്ച് ഹിന്ദുത്വമെന്ന ഏകത്വത്തിലേക്ക് ബഹുസംസ്കാരങ്ങളെ ബലം പ്രയോഗിച്ച് വിലയിപ്പിക്കുകയാണ് ഹിന്ദുരാഷ്ട്രത്തിനായുള്ള നീക്കങ്ങൾ തീവ്രഗതിയിലാക്കിയിരിക്കുന്നു. ഇസ്ലാമോഫോബിയയെ രാഷ്ട്രതന്ത്രമാക്കിയ ഹിന്ദുത്വവാദികളുടെ സർക്കാർ ഭൂരിപക്ഷതാവാദം ഉയർത്തിയിരിക്കുകയാണ്.

യു പി തെരഞ്ഞെടുപ്പ് ഘട്ടത്തിൽ 80% വും 20% വും തമ്മിലാണ് മത്സരമെന്ന് പറയാൻ യോഗി ആദിത്യനാഥിന് ഒരു മടിയുമുണ്ടായില്ല. വിദ്വേഷപ്രചരണവും കലാപങ്ങളും അഴിച്ചുവിട്ടു ഭൂരിപക്ഷ ന്യൂനപക്ഷ ധ്രുവീകരണമുണ്ടാക്കുകയാണ് സംഘപരിവാർ. ഇതിനെതിരായി നിലപാട് സ്വീകരിക്കുന്ന ബുദ്ധിജീവികളെയും ആക്ടിവിസ്റ്റുകളെയും ഭീകരവിരുദ്ധ നിയമങ്ങളുപയോഗിച്ച് തടങ്കലിലിടക്കുന്നു. കെട്ടിച്ചമച്ച ഭീമാകൊറോ ഗാവ് കേസിൽപ്പെടുത്തി തടങ്കലിട്ട ബുദ്ധിജീവികളും മനുഷ്യാവകാശ പ്രവർത്തകരും നരകിക്കുകയാണ്. വൃദ്ധനും രോഗിയുമായ ഫാ.സ്റ്റാൻ സാമി ചികിത്സ ലഭിക്കാതെ തടവറയിൽ മരണമടഞ്ഞു. ഭരണകൂട ഭീകരതയുടെ ഇരയായി സ്റ്റാൻ സാമി മനുഷ്യാവകാശങ്ങൾക്കായി സ്റ്റാൻസാമി രക്തസാക്ഷിത്വം വരിച്ചു.

ഇപ്പോഴിതാ ഗുജറാത്ത് പോലിസിന്റെ തീവ്രവാദ വിരുദ്ധ സ്ക്വാഡ് മനുഷ്യാവകാശ പ്രവർത്തക ടീസ്റ്റ സെതൽവാദിനെയും മുൻ ഡിജിപി ആർ ബി ശ്രീകുമാറിനെയും അറസ്റ്റ ചെയ്ത് തടങ്കലിലടച്ചിരിക്കുന്നു. മോഡിക്കും അമിത് ഷാക്കും, ഗുജറാത്ത് വംശഹത്യ കുറ്റവാളികൾക്കുമെതിരെ നിലപാടു എടുത്തതിന്റെയും നിയമയുദ്ധം നടത്തിയതിന്റെയും പ്രതികാര നടപടിയായി തന്നെ ഈ അറസ്റ്റിനെ കാണണം.

2002–ൽ ഗുജറാത്തിലെ ഗുൽബർഗ ഹൗസിംഗ് കോളനിയിൽ ഇഹ്സാൻ ജാഫ്രിയും അവിടെ അഭയം തേടിയ 69 പേരെയും കൂട്ടത്തോടെ കൊന്നൊടുക്കിയ സംഭവത്തിൽ ഇഹ്സാൻ ജാഫ്രിയുടെ ഭാര്യ സാകിയ ജാഫ്രി നടത്തിയ നിയമ പോരാട്ടങ്ങളെ സഹായിച്ചതാണ് അവർക്കെതിരായ കുറ്റം. കലാപത്തിന് പിന്നിലെ യഥാർത്ഥ ഗൂഢാലോചനകളുടെ സത്യാവസ്ഥ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സാകിയ ജാഫ്രി നൽകിയ പരാതി കഴമ്പില്ലാത്തതാണെന്നും



**ഗുജറാത്ത് വംശഹത്യാ കുറ്റവാളികൾക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമയുദ്ധം നയിച്ച ടീസ്റ്റ സെതൽവാദിനെയും മുൻഗുജറാത്ത് ഡിജിപി ആർ. ബി ശ്രീകുമാറിനെയും അറസ്റ്റ് ചെയ്ത് ജയിലടച്ചിരിക്കുന്ന സംഭവം രാജ്യം എത്തപ്പെട്ട ഭീകരമായ അവസ്ഥയുടെ സൂചനയാണ്.**



വ്യാജ പ്രമാണങ്ങൾ ചമച്ച് നിലനിർത്തി പോന്നതാണെന്നുമുള്ള പ്രത്യേക അന്വേഷണ സംഘത്തിന്റെ റിപ്പോർട്ട് പൂർണമായി അംഗീകരിക്കുകയും ജനകീയ വാദങ്ങൾ തള്ളിക്കളയുകയുമാണുണ്ടായത്. നിർഭാഗ്യകരമായ വിധി പ്രസ്താവന എന്നല്ലാതെ എന്തു പറയാൻ. സാകിയജാഫ്രിയുടെ നീതിക്കുവേണ്ടിയുള്ള നിയമയുദ്ധത്തെ സഹായിക്കുകയാണ് ടീസ്റ്റയും കൂട്ടരും ചെയ്തത്. ഗുജറാത്ത് വംശഹത്യയുടെ ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ ലോകത്തിന് മുന്നിലെത്തിച്ചതിൽ പ്രധാന പങ്ക് വഹിച്ചത് അവരാണ്. അവരുടെ പത്രാധിപത്യത്തിലിറങ്ങുന്ന കമ്യൂണലിസം കോംപാറ്റാണ് കലാപത്തിന് പിറകിലുള്ള ആർഎസ്എസിന്റെ മോഡിയുടെ സംസ്ഥാന സർക്കാറിന്റെയും ഗൂഢാലോചനയിലേക്കും ആസൂത്രണത്തിലേക്കും വെളിച്ചം വീശുന്ന വിവരങ്ങൾ പുറത്ത് കൊണ്ടുവന്നത്. അതുകൊണ്ടു തന്നെ അവർ മോഡിയുടെ നോട്ടപ്പുള്ളിയായി. ഭരണഘടനയുടെ ഒരു കാവൽക്കാരിയായി മനുഷ്യരുടെ ജീവിക്കാനുള്ള അവകാശങ്ങൾക്ക് ഭീഷണിയുയർത്തുന്ന വംശഹത്യാ രാഷ്ട്രീയത്തിനെതിരെ അവർ നിർഭയമായി പോരാടി.

ഭരണഘടനയും മനുഷ്യാവകാശ തത്വങ്ങളും സംരക്ഷിക്കാനുള്ള പോരാട്ടത്തിലൂടെ മാത്രമെ ഇന്ന് ഹിന്ദുത്വ വാദികൾക്കെതിരായ പ്രതിരോധത്തിന്റെ വിശാല മുന്നണി കെട്ടിപ്പടുക്കാനാവൂ.



**നുപൂർശർമ്മയുടെ ചാനൽ ചർച്ചക്കിടയിലെ പ്രവാചകനിന്ദയെയും വിദ്വേഷ പ്രചാരണത്തെയും തുറന്നു കാണിച്ചതിന് പ്രതികാരമായിട്ടാണല്ലോ ആർട്സ് ന്യൂസ് സ്ഥാപകൻ മുഹമ്മദ് സുബൈറിനെതിരെ കേസെടുത്ത് ജയിലടച്ചത്. 2020ലെ ഒരു ട്വീറ്റിന്റെ പേരിലാണ് രാജ്യദ്രോഹ കുറ്റം ചുമത്തിയത്.**

നുപൂർശർമ്മയുടെ ചാനൽ ചർച്ചക്കിടയിലെ പ്രവാചകനിന്ദയെയും വിദ്വേഷ പ്രചാരണത്തെയും തുറന്നു കാണിച്ചതിന് പ്രതികാരമായിട്ടാണല്ലോ ആർട്സ് ന്യൂസ് സ്ഥാപകൻ മുഹമ്മദ് സുബൈറിനെതിരെ കേസെടുത്ത് ജയിലടച്ചത്. 2020ലെ ഒരു ട്വീറ്റിന്റെ പേരിലാണ് അദ്ദേഹത്തെ പിടികൂടി രാജ്യദ്രോഹം കുറ്റം ചുമത്തിയത്. എതിർക്കുന്നവരെയും വിമർശിക്കുന്നവരെയും സഹിക്കാനാവാത്ത മോഡി സർക്കാരിന്റെ ദുരധികാര പ്രയോഗങ്ങളാണിതൊക്കെ. അസഹിഷ്ണുതയും അക്രമോത്സുകതയും മോഡി സർക്കാറിന്റെ മുഖമുദ്രയായിരിക്കുന്നു. സ്വേച്ഛാധികാരത്തിന്റെ ദ്രംഷ്ടകൾ നീട്ടിയവർ ന്യൂനപക്ഷങ്ങളുടെയും ദളിതുകളുടെയും അവരോടൊപ്പം നില്ക്കുന്ന മനുഷ്യാവകാശ പ്രവർത്തകരുടെയും നേരെ പാഞ്ഞടുക്കുന്നതാണ് രാജ്യമെമ്പാടും ദർശിക്കാനാവുന്നത്. ജഹാംഗീർ പുരികളും കൊറോഗോണുകളും ഹിന്ദുത്വത്തിന്റെ ബുൾഡോസറുകൾ ഉരുളുന്നതാണ് കണ്ടത്.

ഒരു സ്വതന്ത്രപരമാധികാര ജനാധിപത്യ രാജ്യമായി ഇന്ത്യയെ നിലനിർത്തുന്നത് ഭരണഘടനാ മൂല്യങ്ങളാണ്. അതിനെതിരെ ദേശീയാധികാരം കയ്യടക്കിയ ആർഎസ്എസ് ഉയർത്തുന്ന ഭീഷണിയെ ഭരണഘടനയെ മുൻനിർത്തി തന്നെ പ്രതിരോധിക്കണം.

1921 ലെ അഹമ്മദാബാദ് എ ഐ സി സി സമ്മേളനത്തിൽ ഹസ്രത്ത് മൊഹാനി പൂർണ്ണസ്വരാജ് പ്രമേയം കൊണ്ടുവരുന്നതിലൂടെയാണ് സ്വതന്ത്രപരമാധികാര റിപ്പബ്ലിക്കിനെയും ഭരണഘടനയെയും സംബന്ധിച്ച ചർച്ചകൾ ദേശീയ പ്രസ്ഥാനത്തിൽ ഉയർന്നു വരുന്നത്. 1924 ലെ നാഗ്പൂർ എ ഐ സി സി സമ്മേളനത്തിലാണ് ബ്രിട്ടീഷ് പാർലമെന്റ് നിർമിക്കുന്ന ഇന്ത്യൻ ആക്റ്റുകളല്ല ഇന്ത്യക്ക് സ്വതന്ത്രമായ നിയമങ്ങൾ നിർമ്മിക്കണമെന്നും അതിനായി ഒരു ഭരണഘടനാ അസംബ്ലി രൂപീകരണമാവശ്യമാണെന്നും എം എൻ റോയി പ്രസംഗിച്ചത്. അവിടുന്നാണ് ഇന്ത്യൻ ഭരണഘടനാ നിർമ്മാണത്തിന്റെ ചരിത്രം ആരംഭിക്കുന്നത്.

1946ലെ കാബിനെറ്റ് മിഷൻ പദ്ധതിയുടെ കീഴിൽ രൂപവത്കരിച്ച ഭരണഘടനാ നിർമ്മാണസഭയെയായിരുന്നു ഇന്ത്യൻ ഭരണഘടന രൂപവത്കരിക്കുന്നതിനുള്ള ചുമതല ഏൽപിച്ചത്. ഈ സഭ, പതിമൂന്നു കമ്മിറ്റികൾ ചേർന്നതായിരുന്നു.

ഈ സഭയിലെ അംഗങ്ങളിൽ പ്രാദേശിക നിയമസഭകളിൽ നിന്ന് അവയിലെ അംഗങ്ങൾ തിരഞ്ഞെടുത്തവരും നാട്ടുരാജ്യങ്ങളുടെയും മറ്റു പ്രദേശങ്ങളുടെയും പ്രതിനിധികളും ഉണ്ടായിരുന്നു. ആകെ 389 അംഗങ്ങളുണ്ടായിരുന്ന സഭയുടെ അംഗത്വം പിന്നീട് ഇന്ത്യ വിഭജിക്കപ്പെട്ടപ്പോൾ 299 അംഗങ്ങളായി ചുരുങ്ങുകയാണുണ്ടായത് സഭയുടെ ഉദ്ഘാടനയോഗം 1946 ഡിസംബർ 9നാണ് നടന്നത്. 1949 നവംബർ 26 വരെ സഭ പ്രവർത്തിച്ചാണ് ഇന്നത്തെ ഭരണഘടനക്ക് രൂപം നൽകിയത്. ഡോ.സച്ചിദാനന്ദ സിൻഹ ആയിരുന്നു സഭയുടെ അന്നത്തെ താത്കാലിക അധ്യക്ഷനായിരുന്നത്. 1946 ഡിസംബർ 11ന് ഡോ.രാജേന്ദ്രപ്രസാദിനെ സഭയുടെ പ്രസിഡന്റായി തിരഞ്ഞെടുത്തു. സഭയുടെ നിയമോപദേഷ്ടാവ് ശ്രീ ബി.എൻ.റാവു ആയിരുന്നു.

29 ഓഗസ്റ്റ് 1947–ന് സഭ, അന്നത്തെ നിയമമന്ത്രി ആയിരുന്ന ഡോ.ബി. ആർ.അംബേദ്കറിന്റെ നേതൃത്വത്തിൽ ഒരു കരട് (ഡ്രാഫ്റ്റിംഗ്) കമ്മിറ്റി രൂപവത്കരിച്ചു. ശ്രീ. ബി.എൻ.റാവു ആയിരുന്നു ഭരണഘടനാ ഉപദേശകനായിരുന്നത്.

ഇന്ത്യൻ ഭരണഘടന എന്ന ദൗത്യം പൂർത്തിയാക്കാൻ കൃത്യം രണ്ടു വർഷം പതിനൊന്ന് മാസം പതിനെട്ട് ദിവസം വേണ്ടി വന്നു. ആകെ 165 ദിവസത്തോളം നീണ്ട ചർച്ചകൾ സഭയിൽ നടന്നു. ഇവയിൽ 114 ദിവസവും കരട് ഭരണഘടനയുടെ ചർച്ചയായിരുന്നു നടന്നത്. വ്യത്യസ്ത അഭിപ്രായങ്ങൾ നിലപാടുകൾ വീക്ഷണങ്ങൾ എല്ലാം അവതരിപ്പിക്കപ്പെട്ട ബൃഹത്തായ സംവാദം നടന്നു. കരടു ഭരണഘടനയിൽ 7,635 ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടു. 2,437 ഭേദഗതികൾ തീരുമാനിക്കപ്പെട്ടു. ഭരണഘടനയുടെ ആദ്യപകർപ്പ് 1948 ഫെബ്രുവരി 28 ന് പ്രസിദ്ധീകരിച്ചു.

1949 നവംബർ 26ന് ഘടകസഭ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപവത്കരിച്ച ഭരണഘടന അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ ഓർമ്മയ്ക്കായാണ് എല്ലാ വർഷവും നവംബർ 26ാം തീയതി ഇന്ത്യയിൽ നിയമദിനമായി ആചരിക്കുന്നത്.

ഇന്ത്യയുടെ ഭരണഘടനയിൽ സഭയുടെ അംഗങ്ങൾ ഒപ്പുവെക്കുന്നത് 1950 ജനുവരി 24നാണ്. തുടർന്ന് ഭരണഘടനാ പ്രഖ്യാപനവും ഭരണഘടന പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്തത് 1950 ജനുവരി 26നായിരുന്നു. ഇതിന്റെ ഓർമ്മക്ക് എല്ലാ വർഷവും ജനുവരി 26ാം തീയതി ഇന്ത്യ റിപ്പബ്ലിക്ക് ദിനമായി ആചരിക്കുന്നു.

ഘടകസഭയുടെ അന്തിമ അംഗീകാരം ലഭിക്കുമ്പോൾ ഇന്ത്യൻ ഭരണഘടനയിൽ 395 വകുപ്പുകളും 8 പട്ടികകളും മാത്രമാണു ണ്ടായിരുന്നത്. ഇപ്പോൾ, 444ലേറെ വകുപ്പുകളും 12 പട്ടികകളും ഭരണഘടനയിലുണ്ട്. ഏറ്റവും അധികം ഭേദഗതികൾക്കു, 100 ൽ പരം വിധേയമായ ഭരണഘടനയും ഇന്ത്യയുടേതാണെന്ന് പറയുന്നു.

ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ സാമൂഹ്യധാരകളും ഭരണഘടനയുടെ രൂപവൽക്കരണത്തിൽ അവരുടേതായ സംഭാവന നൽകി പങ്കുവഹിച്ചു. ഭരണഘടനാ അസംബ്ലി 1949 നവംബർ 26ന് ഭരണഘടനക്ക് അന്തിമരൂപം നൽകി അംഗീകരിച്ചതിന്റെ തൊട്ടടുത്ത ദിവസമിറങ്ങിയ ആർഎസ്എസ് മുഖപത്രം ഓർഗനൈസർ ഭരണഘടന അംഗീകരിക്കാനാവില്ലെന്നും ഇന്ത്യക്ക് അഭികാമ്യമായ മനുവിന്റെ ദർശനങ്ങളെ' അടിസ്ഥാനമാക്കാത്ത ഭരണഘടനയെ തള്ളിക്കളയുന്നുവെന്നുമാണ് എഡിറ്റോറിയലിൽ എഴുതിയത്. അവരാണ് ഭരണഘടനക്ക് മരണം വിധിക്കുന്ന നടപടികളിലൂടെ ഇന്ത്യയുടെ മതനിരപേക്ഷ ജനാധിപത്യരാഷ്ട്ര ഘടനയെ അസ്ഥിരീകരിക്കാനുള്ള അധികാരപ്രയോഗങ്ങൾ നടത്തികൊണ്ടിരിക്കുന്നത്. •




**ഭരണഘടനാ അസംബ്ലി 1949 നവംബർ 26ന് ഭരണഘടനക്ക് അന്തിമരൂപം നൽകി അംഗീകരിച്ചതിന്റെ തൊട്ടടുത്ത ദിവസമിറങ്ങിയ ആർഎസ്എസ് മുഖപത്രം ഓർഗനൈസർ ഭരണഘടന അംഗീകരിക്കാനാവില്ലെന്നും ഇന്ത്യക്ക് അഭികാമ്യമായ മനുവിന്റെ ദർശനങ്ങളെ അടിസ്ഥാനമാക്കാത്ത ഭരണഘടനയെ തള്ളിക്കളയുന്നുവെന്നുമാണ് എഡിറ്റോറിയലിൽ എഴുതിയത്.**



> “ദേശീയ രാഷ്ട്രീയത്തിൽ ഇടപെടേണ്ട അവസരത്തിൽ കോൺഗ്രസ് ഇടപെടുന്നില്ല. ജനങ്ങളെ അണിനിരത്താൻ തയാറാകുന്നില്ല. ബിജെപിക്ക് ബദലായി കോൺഗ്രസിന് വരാൻ കഴിയില്ലെന്ന് ചരിത്രം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യമാകെ അപ്രഖ്യാപിത അടിയന്തരാവസ്ഥയിലേക്ക് നീങ്ങുകയാണ്. ഈ സമയത്ത് ഇന്ത്യയിലെ ദേശീയ പ്രതിപക്ഷമെന്ന നിലയിൽ അറിയപ്പെടുന്ന കോൺഗ്രസിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല. ”

# വികസനത്തിന് മുൻഗണന

**കേരള നിയമസഭയിൽ ധനാഭ്യർഥനയെ പിന്തുണച്ചുകൊണ്ട് സ. പി. നന്ദകുമാർ എം.എൽ.എ. നടത്തിയ പ്രസംഗം.**

എഫ്ആർബിഎമ്മിന്റെ പേരിൽ സംസ്ഥാനങ്ങളെ വിരട്ടുകയാണ് കേന്ദ്രം ചെയ്യുന്നത്. മുതലാളിത്ത അപ്പോസ്തലനായ യു.എസിലെ ഡെബ്റ്റ് ജിഡിപി റേഷ്യോ 108 ശതമാനമാണ്. ജപ്പാന്റേത് 236.14 ശതമാനവും ഇന്ത്യയുടേത് 85 ശതമാനവുമാണ്. സംസ്ഥാനങ്ങളുടെ സ്ഥിതി നോക്കുകയാണെങ്കിൽ കേരളത്തിന്റെ ഡെബ്റ്റ്ജിഎസ്ഡിപി റേഷ്യോ 37.2 ശതമാനമാണ്. രാജസ്ഥാൻ 39.8 ശതമാനമാണ്. കോൺഗ്രസ് ഇന്നലെവരെ ഭരിച്ചിരുന്ന പഞ്ചാബിൽ 53.3 ശതമാനമാണ് ഡെബ്റ്റ്ജിഎസ്ഡിപി റേഷ്യോ. കടമെടുക്കുന്നത് വലിയൊരു അപരാധമായിട്ടാണ് ചില ആളുകൾ ചിത്രീകരിച്ചത്. പബ്ലിക് ഫിനാൻസിന്റെ അടിസ്ഥാന തത്വങ്ങളെപ്പറ്റി ധാരണയുള്ള ആരും അങ്ങനെ പറയില്ല. എടുക്കുന്ന കടം എന്തിനു വേണ്ടി വിനിയോഗിക്കുന്നു എന്ന് മാത്രം നോക്കിയാൽ മതി. എൽ.ഡി.എഫ് സർക്കാരിന് ഒരു മാനിഫെസ്റ്റോയുണ്ട്. ആ മാനിഫെസ്റ്റോയിൽ സംസ്ഥാനത്തിന്റെ ധനവിനിയോഗത്തെ സംബന്ധിച്ച് അതായത് ആർക്കുവേണ്ടി എങ്ങനെ വിനിയോഗിക്കുമെന്നുള്ളത് സംബന്ധിച്ച് വളരെ വ്യക്തമായി പറയുന്നുമുണ്ട്.

യുഡിഎഫിന്റെ കാലത്തെ സ്ഥിതിയെന്താണ്. ശ്രീ എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഇവിടെ 2002 ജൂലൈ മാസം 16ാം തീയതി ഇറക്കിയ ഒരുത്തരവുണ്ട്. അന്ന് ജീവനക്കാരുടെ പ്രക്ഷോഭം നടന്നത് സംബന്ധിച്ച്, 2002 മാർച്ച് അഞ്ചിന് ഒരടിയന്തിര പ്രമേയത്തിന് മുഖ്യമന്ത്രി ശ്രീ.എ.കെ.ആന്റണി സഭയിൽ മറുപടി പറഞ്ഞത്, 'പണമില്ലെന്ന് അറിയാം. ട്രഷറി കാലിയാണ്. എവിടെനിന്നാണ് പണം കിട്ടുന്നത്. ഇങ്ങനെ പോയാൽ ശമ്പളം കൊടുക്കാൻ കഴിയില്ല എന്നാണ്. അതുപോലെയാണോ കേരളത്തിൽ സാമ്പത്തിക പ്രയാസം അഭിമുഖീകരിക്കുന്ന ഈ സമയത്ത് എടുക്കുന്നത്? കേരളത്തിൽ സാമ്പത്തിക പ്രയാസമുണ്ടെന്നുള്ള കാര്യം ധനകാര്യ വകുപ്പുമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. സാമ്പത്തിക പ്രയാസം കാരണം ഒരു വികസന പ്രവർത്തനങ്ങളും തടയില്ല. ഒരു പൊതുമേഖലാ സ്ഥാപനവും പൂട്ടില്ല.

യുഡിഎഫ് കാലത്ത് സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടാൻ വേണ്ടി ആർ.സി.ചൗധരി ചെയർമാനായി എന്റർപ്രൈസസ് രീഫോംസ് കമ്മിറ്റിയുണ്ടാക്കി. ആ റിപ്പോർട്ട് 48 കമ്പനികൾ മോശമാണെന്ന് പറഞ്ഞു. 30 സ്ഥാപനങ്ങളുടെ കാര്യത്തിൽ ഉത്തരവിടുകയും 9 എണ്ണം പൂട്ടുകയും ചെയ്തു. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്ന ശേഷം ആ സ്ഥാപനങ്ങൾ തുറന്നത് പ്രവർത്തിപ്പിച്ചു. തൊഴിലാളികളുടെ കഞ്ഞിയിൽ മണ്ണ് വാരിയിടാൻ ഒരിക്കലും എൽഡിഎഫ് ഗവൺമെന്റ് തയ്യാറാകില്ല. ശ്രീ.കെ.പി.രാജേന്ദ്രൻ ശ്രദ്ധ ക്ഷണിക്കൽ പ്രമേയം കൊണ്ടു വന്നതിന് ശ്രീ.കുഞ്ഞാലിക്കുട്ടി നൽകിയ മറുപടി, "ആരു വിചാരിച്ചാലും ആ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കി കൊണ്ടുപോകാനും നിലനിർത്താനും സാധിക്കില്ലെന്നാണ്". ആ സ്ഥാപനങ്ങൾ കേരളത്തിൽ തന്നെ നിലനിർത്തി മെച്ചപ്പെട്ട രൂപത്തിലേക്ക് കൊണ്ടുപോകാൻ കഴിയുമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കാണിച്ചുകൊടുത്തു. കുറ്റിപ്പുറത്ത് ഒരു കേരള സ്റ്റേറ്റ് ഡിറ്റർജന്റ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ് (കെഎസ്ഡിസി) എന്ന ഒരു പൊതുമേഖലാ സ്ഥാപനമുണ്ടായിരുന്നു. ഇന്ത്യയിൽ ആദ്യമായി ഡിറ്റർജന്റ് പൗഡർ ഉൽപ്പാദിപ്പിക്കുന്ന പൊതുമേഖലാസ്ഥാപനമായിരുന്നു. ആ സ്ഥാപനത്തിനകത്ത് പൗഡർ ഉല്പാ

ദിപ്പിച്ചുകൊണ്ട് 'സ്കോർ' എന്ന പേരിൽ മാർക്കറ്റിലിറക്കി. നല്ലനിലയിൽ മാർക്കറ്റ് ഷെയറും കിട്ടി. ഒരു സുപ്രഭാതത്തിൽ ഹിന്ദുസ്ഥാൻ ലിവറിന് ഉൽപ്പന്നം കൊടുക്കാൻ തീരുമാനമെടുത്തത്. അങ്ങനെ ഹിന്ദുസ്ഥാൻ ലിവറിനു കൊടുത്തു. കുറച്ചുകാലം കഴിഞ്ഞപ്പോൾ അവർക്ക് പൗഡർ വേണ്ടായെന്ന് പറഞ്ഞതോടുകൂടി ആ സ്ഥാപനം പൂട്ടേണ്ട അവസ്ഥയിലേക്ക് വന്നു.

2003ൽ യുഡിഎഫ് സർക്കാർ സംസ്ഥാനത്ത് ആദായകരമല്ലെന്ന് കണ്ടെത്തിയ സ്കൂളുകളുടെ എണ്ണം 3720 ഇവയിൽ 2253 എൽപി സ്കൂളുകളും 369 യുപി സ്കൂളുകളും 68 സ്കൂളുകളും ഉൾപ്പെടുന്നു. ഇവയിൽ 37 എൽ.പി സ്കൂളുകളും 7 യു.പിസ്കൂളുകളും 3 ഹൈസ്കൂളുകളും നിർത്തലാക്കി. ഇന്ന് ആ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കിഫ്ബി ഫണ്ടുപയോഗിച്ചും മറ്റും ഹൈടെക് വിദ്യാഭ്യാസ സ്ഥാപനങ്ങളാക്കി മെച്ചപ്പെടുത്തി. 3984 കോടി രൂപ വിനിയോഗിച്ച് 194 വിദ്യാലയങ്ങൾക്ക് മെച്ചപ്പെട്ട രൂപത്തിൽ കെട്ടിടങ്ങൾ നിർമ്മിച്ചു. ചില പത്രങ്ങളും മാധ്യമ മുത്തശ്ശിമാരും സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പറഞ്ഞത് കേരളത്തിൽ സാമൂഹിക ക്ഷേമ പദ്ധതികളടക്കം നിഷേധിക്കാൻ പോകുന്നുവെന്നാണ്. പാവപ്പെട്ട ജനങ്ങളോട് പ്രതിബദ്ധതയുള്ള ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. ആ ഗവൺമെന്റ് പാവപ്പെട്ടവരുടെ കഞ്ഞിയിൽ ഒരിക്കലും പൂഴി വാരിയിടില്ല. അവരെ സംരക്ഷിക്കും. കഴിഞ്ഞ ഒരു വർഷക്കാലമായി റവന്യൂ വകുപ്പിന്റെ പ്രവർത്തനം എത്ര മെച്ചപ്പെട്ട രൂപത്തിലാണ് നടക്കുന്നത്. ഇന്ത്യയ്ക്ക് ആകെ മാതൃകയായ റവന്യൂ വകുപ്പ് പ്രഖ്യാപിച്ച ആപ്തവാക്യം പ്രാവർത്തികമാക്കാൻ ഒരു ഭഗീരത ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഏവർക്കും ഭൂമി, മിച്ചഭൂമി കേസ് ഒത്തുതീർപ്പാക്കാൻ ഇടപെടുന്നത്, പട്ടയം വിതരണത്തിൽ ചരിത്രനേട്ടമുണ്ടാക്കാൻ ശ്രമിക്കുന്നത് എന്നിവയെല്ലാം. ഡാഷ്ബോർഡിന്റെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയണം. വില്ലേജ് ഓഫീസുകളും താലൂക്ക് ഓഫീസുകളും ഒരു നിശ്ചിത സമയത്തിനകം സ്മാർട്ടാക്കാൻ കഴിയുമെന്ന് ഉറപ്പുവരുത്താൻ കഴിയണം.

പ്രതിപക്ഷത്തിന്റെ രാഷ്ട്രപതി സ്ഥാനാർത്ഥിയായ ബഹുമാനപ്പെട്ട യശ്വന്ത് സിൻഹ പറഞ്ഞത് 1975ൽ അടിയന്തിരാവസ്ഥയെപ്പറ്റിയും ഇപ്പോഴത്തെ അപ്രഖ്യാപിത അടിയന്തരാവസ്ഥയെ പറ്റിയുമാണ്. അതും അർത്ഥവത്താണ്. അതിന്റെ വക്താക്കളും പ്രയോക്താക്കളുമായ ആളുകളെ സംബന്ധിച്ച് അതിന്റെ അർത്ഥം പൂർണമായും മനസ്സിലാക്കാനും പ്രതികരിക്കാനും കഴിയില്ല. ഈ അപ്രഖ്യാപിത അടിയന്തിരാവസ്ഥ കാലത്ത് രാജ്യത്താകെ വർഗ്ഗീയവത്ക്കരണം ശക്തമായി കൊണ്ടുപോകുമ്പോൾ ജനങ്ങളെയാകെ ഭിന്നിപ്പിക്കാനുള്ള നീക്കമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. മൃദു ഹിന്ദുത്വ സമീപനമാണ് കോൺഗ്രസ് നടത്തുന്നത്. ഒരു വിഷയത്തിനു മുകളിൽ വ്യക്തമായ സമീപനം കൈക്കൊള്ളാൻ കോൺഗ്രസിന് കഴിയുന്നുണ്ടോ?

നമ്മുടെ രാജ്യമാകെ ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് അഗ്നിപഥ്. അതിനെതിരെ രാജ്യത്താകെ പ്രക്ഷോഭ സമരങ്ങൾ നടക്കുകയാണ് ചെയ്യുന്നത്. ആ വിഷയത്തിൽ കോൺഗ്രസിൽ ഏക അഭിപ്രായമില്ല. രാജ്യത്താകെ കത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ, രാജ്യത്തെ വർഗീയവൽക്കാൻ വേണ്ടി ആർഎസ്എസുകാരെ റിക്രൂട്ട് ചെയ്യാൻവേണ്ടി ഒരു പ്രത്യേകമായി റിക്രൂട്ട്മെന്റ് സംവിധാനമുണ്ടാക്കി അപകടകരമായ അവസ്ഥയിലേക്ക് പോകുമ്പോൾ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രതിപക്ഷമായ കോൺഗ്രസിന്റെ സമീപനം നിരാശാജനകമാണ്.

കഴിഞ്ഞ ഏപ്രിൽ രണ്ട് മുതൽ ഒരുമാസക്കാലം വടക്കേയിന്ത്യയിൽ വർഗീയ കലാപം നടന്നു. ബോധപൂർവമായി വർഗീയ ധ്രുവീകരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള കലാപം നടന്നു. അതിനെ ചെറുക്കാൻ കോൺഗ്രസിന് കഴിഞ്ഞില്ല. താൽക്കാലികമായ രാഷ്ട്രീയ ലാഭത്തിനുവേണ്ടി മൃദുഹിന്ദുത്വ സമീപനം സ്വീകരിച്ചുകൊണ്ട് വോട്ട് കിട്ടുമെന്ന മിഥ്യാധാരണയുമായി കോൺഗ്രസ് മുന്നോട്ടുപോകുകയാണ് ചെയ്യുന്നത്.

തൊഴിലാളിവിരുദ്ധ നയത്തിന്റെ ഏറ്റവും പുതിയ മുഖമാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ലേബർ കോഡ്. അത് അടിയന്തരമായി നടപ്പാക്കുമെന്നാണ് പറയുന്നത്. ഇന്ത്യയിലെ എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും യോജിച്ച് പണിമുടക്കിലേക്ക് നീങ്ങിയപ്പോൾ കോൺഗ്രസ് രാഷ്ട്രീയ പ്രസ്ഥാനം നേതൃത്വം നൽകുന്ന ഗവൺമെന്റുകളുടെ സമീപനമെന്താണ്? ഇപ്പോഴത്തെ ഈ നിയമവുമായി ബന്ധപ്പെട്ട കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള റൂൾസ് എടുത്ത് നോക്കണം. കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന് അനുകൂലമായൊരു സമീപനമാണ് അവർ അതിൽ സ്വീകരിച്ചിരിക്കുന്നത്. ഇതാണോ കോൺഗ്രസിന്റെ നയം. ദേശീയ രാഷ്ട്രീയത്തിൽ ഇടപെടേണ്ട അവസരത്തിൽ ഇടപെടുന്നില്ല. ജനങ്ങളെ അണിനിരത്താൻ തയാറാകുന്നില്ല. ബിജെപിക്ക് ബദലായി കോൺഗ്രസിന് വരാൻ കഴിയില്ലെന്ന് ചരിത്രം തെളിയിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ.ബി. ശ്രീകുമാറിനെയും ശ്രീമതി. ടീസ്റ്റ സെതിൽവാദിനെയുമൊക്കെ അറസ്റ്റു ചെയ്ത് ജയിലിൽ അടച്ചിരിക്കുകയാണ്. ബഹുമാന്യനായ യശ്വന്തം സിൻഹ പറഞ്ഞതുപോലെ രാജ്യമാകെ അപ്രഖ്യാപിത അടിയന്തരാവസ്ഥയിലേക്ക് നീങ്ങുകയാണ്. ഈ സമയത്ത് ഇന്ത്യയിലെ ദേശീയ പ്രതിപക്ഷമെന്ന നിലയിൽ അറിയപ്പെടുന്ന കോൺഗ്രസിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല.●

# സൈനിക സേവനം പരിമിതപ്പെടുത്തുന്നതും തൊഴിൽരഹിതരെ വഞ്ചിക്കുന്നതും ആപത്കരം



കെ.എൻ.ഗോപിനാഥ്

**അഗ്നിപഥിനെതിരെ ഉയർന്ന പ്രതിഷേധം തൊഴിലില്ലായ്മക്കെതിരെ ഉയരുന്ന പ്രതിഷേധത്തിന്റെ അഗ്നിപടലങ്ങളായി കാണാൻ കഴിയണം. അഗ്നിപഥ് പ്രക്ഷോഭം ഒരു വെടിമരുന്ന് മാത്രമാണ്. ഉദാരവൽക്കരണത്തിനെതിരെ കഴിഞ്ഞ മൂന്ന് പതിറ്റാണ്ട് നടന്ന പ്രക്ഷോഭ സമരം കനക്കുവാൻ അഗ്നിപഥും ആയുധമാക്കാൻ തൊഴിലാളി വർഗ്ഗവും ട്രേഡ് യൂണിയനുകളും സജ്ജമാകേണ്ടിയിരിക്കുന്നു.**

അഗ്നിപഥ് ഉയർത്തുന്നത് ആപത് സൂചനയാണ്. അഥവാ അഗ്നിപഥ് റിക്രൂട്ട്മെന്റിന് ബിജെപി സർക്കാർ സർവ്വസൈന്യത്തെയും ഒരുക്കുന്നതിനിടയിൽ ഇന്ത്യയിലെ യുവതയും വിരൽ ചൂണ്ടുന്നത് ഇതാണ്. 2018 ൽ കേന്ദ്രബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് അന്നത്തെ ധനകാര്യമന്ത്രി ശ്രീ.അരുൺ ജയ്റ്റലി "ഫിക്സഡ് ടേം എപ്ലോയ്മെന്റ്" എന്ന നിർദ്ദേശം മുന്നോട്ടു വച്ചപ്പോൾ അതിന്റെ ദൂരവ്യാപകമായ അപകടം മനസിലാക്കിയ സീതാറാം യച്ചൂരി, തപൻസെൻ പിന്നീട് എളമരം കരീം ഉൾപ്പെടെയുള്ള ഇടതുപക്ഷ എംപിമാർ ബിജെപി സർക്കാരിന്റെ നിലപാടിനെ അന്നെതിർത്തത് മാധ്യമങ്ങൾ കാര്യമായി പ്രചരിപ്പിച്ചില്ല. "ഫിക്സഡ് ടേം എംപ്ലോയ്മെന്റ്" നടപ്പിലാക്കാനായി തൊഴിൽ നിയമങ്ങളിൽ പ്രധാനമായ "ഇന്ത്യൻ ഇൻഡസ്ട്രിയൽ സ്റ്റാന്റിംഗ് ഓർഡർ ഭേദഗതി ചെയ്യാനും സർക്കാർ തയ്യാറായി.

"നിശ്ചിതകാല തൊഴിലല്ല സ്ഥിരം തൊഴിലാണ് വേണ്ടത്" എന്നാവശ്യപ്പെട്ട് കേരളത്തിൽ സിഐടിയു, ഐഎൻറ്റിയുസി, എഐറ്റിയുസി, എസ്ടിയു, എച്ച്എംഎസ്, യുറ്റിയുസി, എഐയുറ്റിയുസി, ടിയുസിഐ, സേവ ഉൾപ്പെടെ ട്രേഡ് യൂണിയനുകൾ 2018 മാർച്ചിൽ സംസ്ഥാനവ്യാപകമായി പണിമുടക്കിയപ്പോഴും അതിനൊന്നും കാര്യമായ വാർത്താപ്രാധാന്യം നൽകുവാൻ മാധ്യമങ്ങൾ തയ്യാറായില്ല. ഡിവൈഎഫ്ഐ, എസ്എഫ്ഐ സംഘടനകളും, ട്രേഡ് യൂണിയനുകളും പാർലമെന്റിനുമുന്നിലുൾപ്പെടെ രാജ്യവ്യാപകമായ പ്രതിഷേധം സംഘടിപ്പിച്ചു. ഡിവൈഎഫ്ഐ രാജ്യത്തെ കേന്ദ്രസർക്കാർ ഓഫീസുകൾ മൂന്നു ദിവസം തുടർച്ചയായി ഉപരോധിച്ചു.

## മാധ്യമങ്ങളുടെ അജണ്ട

ഇപ്പോൾ ഫിക്സഡ് ടേം എംപ്ലോയ്മെന്റിന്റെ മറ്റൊരു പതിപ്പായ സൈന്യത്തിലെ അഗ്നിപഥ് പദ്ധതി പിൻവലിക്കണമെന്നാവശ്യപ്പെട്ട് രാജ്യത്ത് അക്രമണോത്സുകമായ പ്രതിരോധങ്ങൾ, തീവണ്ടി കത്തിക്കൽ അടക്കം അരാജകസമരങ്ങളിലേക്ക് നീങ്ങിയപ്പോൾ മതിയായ വാർത്താപ്രാധാന്യം കൈവന്നിരിക്കുന്നു. തത്വാധിഷ്ഠിത രാഷ്ട്രീയത്തിനും മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിനും ഒരു പ്രധാന്യവും നൽകാത്ത മാധ്യമ കുത്തകകൾ അരാഷ്ട്രീയ, അരാജക സമരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതായി മനസിലാക്കാൻ അധികമൊന്നും ഗവേഷണം നടത്തേണ്ടതില്ല.

പ്ലാന്റേഷൻ തൊഴിലാളികളുടെ ആവശ്യങ്ങൾ ഉയർത്തി എത്രയോ കാലങ്ങളായി സിഐടിയു അടക്കം ട്രേഡ് യൂണിയനുകൾ പോരാടുന്നു. എന്നാൽ "പെമ്പിളൈ ഒരുമൈ" ഒരാഴ്ച മൂന്നാർ റോഡ് ഉപരോധം നടത്തിയപ്പോൾ മാത്രമാണ് മാധ്യമക്യാമറകളും പത്രങ്ങളുടെ എഡിറ്റോറിയലുകളും റണ്ണിംഗ് കമന്ററിയുമായി അവതരിച്ചത്.

ആശുപത്രി ജീവനക്കാരുടെയും നഴ്സുമാരുടെയും പ്രശ്നങ്ങൾ ട്രേഡ് യൂണിയനുകൾ രൂപീകരിച്ച് വ്യവസ്ഥാപിതമായ രീതിയിൽ ഉയർത്തിക്കൊണ്ടുവന്ന എത്രയോ സമരങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്. അതിനൊന്നും പ്രധാന്യം കാണിക്കാൻ തയ്യാറാകാതിരുന്ന മീഡിയ, യുഎൻഎ എന്ന സംഘടന പൊട്ടിമുളച്ച് സംസ്ഥാനത്തെ ആശുപത്രികൾ നിശ്ചലമാക്കിയപ്പോഴാണ് ആ വിഭാഗം ജീവനക്കാർക്ക്

വേണ്ടി മാധ്യമ നിര രംഗത്ത് വന്ന് പിന്തുണ പ്രഖ്യാപിച്ചത്. സിഐടിയു ആണെങ്കിൽ "രോഗികളെയും വിടാത്ത സിഐടിയു" എന്ന് പ്രചരിപ്പിച്ചേനെ

മാർച്ച് 28, 29 തീയതികളിൽ 25 കോടി തൊഴിലാളികൾ സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് കീഴിൽ അണിനിരന്നപ്പോൾ മാധ്യമ കുത്തകകൾ ആക്ഷേപിച്ച് ചവിട്ടിക്കൂട്ടി. ട്രേഡ് യൂണിയനുകൾ ആഹ്വാനം ചെയ്ത പണിമുടക്കിന്റെ പ്രധാനമായ ആവശ്യങ്ങളിൽ ഒന്ന് ഫിക്സഡ് ടേം എപ്ലോയ്മെന്റ് അടക്കം, നിർദ്ദിഷ്ട തൊഴിൽ നിയമഭേദഗതികൾ ഉപേക്ഷിക്കണമെന്നതായിരുന്നു. പണിമുടക്കിന് ആഹ്വാനം ചെയ്ത സിഐടിയു വിന്റെ നേതാവ് എളമരം കരീമിന്റെ കരണകുറ്റി അടിച്ച് പൊട്ടിക്കണം എന്നുവരെ ആക്രോശിച്ച മാധ്യമം നൂറോളം തീവണ്ടികൾ കത്തിച്ചിട്ടും രാജ്യതലസ്ഥാനം ഉൾപ്പെടെ ബിജെപി ഭരിക്കുന്ന എല്ലാ സംസ്ഥാനങ്ങളിലും അക്രമങ്ങൾ നടന്നിട്ടും ഒരാളുടെയും കരണകുറ്റി അടിച്ച് പൊട്ടിക്കണം എന്ന് പറയാഞ്ഞത് വീണ്ടുവിചാരമാണെന്ന് വിശ്വസിക്കാമോ? അതോ ഓന്തിന്റെ നിറമാറ്റമായി കണക്കാക്കണോ?

## വർഗീയത മൂലധനഒഴുക്കിന് വഴിയൊരുക്കുന്നു

മൂലധനംലാഭം മാത്രം കേന്ദ്രീകരിച്ച് കണ്ണുംമൂക്കുമില്ലാതെ ഒഴുകുമ്പോൾ തൊഴിലാളിവർഗത്തിനെതിരായ ചൂഷണം അതിന്റെ പാരമ്യത്തിലെത്തുകയാണ്. ഈ അനുഭവം തൊഴിലാളിവർഗ്ഗത്തെയും, കർഷകജന സാമാന്യത്തെയും പോരാട്ടങ്ങളിലേക്കും പ്രതിരോധങ്ങളിലേക്കും യോജിച്ച് അണിനിരത്തുന്ന രീതിയിലേക്ക് മുന്നേറുകയാണ് ചെയ്യുന്നത്. ഈ അപകടം നന്നായി തിരിച്ചറിയുന്ന സംഘപരിവാർ നേതൃത്വം നൽകുന്ന ബിജെപി സർക്കാരും മൂലധനശക്തികളും തോളോട് തോൾ ചേർന്ന് നിൽക്കുവാൻ ധാരണയാകുന്നതിന്റെ പുതിയ സമവാക്യങ്ങളാണ് ഇന്ന് ഇന്ത്യയിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന വർഗീയതയും വർഗീയ കലാപങ്ങളും കർഷകനിയമങ്ങളുടെ ഭേദഗതിയും, പുതിയ ലേബർകോഡുകളും, നിശ്ചിതകാല തൊഴിലും, പൊതുമേഖലാസ്വകാര്യവൽക്കരണവും, എൽഐസി ഓഹരിവിൽപ്പനയും, അഗ്നിപഥും, മെയ്ക്ക് ഇൻ ഇന്ത്യയും, പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെ ഭാഷയിൽ "ഈസ് ഓഫ് ഡ്യൂയിംഗ് ബിസിനസിന്റെ ഭാഗമാണ്.

## പുതിയ അവസരങ്ങൾ സൃഷ്ടിക്കാതെ ഉള്ളവ വീതം വയ്ക്കുന്നു

ഉൽപാദനമേഖല പൂർണമായി സ്വകാര്യമേഖലയ്ക്ക് കൈമാറാൻ തീരുമാനങ്ങളുമായി വരുന്ന ബിജെപി ഭരണം ഇന്ത്യൻ ദേശീയതയെയും പൊതുമേഖലയെയും ഫലത്തിൽ വെല്ലുവിളിക്കുകയാണ്. പ്രതിരോധമേഖലയിലെ ഓർഡനൻസ് ഫാക്ടറികളെ പ്രത്യേക കമ്പനികളാക്കി തിരിച്ച്, ടെലികോമിനെ തകർത്ത അതേ അർത്ഥശാസ്ത്രം വഴി സ്വകാര്യവൽക്കരിക്കാൻ നീക്കങ്ങൾ പൂർത്തീകരിച്ചിരിക്കുകയാണ്. അഗ്നിപഥ് പ്രഖ്യാപനം ഇന്ത്യൻ സൈന്യത്തിന്റെ കാര്യക്ഷമതയും, കെട്ടുറപ്പും തകർക്കാനാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഉൽപ്പാദനമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് പകരം തൊഴിലവസരങ്ങൾ വീതം വയ്ക്കുന്ന പുതിയ ഇന്ത്യയെയാണ് നിശ്ചിതകാല തൊഴിലിലൂടെ ബിജെപി സർക്കാർ കെട്ടിപ്പടുക്കുവാൻ ഒരുങ്ങുന്നത്. അധമ രാഷ്ട്രീയത്തിന്റെ വക്താക്കൾ ആർഎസ്എസ് ഉൾപ്പെടുന്ന ജാതിവർഗീയതയുടെ പ്രതിരൂപത്തിൽ മൂലധനശക്തികൾക്ക് കുട പിടിക്കുമ്പോൾ "സത്യാനന്തരം" എന്ന ചരിത്ര ഭാഗങ്ങൾ ഭാവിതലമുറയ്ക്കായുള്ള ഓർമാധ്യായങ്ങളായി പുറത്തേക്ക് വരുന്നുണ്ട് എന്നത് ആശ്വാസകരമാണ്. വലതുപക്ഷ അജണ്ടയുമായി വാളേന്തി നിൽക്കുന്ന മാധ്യമങ്ങൾ അരാജക സമരങ്ങളെ പ്രോത്സാഹിപ്പിച്ച് യുവതലമുറയെ വഴിതെറ്റിക്കുന്ന കാഴ്ചയാണ് അഗ്നിപഥ് സമരവീഥിയിൽ നാം കണ്ട കാഴ്ചകൾ. വാശിയോട് കൂടി വന്ന ആ സമരങ്ങൾ പെമ്പിളൈ ഒരുമ പോലെയും, യുഎൻഎ സമരം പോലെയും കെട്ടടങ്ങിയ കാഴ്ചയാണ് എവിടെയും. ഇത്തരുണത്തിൽ തൊഴിലാളി വർഗത്തെ ശരിയായി ശിക്ഷണത്തോടെ പോരാട്ടങ്ങളിലേക്ക് നയിക്കുന്ന ഉത്തരവാദപ്പെട്ട ട്രേഡ് യൂണിയനുകളുടെ പ്രസക്തി വർദ്ധിപ്പിക്കുകയാണ്.

## അഗ്നിപഥ് സൈന്യത്തെ നിർവീര്യമാക്കും

പതിനേഴിനും ഇരുപത്തൊന്നിനും ഇടയിൽ പ്രായമുള്ളവരെ തെരഞ്ഞെടുത്ത് നാലുവർഷം പരിശീലിപ്പിച്ച് "അഗ്നിവീർ" പദവി നൽകി തെരുവിലേക്ക് ഇറക്കി വിടുന്നു. നിലവിൽ റാങ്ക് ലിസ്റ്റിൽ നിൽക്കുന്നവരോടുള്ള ചതിപ്രയോഗവും ഇതിനിടയിൽ ഒപ്പിച്ചത് കേന്ദ്രമന്ത്രി രാജ്നാഥ് സിംഗും ബിജെപിയുമാണ്. 25 ശതമാനത്തെ നിലനിർത്തി 75 ശതമാനത്തെ പുറത്തേക്ക് വിടുമ്പോൾ ഉന്നത പഠനം ലക്ഷ്യമില്ലാത്ത കായികമായ തൊഴിലുകൾ ലക്ഷ്യം വയ്ക്കാത്ത ഒരു യുവാവിനോ യുവതിക്കോ കമ്ഴന്നടിച്ച് വീഴാൻ ഇതിനേക്കാൾ വലിയ വാഗ്ദാനത്തിന്റെ ആവശ്യമില്ല. "ജയ് ജവാനും, ജയ്കിസാനും" എല്ലാം അഗ്നിപഥ് പദ്ധതിയിലൂടെ ചരിത്രാവശിഷ്ടമാകും. ലാഭം ഏറെയുണ്ടാകുമെന്നും ജീവിതം മാറുമെന്നും തേനിൽ ചാലിച്ചാണ് കർഷകരെ വഴിതെറ്റിക്കാൻ ശ്രമം നടന്നതെങ്കിൽ, ദേശസ്നേഹമെന്ന വികാരം കൊണ്ടാണ് യുവതയെ കൈയിലെടുക്കുവാൻ ശ്രമിക്കുന്നത്. രാജ്യാതിർത്തിയിൽ കാവലാളായി ജീവൻപോലും പണയം വച്ച് ഏവരെയും ആവേശം കയറ്റുന്ന സൈനികന്റെ ആശ്വാസം തന്റെ കുടുംബത്തിന് സർക്കാർ തണലുണ്ടെന്നതാണ്. ഈ ആത്മവിശ്വാസമാണ് ഏതൊരു ധീരജവാനെയും രാജ്യം കാക്കുന്ന പോരാളിയാക്കുന്നത്. കരാർ ജോലി പോലെ സൈന്യത്തെ അധ:പതിപ്പിക്കുന്ന

താണ് അഗ്നിപഥ് പദ്ധതി. നാലുവർഷത്തെ പരിശീലനം കൊണ്ട് ഒരു ആയോധകനെ സൃഷ്ടിക്കാമെന്നല്ലാതെ രാജ്യസ്നേഹമുള്ള ഒരു സൈനികനെ വാർത്തെടുക്കാനാകില്ല. കമാന്റ് ചെയ്യുന്നവനും ജവാനും തമ്മിലുള്ള ബന്ധം സുദൃഢമായിരിക്കണം. ഈ ഓഫീസർ-ജവാൻ ബന്ധമാണ് ഇന്ത്യൻ സൈന്യത്തിന്റെ നട്ടെല്ല്. അഗ്നിപഥ് പരീക്ഷിക്കേണ്ട ഒരു ലാബറട്ടറിയല്ല ഇന്ത്യൻ സൈന്യം.

ഇന്ത്യൻ സൈന്യത്തിലെ അഗ്നിപഥ് എന്ന പേരിലെ ”നിശ്ചിതകാലസേവനം” എന്നത് ദീർഘകാലസേവനം എന്നത് ഇല്ലാതാക്കലും ഒരു തരത്തിലുള്ള കരാർവൽക്കരണവുമാണ്. തൊഴിൽ രഹിതരോടുള്ള ഈ അവഗണന ക്രിമിനൽ കുറ്റമാണ്. ഇന്ത്യൻ ഭരണഘടനയെ പിച്ചിച്ചീന്തുന്ന മറ്റൊരു പദ്ധതിയാണ്. ബിഎസ്എഫിനെയും സിഎസ്എഫിനെയും, മറ്റ് സുരക്ഷാ ബറ്റാലിയനുകളെയും ഒഴിവാക്കി പ്രതിരോധം ഉൾപ്പെടെ നിരവധി പൊതുമേഖലാ സ്ഥാപനങ്ങളിൽ കരാർ സെക്യൂരിറ്റികളാണ് ഇപ്പോൾ വിന്യസിക്കപ്പെട്ടിട്ടുള്ളത്. അഗ്നിപഥ് യാഥാർത്ഥ്യമായാൽ ഇന്ത്യയിലെ പൊതുമേഖലാ സ്വകാര്യമേഖലാ വ്യത്യാസമില്ലാതെ എല്ലാ സ്ഥാപനങ്ങളിലും ഇനിമുതൽ 56, 58, 60, 65 വയസുവരെയുള്ള സ്ഥിരംതൊഴിൽ എന്നത് ഒരു മരീചികയായി മാറാൻ പോവുകയാണ്. തൊഴിലുള്ളവരും, ഇല്ലാത്തവരും ഒരുമിച്ച് കൈകോർക്കേണ്ട രാഷ്ട്രീയ സന്ദർഭമാണ് അനിവാര്യമായിരിക്കുന്നത്.

പ്രതിരോധം, സിവിൽ, ആഭ്യന്തരം, പോസ്റ്റൽ, റെയിൽവേ, റവന്യൂ എന്നീ സുപ്രധാന വകുപ്പുകളിൽ 2021 ൽ പാർലമെന്റിൽ അവതരിപ്പിച്ച കണക്ക് പ്രകാരം 30 ലക്ഷത്തിലധികം ഒഴിവുകൾ ഉണ്ടെന്നാണ് വ്യക്തമാക്കിയത്. സൈന്യത്തിലേക്കുള്ള കഴിഞ്ഞ റിക്രൂട്ട്മെന്റിൽ അപേക്ഷിച്ചവർ 2.42 കോടി പേരായിരുന്നു. 1200 കോടി രൂപയോളം അപേക്ഷ ഫീസിനത്തിൽ സൈന്യം വാങ്ങുകയും ചെയ്തു. വികലമായ ബിജെപി സർക്കാരിന്റെ സാമ്പത്തിക നയം തിരുത്താതെയും, പ്രതിരോധം, എൽഐസി ഉൾപ്പെടെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാതെയും ഇന്ത്യ ഇന്ന് നേരിടുന്ന തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയില്ല.

അഗ്നിപഥിനെതിരെ ഉയർന്ന പ്രതിഷേധം തൊഴിലില്ലായ്മക്കെതിരെ ഉയരുന്ന പ്രതിഷേധത്തിന്റെ അഗ്നിപടലങ്ങളായി കാണാൻ കഴിയണം. അഗ്നിപഥ് പ്രക്ഷോഭം ഒരു വെടിമരുന്ന് മാത്രമാണ്. ഉദാരവൽക്കരണത്തിനെതിരെ കഴിഞ്ഞ മൂന്ന് പതിറ്റാണ്ട് നടന്ന പ്രക്ഷോഭ സമരം കനക്കുവാൻ അഗ്നിപഥും ആയുധമാക്കാൻ തൊഴിലാളി വർഗ്ഗവും ട്രേഡ് യൂണിയനുകളും സജ്ജമാകേണ്ടിയിരിക്കുന്നു. •






# ലാറ്റിൻ അമേരിക്കയിൽ പിങ്ക് വേലിയേറ്റത്തിന്റെ തിരിച്ചുവരവ്

**സുബിൻ ഡെന്നിസ്**



ഗുസ്താവോ പെത്രോ

കൊളൊംബിയയിൽ 2022 ജൂണിൽ നടന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ സ്ഥാനാർത്ഥിയായ ഗുസ്താവോ പെത്രോ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതോടെ ലാറ്റിൻ അമേരിക്കയിലെ പിങ്ക് വേലിയേറ്റം അതിന്റെ രണ്ടാം വരവിൽ പുതിയൊരു നാഴികക്കല്ല് പിന്നിടുകയാണ്. ദശകങ്ങളായി യു.എസ്. സാമ്രാജ്യത്വത്തിന്റെ ഒരു പാവ ഭരണകൂടമായി പ്രവർത്തിച്ചുപോന്നിരുന്ന കൊളൊംബിയയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇടതുപക്ഷം അധികാരത്തിലെത്തുന്നത്.

ഈ വർഷം ഒക്ടോബറിൽ ബ്രസീലിൽ നടക്കാനിരിക്കുന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ നേതാവ് ലൂല ദാ സിൽവ ജയിക്കുകയാണെങ്കിൽ ലാറ്റിൻ അമേരിക്കയിലെ എല്ലാ വലിയ രാജ്യങ്ങളിലും സർക്കാരുകൾക്ക് ഇടതുപക്ഷം നേതൃത്വം നൽകുന്ന സ്ഥിതിയുണ്ടാകും.

ചിലെയിലെ സോഷ്യലിസ്റ്റ് പ്രസിഡന്റായിരുന്ന സാൽവദോർ അയെന്ദെയെ 1973ൽ യു.എസ്. പിന്തുണയോടെ അട്ടിമറിച്ച് സൈനിക ഭരണം സ്ഥാപിച്ച ഔഗുസ്തോ പിനോച്ചെയുടെ ഭരണകാലം മുതൽ നവലിബറലിസം എന്ന് ഇന്നു നാമറിയുന്ന ജനവിരുദ്ധ സാമ്പത്തിക നയങ്ങളുടെ ആദ്യത്തെ പരീക്ഷണശാലയായിരുന്നു ലാറ്റിൻ അമേരിക്ക. യു.എസ്. പിന്തുണയോടെ ലാറ്റിൻ അമേരിക്ക ഭരിച്ച സൈനിക ഭരണകൂടങ്ങൾ ഉൾപ്പെടെയുള്ള വലതുപക്ഷ ഭരണകൂടങ്ങളുടെ നയങ്ങൾ സൃഷ്ടിച്ച അരക്ഷിതാവസ്ഥ ജനങ്ങളെ പോരാട്ടങ്ങൾക്കായി തെരുവിലെത്തിച്ചു. സാമ്പത്തിക പ്രതിസന്ധി തൊഴിലാളി-കർഷക വർഗങ്ങളെക്കൂടാതെ മധ്യവർഗത്തെക്കൂടി സാരമായി ബാധിക്കുകയും വിവിധ രാജ്യങ്ങളിൽ ഇടതു പ്രസ്ഥാനങ്ങൾ കൈകോർത്ത് പോരാടുകയും ചെയ്തതോടെയാണ് ഇടതുപക്ഷത്തിന് അധികാരത്തിലേയ്ക്കുള്ള വഴിതെളിഞ്ഞത്.

ഇങ്ങനെ അധികാരത്തിലെത്തിയ പാർട്ടികളുടെയും നേതാക്കളുടെയും കാഴ്ചപ്പാടുകൾ തമ്മിൽ ഭരണകൂടത്തിന്റെ സ്വഭാവം, സാമ്പത്തിക നയങ്ങൾ, വിദേശകാര്യ നയം, എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ സുപ്രധാനമായ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. എല്ലാവരുടെയും നയങ്ങൾ ഒരുപോലെ ”ചുവപ്പ്” അല്ലാത്തതിനാൽ ലാറ്റിൻ അമേരിക്കയിലെ ഇടതുമുന്നേറ്റത്തെ ഒരു പിങ്ക് (ഇളംചുവപ്പ്) വേലിയേറ്റം (Pink Tide) ആയിട്ടാണ് വിശേഷിപ്പിക്കുന്നത്.

## വെനെസ്വേല

1998 ഡിസംബറിൽ വെനെസ്വേലയിൽ നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ യുഗോ ചാവേസ് വിജയിച്ചതോടെയാണ് പിങ്ക് വേലിയേറ്റം ആരംഭിക്കുന്നതായി കണക്കാക്കുന്നത്. ചാവേസിന്റെ നേതൃത്വത്തിൽ 1999ൽത്തന്നെ ഒരു ഭരണഘടനാനിർമാണ സഭ (Constituent Assembly) വിളിച്ചുചേർത്ത് പുതിയൊരു ഭരണഘടന രൂപപ്പെടുത്തുകയും രാജ്യവ്യാപകമായി എല്ലാ വോട്ടർമാർക്കും പങ്കെടുക്കാവുന്ന ഒരു റെഫെറണ്ടം നടത്തി പാസ്സാക്കുകയും ചെയ്തു. സൗജന്യ വിദ്യാഭ്യാസവും സൗജന്യ ആരോഗ്യരക്ഷയും ന്യൂനപക്ഷങ്ങളുടെ സുരക്ഷയും ഉൾപ്പെടെയുള്ളവ അവകാശങ്ങളായി സ്ഥാപിക്കുന്ന വകുപ്പുകൾ അടങ്ങുന്നതായിരുന്നു ഈ ഭരണഘടന.



2013 മാർച്ച് അഞ്ചിന് അന്ത്യശ്വാസം വലിക്കുന്നതുവരെ പതിന്നാലു വർഷം പ്രസിഡന്റായിരുന്ന ചാവേസിന്റെ കാലത്ത് വെനെസ്വേല വലിയ മുന്നേറ്റം നടത്തി. ദാരിദ്ര്യവും സാമ്പത്തിക അസമത്വവും വലിയ തോതിൽ കുറഞ്ഞു. പ്രീസ്കൂൾ മുതൽ ഡോക്ടറേറ്റ് വരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കി. ആരോഗ്യരക്ഷ സൗജന്യവും സാർവ്വത്രികവുമാക്കി. ലോകത്ത് ഏറ്റവുമധികം പെട്രോളിയം എണ്ണസമ്പത്തുള്ള രാജ്യങ്ങളിലൊന്നാണ് വെനെസ്വേല. എണ്ണസമ്പത്തിനു മേലുള്ള സാമൂഹ്യനിയന്ത്രണം ചാവേസിന്റെ ഭരണകാലത്ത് ശക്തിപ്പെടുത്തുകയും എണ്ണയിൽ നിന്നുള്ള വരുമാനം വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യസുരക്ഷ തുടങ്ങിയ രംഗങ്ങളിൽ സർക്കാർ നിക്ഷേപം വർദ്ധിപ്പിക്കാൻ ഉപയോഗിക്കുകയും ചെയ്തു.

ചാവേസ് പ്രസിഡന്റായതിനു ശേഷമാണ് തന്നെ പിന്തുണയ്ക്കുന്ന പ്രസ്ഥാനങ്ങൾ ലയിപ്പിച്ച് യുണൈറ്റഡ് സോഷ്യലിസ്റ്റ് പാർട്ടി ഓഫ് വെനെസ്വേല (പി.എസ്.യു.വി.) സ്ഥാപിച്ചത്. ചാവേസിന്റെ മരണത്തെത്തുടർന്ന് പ്രസിഡന്റായ പി.എസ്.യു.വി. നേതാവ് നിക്കൊളാസ് മദൂറോ ചാവേസിന്റെ നയങ്ങൾ തുടർന്നുപോരുന്നു.

## ബ്രസീൽ

2002ൽ ബ്രസീലിൽ നടന്ന തെരഞ്ഞെടുപ്പിൽ വർക്കേഴ്സ് പാർട്ടി നേതാവായ ലുയിസ് ഇനാസിയോ ലൂല ദാ സിൽവ തെരഞ്ഞെടുക്കപ്പെട്ടതാണ് പിങ്ക് വേലിയേറ്റത്തിലെ അടുത്ത വലിയ നാഴികക്കല്ലായത്. രണ്ടുവട്ടം പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ലൂലയ്ക്കു ശേഷം വർക്കേഴ്സ് പാർട്ടിയുടെ തന്നെ



നേതാവ് ദിൽമാ റൂസ്സേഫ് പ്രസിഡന്റായി. ലൂലയുടെയും ദിൽമയുടെയും ഭരണകാലത്ത് വരുമാന അസമത്വം 10 ശതമാനം കുറഞ്ഞു, 4 കോടി ജനങ്ങൾ തീവ്ര ദാരിദ്യത്തിൽ നിന്നും കരകയറി. പൊതുവിദ്യാഭ്യാസവും സാമൂഹ്യസുരക്ഷയും ശക്തിപ്പെട്ടു.

## ബൊളീവിയ

2005 ഡിസംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ ബൊളീവിയയിൽ ഇടതുപക്ഷ നേതാവായ ഏവോ മൊറാലെസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. പെട്രോളിയം വിഭവങ്ങൾ, വിവിധ ധാതുവിഭവങ്ങൾ, വൈദ്യുതി തുടങ്ങിയ മേഖലകൾ മൊറാലെസ് ദേശസാൽക്കരിച്ചു. സർക്കാരിന്റെ വരുമാനം വർദ്ധിച്ചതോടെ പൊതുവിദ്യാഭ്യാസം, പൊതുമേഖലയിലുള്ള ആരോഗ്യരക്ഷ, പെൻഷൻ, ദാരിദ്ര്യ നിർമാർജന പദ്ധതികൾ, തദ്ദേശ



ജനതയ്ക്കായുള്ള ക്ഷേമപദ്ധതികൾ തുടങ്ങിയ മേഖലകളിൽ കൂടുതൽ ചെലവു ചെയ്യാൻ സാധിച്ചു. സാമ്പത്തിക വളർച്ച വർദ്ധിച്ചു. ദാരിദ്ര്യവും അസമത്വവും വലിയ തോതിൽ കുറഞ്ഞു. വെനെസ്വേലയിലെന്നതുപോലെ തന്നെ ബൊളീവിയയും കൂടുതൽ പുരോഗമനപരമായ ഒരു ഭരണഘടന രൂപപ്പെടുത്തുകയും 2009ൽ റെഫെറെണ്ടം നടത്തി അംഗീകരിക്കുകയും ചെയ്തു.

## നിക്കരാഗ്വ

നാലു ദശകക്കാലം യു.എസ്. പിന്തുണയോടെ നിക്കരാഗ്വ ഭരിച്ച സൊമോസ കുടുംബത്തിന്റെ നേതൃത്വത്തിലുള്ള ഏകാധിപത്യ ഭരണകൂടത്തെ പുറത്താക്കി 1979ൽ സാൻഡിനിസ്റ്റാ ദേശീയ വിമോചന മുന്നണി അധികാരത്തിലേറിയിരുന്നു. ദാനിയെൽ ഒർത്തേഗയുടെ നേതൃത്വത്തിൽ 19 വർഷക്കാലം സാൻഡിനിസ്റ്റാ മുന്നണി രാജ്യം ഭരിച്ചു. 1990ൽ തെരഞ്ഞെടുപ്പിൽ അവർ പരാജയപ്പെട്ടതിനെത്തുടർന്ന് നിക്കരാഗ്വയിൽ



17 വർഷം സർക്കാരുകൾ നവലിബറൽ നയങ്ങൾ നടപ്പിലാക്കി.

2006ൽ ഒർത്തേഗ വീണ്ടും തെരഞ്ഞെടുപ്പു ജയിച്ച് പ്രസിഡന്റായി. അതിനുശേഷം നടപ്പിലാക്കിയ നയങ്ങളുടെ ഫലമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ശതമാനം 2005ൽ 48.3 ആയിരുന്നത് 2016 ആയപ്പോഴേയ്ക്കും 24.9 ആയി കുറയ്ക്കാൻ സാധിച്ചു. മാതൃമരണനിരക്ക് 70 ശതമാനം കണ്ട് കുറഞ്ഞു, ശിശുമരണനിരക്ക് 61 ശതമാനം കണ്ട് കുറഞ്ഞു.

## മറ്റു രാജ്യങ്ങൾ

എക്വദോർ, എൽ സാൽവദോർ, ഉറുഗ്വായ്, പാരഗ്വായ്, ഹോണ്ടുറാസ്, അർജന്റീന എന്നിവയൊക്കെ 2000നു ശേഷം വിവിധ കാലയളവുകളിൽ

ഇടതുപക്ഷ നേതാക്കളോ ഇടത് ചായ്വുള്ള നേതാക്കളോ അധികാരത്തിലിരുന്ന രാജ്യങ്ങളാണ്.

## തിരിച്ചടികൾ

2010കളുടെ മധ്യം വരെയുള്ള കാലം ലാറ്റിൻ അമേരിക്കയിൽ പിങ്ക് വേലിയേറ്റം ശക്തമായിത്തുടർന്ന ഘട്ടമായി കണക്കാക്കാവുന്നതാണ്.

എന്നാൽ പെട്രോളിയവും ധാതുലവണങ്ങളും ഉൾപ്പെടെയുള്ള പ്രകൃതിവിഭവങ്ങളുടെയും കാർഷികോത്പന്നങ്ങളുടെയും കയറ്റുമതി വലിയ വരുമാന മാർഗമായ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾക്ക് ഇത്തരം ഉത്പന്നങ്ങളുടെ വിലയിൽ 2010കളുടെ മധ്യത്തോടടുപ്പിച്ച് വിശേഷിച്ചും ഉണ്ടായ തകർച്ച സാമ്പത്തിക പ്രയാസമുണ്ടാക്കി.

ഈ അവസരം മുതലെടുത്ത് ഇടതുപക്ഷ ഭരണാധികാരികളെ പുറത്താക്കാനുള്ള തന്ത്രങ്ങൾ യു.എസ്. സാമ്രാജ്യത്വവും ലാറ്റിൻ അമേരിക്കൻ വലതുപക്ഷവും ശക്തിപ്പെടുത്തി.

2016ൽ ബ്രസീലിൽ പ്രസിഡന്റ് ദിൽമാ റൂസ്സേഫിനെ വ്യാജ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ഇംപീച്ച് ചെയ്ത് വലതുപക്ഷം അധികാരം പിടിച്ചെടുത്തു. ലൂല ദാ സിൽവയെ വ്യാജ അഴിമതി ആരോപണങ്ങളുടെ പേരിൽ ജയിലിലടച്ചു.

അർജന്റീനയിൽ വലതുപക്ഷം തെരഞ്ഞെടുപ്പു ജയിച്ചു. എൽ സാൽവദോറിൽ ഇടതുപക്ഷം തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടു. എക്വദോറിന്റെ ഇടതുപക്ഷക്കാരനായ പ്രസിഡന്റ് റഫായേൽ കൊറെയയുടെ പിൻഗാമിയായി, കൊറെയയുടെ തന്നെ പാർട്ടിയുടെ സ്ഥാനാർത്ഥിയായി ജയിച്ച ലെനിൻ മൊറേനോ, പ്രസിഡന്റായതിനു ശേഷം വലത്തേയ്ക്കു തിരിഞ്ഞ് വഞ്ചകനാകുന്ന കാഴ്ചയും കണ്ടു.

ബൊളീവിയയിൽ യു.എസ്. പിന്തുണയോടെ ഫാഷിസ്റ്റുകളുടെ നേതൃത്വത്തിൽ ഇടതുപക്ഷത്തിനെതിരെ അട്ടിമറി നടത്തി തീവ്ര വലതുപക്ഷം അധികാരത്തിലേറി.

## തിരിച്ചുവരവ്

പ്രതിസന്ധികൾക്കെതിരെ പടപൊരുതി ഇടതുപക്ഷം ശക്തമായ തിരിച്ചുവരവ് നടത്തുന്നതിനാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി ലാറ്റിൻ അമേരിക്ക സാക്ഷ്യം വഹിക്കുന്നത്.

മെക്സിക്കോയിൽ 2018ൽ നാഷണൽ റീജെനെറേഷൻ മൂവ്മെന്റ് (മൊറേനേ) എന്ന ഇടതുപക്ഷ പാർട്ടിയുടെ സ്ഥാനാർത്ഥിയായ ആന്ദ്രേസ് മനുവേൽ ലോപ്പേസ് ഓബ്രദോർ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത് ചരിത്രമുഹൂർത്തമായി. ലോകത്തേറ്റവുമധികം ലിഥിയം നിക്ഷേപമുള്ള രാജ്യങ്ങളിലൊന്നായ മെക്സിക്കോ ഈ വർഷം ലിഥിയം ഖനനം ദേശസാൽക്കരിച്ചുകൊണ്ട് നിയമം പാസ്സാക്കുകയുണ്ടായി. പ്രകൃതിവിഭവങ്ങളുടെ മേലുള്ള നിയന്ത്രണം സമൂഹത്തിന്റെ കയ്യിലായിരിക്കണം എന്ന ഇടതു നയം തന്നെയാണ് വെനെസ്വേല, ബൊളീവിയ തുടങ്ങിയ രാജ്യങ്ങളിലെ ഇടതു സർക്കാരുകളെപ്പോലെ മെക്സിക്കോയിലെ ഇടതു സർക്കാരും പിന്തുടരാൻ ശ്രമിക്കുന്നത് എന്നതിന്റെ സൂചനയാണിത്.



**കൂടുതൽ രാജ്യങ്ങളിൽ ഇടതുപക്ഷം അധികാരത്തിലെത്തുന്നത് പരസ്പര സഹകരണം വഴി ഉപരോധങ്ങളെയും അട്ടിമറി ശ്രമങ്ങളെയും മറ്റ് സാമ്രാജ്യത്വ ആക്രമണങ്ങളെയും നേരിടാൻ ലാറ്റിൻ അമേരിക്കൻ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ശക്തി പകരും.**

ബ്രസീലിൽ ലൂല ദാ സിൽവയെ ജയിലിൽ നിന്നും മോചിപ്പിക്കാനായി വലിയ പ്രതിഷേധങ്ങളും പ്രചാരണവും നടന്നു. ലൂലയെ തുറങ്കിലടച്ച നടപടി തെറ്റാണെന്ന് 2019 നവംബറിൽ സുപ്രീം ഫെഡറൽ കോടതി വിധിച്ചതിനെത്തുടർന്ന് ലൂല ജയിൽമോചിതനായി. ഈ വർഷം നടക്കാനിരിക്കുന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിനെ സംബന്ധിച്ച അഭിപ്രായസർവേകളിൽ ലൂല ബഹുദൂരം മുന്നിലാണ്.

ബൊളീവിയയിൽ വലതുപക്ഷ അട്ടിമറിക്കെതിരെ ഉശിരൻ പ്രക്ഷോഭങ്ങൾ നടന്നു. ഒടുവിൽ 2020ൽ തെരഞ്ഞെടുപ്പു നടത്താൻ ഭരണകൂടം നിർബന്ധിതരായി. മൊറാലെസിന്റെ പാർട്ടിയായ എം.എ.എസിന്റെ (മൂവ്മെന്റ് ഫോർ സോഷ്യലിസം) സ്ഥാനാർത്ഥി ലൂയിസ് ആർസേ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതോടെ ബൊളീവിയയിലെ പിങ്ക് വേലിയേറ്റത്തിനു സംഭവിച്ച ഇടവേളയ്ക്ക് അവസാനമായി.

2019ൽ അർജന്റീനയിൽ ഇടതുപക്ഷ ആഭിമുഖ്യമുള്ള അൽബേർത്തോ ഫെർണാണ്ടെസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. 2022ൽ ഹോണ്ടുറാസിൽ ഇടതുപക്ഷ നേതാവ് സിയൊമാരാ കാസ്ത്രോ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ചിലെയിൽ

ആശംസകളോടെ

## പുതുക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി. 1151

പുതുക്കോട് പി.ഒ., പാലക്കാട് (DT) Pin:678687
Ph: 04922266170 Mob: 8590020450

- ആകർഷകമായ പലിശനിരക്കിൽ വിവിധയിനം നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.
- മിതമായ പലിശനിരക്കിൽ വിവിധതരം വായ്പകൾ നൽകിവരുന്നു.
- വിവിധ സലകളിലുള്ള MMBS ചിട്ടികൾ, RTGS\NEFT, ലോക്കർ, നീതിസ്റ്റോർ, നീതിലാബ്, നീതി മെഡിക്കൽസ്, വളം ഡിപ്പോ എന്നിവ നടത്തിവരുന്നു.

പ്രസിഡന്റ്
**കെ.എൻ.സുകുമാരൻ മാസ്റ്റർ**
9447303395

"പുതുക്കോട് പഞ്ചായത്തിലെ ജനങ്ങളുടെ സ്വന്തം ബാങ്ക്"

സെക്രട്ടറി
**കെ.സിന്ധു**
8590020450

## പാലക്കാട് ജില്ലാ കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് സഹകരണസംഘം ക്ലിപ്തം



നമ്പർ പി. 1055
ഫോൺ: 0491 2547557

- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ
- മധ്യകാല വായ്പകൾ
- പേ സെക്യൂരിറ്റി അഡ്വാൻസുകൾ
- ഹയർ പർച്ചേഴ്സ് വായ്പകൾ
- എം.എം.ബി.എസ് ചിട്ടികൾ

പ്രസിഡന്റ്
**പി.ഉണ്ണികൃഷ്ണൻ**
8281744860

സെക്രട്ടറി
**കെ.രവീന്ദ്രൻ**
9744856533

ആശംസകളോടെ

## കെ.എസ്.ഇ.ബി. എംപ്ലോയീസ് സഹകരണ സംഘം

ക്ലിപ്തം നമ്പർ പി. 671, പാലക്കാട്.
ഫോൺ നമ്പർ : 0491-2526135 ksebecsplkd@gmail.com
ബ്രാഞ്ച് : ഷൊർണൂർ ഫോൺ : നമ്പർ 0466 2220211

### സംഘം നൽകിവരുന്ന വിവിധതരം വായ്പകൾ

| | |
|---|---|
| മദ്ധ്യകാല വായ്പ | 20ലക്ഷം |
| ഹ്രസ്വകാല വായ്പ | 2 ലക്ഷം |
| ഹയർ പർച്ചേസ് വായ്പ | 1 ലക്ഷം |
| എമർജൻസി വായ്പ | 1,00,000 രൂപ |
| ഫെസ്റ്റിവൽ വായ്പ | 1,00,000 രൂപ |
| വിദ്യാഭ്യാസ വായ്പ | 1,00,000 " |
| കമ്പ്യൂട്ടർ വായ്പ | 35000 " |
| കൺസ്യൂമർ വായ്പ | 35000 " |

തുടർച്ചയായി 45–ാം വർഷവും ലാഭത്തിൽ പ്രവർത്തിക്കുന്ന പാലക്കാട് ജില്ലയിലെ ക്ലാസ്സ് 1 എംപ്ലോയീസ് സഹകരണ സംഘം



ആകർഷകമായ നിരക്കിൽ സ്ഥിരനിക്ഷേപങ്ങൾ റെക്കറിംഗ് നിക്ഷേപങ്ങൾ സ്വീകരിക്കുന്നു
25% ഡിവിഡന്റ് നൽകിവരുന്ന ഒരു ക്ലാസ്സ് 1 സഹകരണ സ്ഥാപനം
മുതിർന്ന പൗരന്മാർക്ക് 0.5% ആധിക പലിശ, കൂടാതെ റെക്കറിംഗ് നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നൽകിവരുന്നു.

പ്രസിഡന്റ്
**കൃഷ്ണകുമാർ എം.**
9446944707

അസിസ്റ്റന്റ് സെക്രട്ടറി
**പി.വി. അൽഫോൻസ**
8547206211

മോഡറേറ്റ് ഇടതുപക്ഷക്കാരനായ ഗബ്രിയേൽ ബോറിക് ഈ വർഷം പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. മുമ്പു തന്നെയുള്ള ഇടതുചായ്വുള്ള രാഷ്ട്രീയ പാർട്ടികൾക്കൊപ്പം ഇക്കഴിഞ്ഞ ദശകത്തിൽ നടന്ന കർഷകരുടെയും തദ്ദേശ ജനതയുടെയും സമരങ്ങളുടെ ഊർജ്ജവും സമന്വയിപ്പിച്ച് കൊളംബിയയിൽ ഗുസ്താവോ പെത്രോയുടെ നേതൃത്വത്തിൽ ഹിസ്റ്റോരിക് പാക്റ്റ് സഖ്യം ജൂണിൽ അധികാരത്തിലെത്തി.

### ചക്രവാളങ്ങൾ

ലാറ്റിൻ അമേരിക്കയിൽ വിവിധ രാജ്യങ്ങളിൽ അധികാരത്തിലെത്തിയിരിക്കുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് സോഷ്യലിസത്തെപ്പറ്റി പല തരത്തിലുള്ള കാഴ്ചപ്പാടുകളാണുള്ളത്. അതു മാത്രവുമല്ല, സോഷ്യലിസം കെട്ടിപ്പടുക്കാൻ വേണ്ടുന്ന സംഘടനാ ശേഷിയുടെ കാര്യത്തിലും ലാറ്റിൻ അമേരിക്കയിലെ വിവിധ ഇടതുപക്ഷ പ്രസ്ഥാനങ്ങളും സമൂഹങ്ങളും തമ്മിൽ വളരെയധികം വ്യത്യാസങ്ങളുണ്ട്. വിവിധ രാജ്യങ്ങളിലെ ഇടതു ഭരണാധികാരികൾ സ്വീകരിക്കാനിരിക്കുന്ന നയങ്ങൾ, അവിടങ്ങളിലെ ഇടതു പ്രസ്ഥാനങ്ങളുടെ കാഴ്ചപ്പാടുകൾക്കും പോരാട്ടങ്ങൾക്കും ഒപ്പം ആഗോളതലത്തിലെ സംഭവ വികാസങ്ങളെയും കൂടി ആശ്രയിച്ചായിരിക്കും.

കൂടുതൽ ശക്തമായ സോഷ്യലിസ്റ്റ് ആഭിമുഖ്യവും സാമ്രാജ്യത്വ വിരുദ്ധതയും പ്രകടമാക്കുന്ന വെനെസ്വേല പോലെയുള്ള രാജ്യങ്ങൾക്ക് യു.എസിന്റെ ശത്രുത കൂടുതലായി നേരിടേണ്ടിവരുന്നുണ്ട്. സോഷ്യലിസ്റ്റ് ക്യൂബ, വെനെസ്വേല, നിക്കരാഗ്വ എന്നിവയ്ക്കെതിരെ യു.എസ്. ഏർപ്പെടുത്തിയിരിക്കുന്ന ഉപരോധങ്ങൾ അവശ്യ സാധനങ്ങൾ അന്താരാഷ്ട്ര വിപണിയിൽ നിന്നും വാങ്ങുന്നതിനും കയറ്റുമതി നടത്തുന്നതിനും ഒക്കെ ദുർഘടം സൃഷ്ടിക്കുന്നുണ്ട്. യു.എസ്. പിന്തുണയോടെ പല തരത്തിലുള്ള അട്ടിമറി ശ്രമങ്ങളും തുടരുന്നുണ്ട്.

സാമ്രാജ്യത്വം ഉയർത്തുന്ന ഭീഷണികളെ നേരിടാൻ ജനങ്ങളെ അണിനിരത്തുക എന്ന മാർഗമാണ് ക്യൂബയെപ്പോലെ തന്നെ വെനെസ്വേലയും സ്വീകരിച്ചിരിക്കുന്നത്. വിപ്ലവത്തെ സംരക്ഷിക്കാനുള്ള സേനയിൽ സായുധ പരിശീലനം നൽകി ജനങ്ങളെ അണിനിരത്തുന്ന സിവിൽമിലിട്ടറി യൂണിയൻ എന്ന രീതിയാണ് വെനെസ്വേല അനുവർത്തിക്കാൻ ശ്രമിക്കുന്നത്. അതോടൊപ്പം അധികാര വികേന്ദ്രീകരണം നടത്തി, ഭക്ഷ്യോത്പാദനവും ഭവനപദ്ധതികളും മുതൽ ആശയവിനിമയവും ബാങ്കിംഗും വരെയുള്ള മേഖലകളിൽ പ്രവർത്തിക്കുന്ന കമ്മ്യൂണുകൾ സൃഷ്ടിച്ച് വിപ്ലവത്തെ കൂടുതൽ ആഴപ്പെടുത്താനുമുള്ള ശ്രമങ്ങളും നടത്തുന്നു.

ഇടതുപക്ഷ നയങ്ങൾ നടപ്പാക്കുമ്പോൾ സാമ്രാജ്യത്വ ചേരിയിൽ നിന്നും വളരെയധികം ആക്രമണങ്ങൾ നേരിടേണ്ടിവരും എന്നത് വ്യക്തമാണ്. സമ്പദ് വ്യവസ്ഥയെ തകർക്കാനുള്ള ശ്രമങ്ങളുണ്ടാകും. ഏറ്റവും അത്യാവശ്യമുള്ള സാധനങ്ങൾ പോലും ഇറക്കുമതി ചെയ്യാൻ വളരെയധികം ബുദ്ധിമുട്ട് നേരിടേണ്ടിവരും. ഇതിനാൽത്തന്നെ ഒട്ടനവധി അവശ്യവസ്തുക്കൾ സ്വന്തമായി ഉത്പാദിപ്പിക്കാനുള്ള ശേഷി നേടുക അത്യാവശ്യമായി വരും. എന്നാൽ ലാറ്റിൻ അമേരിക്കയിൽ പലതും ചെറിയ രാജ്യങ്ങളായതിനാൽ ഒരുപാടു സാധനങ്ങൾ സ്വന്തമായി ഉത്പാദിപ്പിക്കാൻ സാധിക്കില്ല എന്ന പരിമിതിയുണ്ട്. സഹായിക്കാൻ തയ്യാറുള്ള മറ്റു രാജ്യങ്ങളുമായി സഹകരിച്ച് അവശ്യവസ്തുക്കൾ ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തുക എന്നതാണ് ഒരു പോംവഴി. അതോടൊപ്പം സ്വന്തമായി സാങ്കേതിക വിദ്യ വികസിപ്പിക്കാനുള്ള ശ്രമങ്ങളും നടത്തേണ്ടിവരും. ചില മേഖലകളിൽ ക്യൂബ ഇത്തരത്തിൽ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇപ്പോൾ കൂടുതലായി ചൈനയുമായി യോജിച്ച് പ്രവർത്തിച്ചുകൊണ്ടുള്ള ഗവേഷണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

ഉപരോധത്തെ വെല്ലുവിളിച്ചുകൊണ്ട്, ഉപരോധത്തിനിരയായ രാജ്യങ്ങളുമായി വ്യാപാരത്തിൽ ഏർപ്പെടുക മറ്റു രാജ്യങ്ങൾക്കും എളുപ്പമല്ല എന്നതും വലിയ വെല്ലുവിളിയാണ്. കൂടുതൽ രാജ്യങ്ങളിൽ ഇടതുപക്ഷം അധികാരത്തിലെത്തുന്നത് പരസ്പര സഹകരണം വഴി ഉപരോധങ്ങളെയും അട്ടിമറി ശ്രമങ്ങളെയും മറ്റ് സാമ്രാജ്യത്വ ആക്രമണങ്ങളെയും നേരിടാൻ ലാറ്റിൻ അമേരിക്കൻ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ശക്തി പകരും. •

## സിഐടിയു സംസ്ഥാന പഠന സ്കൂൾ

സിഐടിയു സംസ്ഥാന പഠന സ്കൂൾ ജൂൺ 30, ജൂലൈ 1 എന്നിങ്ങനെ രണ്ട് ദിവസം കളമശ്ശേരിയിൽ നടന്നു. നവകേരള സൃഷ്ടിയും ട്രേഡ് യൂണിയനും എന്ന വിഷയത്തിൽ ക്ലാസെടുത്തുകൊണ്ട് ജനറൽസെക്രട്ടറി എളമരം കരീം സ്കൂൾ ഉദ്ഘാടനം ചെയ്തു. വർഗീയതക്കെതിരെ തൊഴിലാളിവർഗം എന്ന വിഷയം കെ.ടി.കുഞ്ഞിക്കണ്ണൻ, എൽഐസി ഓഹരിവില്പന ഡോ.ടി.എം.തോമസ് ഐസക്കും, ലേബർകോഡുകൾ ഉയർത്തുന്ന വെല്ലുവിളികൾ അഡ്വ.വർക്കിയച്ചനും, ഉദാരവൽക്കരണ നയങ്ങളുടെ തകർച്ചയും തൊഴിലാളി വർഗവും കെ.ചന്ദ്രൻപിള്ളയും, സോഷ്യൽമീഡിയ പുതിയ സംവാദമേഖല കെ.വി.അനിൽകുമാറും ക്ലാസുകൾ എടുത്തു. സംസ്ഥാനഭാരവാഹികളും സംസ്ഥാന യൂണിയനുകളുടെ പ്രതിനിധികളും ഉൾപ്പെടെ 135 പേർ ക്ലാസിൽ പങ്കെടുത്തു.

# ആഗോള സമ്പദ്‌രംഗം സ്റ്റാഗ്ഫ്ളേഷന്റെ പിടിയിലേക്കോ?




**ഉക്രൈൻ യുദ്ധം, കോവിഡ്, അമേരിക്കയും യൂറോപ്പും റഷ്യയുമായുള്ള ഏറ്റുമുട്ടലുകൾ, ഉപരോധങ്ങൾ, അമേരിക്കയും ചൈനയുമായുള്ള തർക്കങ്ങൾ, വ്യാപാരപ്രശ്നങ്ങൾ, ചൈനയെ ഒറ്റപ്പെടുത്തൽ നയം, ശ്രീലങ്ക പോലെയുള്ള രാജ്യങ്ങളുടെ ഭീകരമായ രാഷ്ട്രീയ സാമ്പത്തിക പ്രതിസന്ധി എന്നിവയെല്ലാം മൂലം ആഗോള രാഷ്ട്രീയ സാമ്പത്തിക ബന്ധങ്ങളാകെ കലുഷിതമാണ്. ഇത് സ്റ്റാഗ്ഫ്ളേഷൻ എന്ന പ്രതിസന്ധി സൃഷ്ടിക്കുമെന്ന് സാമ്പത്തിക ശാസ്ത്രജ്ഞരും മുന്നറിയിപ്പു നൽകുന്നു.**

എന്നവസാനിക്കും എന്നറിയാൻ കഴിയാതെ തുടരുന്ന ഉക്രൈൻ യുദ്ധം, പൂർണമായി പിടിവിടാത്ത കോവിഡ്, ഉക്രൈൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ അമേരിക്കയും യൂറോപ്പും റഷ്യയുമായുള്ള ഏറ്റുമുട്ടലുകളും ഉപരോധങ്ങളും, അമേരിക്കയും ചൈനയുമായുള്ള തർക്കങ്ങളും, വ്യാപാരപ്രശ്നങ്ങളും, ചൈനയെ ഒറ്റപ്പെടുത്തൽ നയവും ആഗോള രാഷ്ട്രീയ സാമ്പത്തിക ബന്ധങ്ങളാകെ കലുഷിതമാണ്. ഇതിന്റെയൊക്കെ ഫലമായി ശ്രീലങ്ക പോലെയുള്ള രാജ്യങ്ങൾ ഭീകരമായ രാഷ്ട്രീയ സാമ്പത്തിക പ്രതിസന്ധിയുടെ ചുഴിയിലേക്കു വീഴുന്നു. ഇത് ആഗോള സമ്പദ്‌രംഗത്ത് ''സ്റ്റാഗ്ഫ്ളേഷൻ'' എന്ന പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്ന് ലോകത്തെ പല സാമ്പത്തിക ശാസ്ത്രജ്ഞരും മുന്നറിയിപ്പു നൽകുന്നു.

ആദ്യമായി ''സ്റ്റാഗ്ഫ്ളേഷൻ'' എന്താണ് എന്ന് നോക്കാം. 'സ്റ്റാഗ്നേഷനും' 'ഇൻഫ്ളേഷനും' ഒരേസമയം ഒരു സമ്പദ് വ്യവസ്ഥയെ പിടികൂടുമ്പോഴാണ് ആ സമ്പദ്‌വ്യവസ്ഥ 'സ്റ്റാഗ്ഫ്ളേഷൻ' എന്ന അവസ്ഥയിലേക്കു കടന്നു എന്ന് പറയുന്നത്. 'സ്റ്റാഗ്നേഷൻ' എന്നാൽ സാമ്പത്തിക മുരടിപ്പും 'ഇൻഫ്ളേഷൻ' വിലക്കയറ്റവുമാണ്. വിലക്കയറ്റവും സാമ്പത്തിക മുരടിപ്പും ഒരേ സമയം ഒരു സമ്പദ്‌വ്യവസ്ഥയെ പിടികൂടിയാൽ അതിൽ നിന്നും കരകയറ്റുക ദുഷ്കരമാണ്. വിലക്കയറ്റം നിയന്ത്രിക്കാൻ സാധാരണ കേന്ദ്രബാങ്കുകൾ സ്വീകരിക്കുന്ന നടപടി പലിശ നിരക്കുയർത്തുമ്പോൾ നിക്ഷേപം കുറയും, കമ്പോളത്തിലെ ആവശ്യകത കുറയും അത് വിലക്കയറ്റത്തെ നിയന്ത്രിക്കും എന്നാണ് സാമ്പത്തിക ശാസ്ത്ര സങ്കല്പം. പക്ഷെ വിലക്കയറ്റം നിയന്ത്രിതമാക്കുന്നതോടൊപ്പം സാമ്പത്തിക വളർച്ച കുറയും. നേരത്തെ തന്നെ സാമ്പത്തികമുരടിപ്പിലായ ഒരു സമ്പദ് വ്യവസ്ഥയ്ക്ക് വലിയ തിരിച്ചടിയുണ്ടാക്കും പലിശ നിരക്കുയർത്തുന്നത്. ഒരു സമ്പദ്‌വ്യവസ്ഥ മുരടിപ്പിലായാൽ ഒരു രാജ്യത്തെ കേന്ദ്രബാങ്ക് പലിശ നിരക്ക് കുറക്കുക എന്ന നടപടിയാണ് സ്വീകരിക്കുക. എന്നാൽ സാമ്പത്തിക മുരടിപ്പും വിലക്കയറ്റവും ഒരുമിച്ചു പിടികൂടിയ സമ്പദ്‌വ്യവസ്ഥയെ എങ്ങനെ രക്ഷിക്കും എന്നറിയാതെ കേന്ദ്രബാങ്കുകൾ കുഴങ്ങും. ഇന്നിപ്പോൾ ലോകമാകെയുള്ള കേന്ദ്രബാങ്കുകൾ ചെന്നുപെട്ടിരിക്കുന്നത് ഈ വിഷമസ്ഥിതിയിലാണ്. എന്നാലും തമ്മിൽഭേദം എന്ന സമീപനം എടുത്തും ഒന്നും ചെയ്യാതിരുന്നാൽ സ്ഥിതി കൂടുതൽ വഷളാകും എന്ന കണക്കുകളിലും അമേരിക്കൻ ഫെഡറൽ റിസർവും ഇന്ത്യയിലെ റിസർവ് ബാങ്ക് എല്ലാം പലിശ നിരക്കുയർത്തുക എന്ന സമീപനമാണെടുത്തിരിക്കുന്നത്.

ഇവിടെ മറ്റൊരു പ്രശ്നവും ഉയർന്നു വന്നുകൊണ്ടിരിക്കുകയാണ്. ലോകമാകെ പൊതുകടവും, സ്വകാര്യകടവും വളരെ ഉയർന്ന നിലയിലാണിപ്പോൾ, 2008 ലെ സാമ്പത്തിക മാന്ദ്യവും, കോവിഡും മഹാമാരിയും നേരിടാൻ രാജ്യങ്ങളും, സ്വകാര്യ വ്യക്തികളും ബാങ്കുകളും വലിയ തോതിൽ

കടമെടുത്തിരുന്നു. 1999 ൽ ആഗോളകടവും ജിഡിപിയും തമ്മിലുള്ള അനുപാതം 200% ആയിരുന്നത് ഇപ്പോൾ 550% ആണ്. ഇത്രയും ഉയർന്ന നിലയിൽ പൊതുകടവും സ്വകാര്യകടവും നൽകുമ്പോൾ പലിശനിരക്കുയർത്തുന്ന സ്ഥിതി കടത്തിന്റെ പലിശ നിരക്കുയർത്തുകയും പല രാജ്യങ്ങൾക്കും, കമ്പനികൾക്കും വ്യക്തികൾക്കും കടം തിരിച്ചടക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാക്കുകയും ചെയ്യും. ഇത് പല രാജ്യങ്ങളെയും കമ്പനികളെയും വ്യക്തികളെയും പാപ്പരാക്കും. ഇങ്ങനെ പാപ്പരാക്കുന്നവർ കടം തിരിച്ചടക്കാത്തതാകുന്നത് സാമ്പത്തിക സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കും. ഇത്തരത്തിൽ ആഗോള സമ്പദ്‌വ്യവസ്ഥ സ്റ്റാഗ്ഫ്ളേഷന്റെയും കടത്തിന്റെയും എല്ലാം കൂടി പിടിയിലമർന്ന് ഉഴയുന്ന സ്ഥിതിയാണ്.

ഈ സ്ഥിതിയിൽ ലോക ഓഹരിക്കമ്പോളം ഇടിയും. ഇപ്പോൾത്തന്നെ ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതുമൂലം കമ്പോളത്തിലെ ഇടിവു മാത്രമല്ല കമ്പനികളുടെ മൊത്തം മൂല്യം ഇടിയുകയും അവയ്ക്ക് സാമ്പത്തിക സ്ഥാപനങ്ങൾ കൂടുതൽ കടം നൽകാതാവുകയും ചെയ്യും. 1970 കളിലെ സ്റ്റാഗ്ഫ്ളേഷനും, 2008 ലെ കടപ്രതിസന്ധിയും ഒരേസമയം വന്നുപെട്ടിരിക്കുന്ന സ്ഥിതിയാണിപ്പോഴെന്നാണ് നോറിയൽ റൗബീനിയെപ്പോലെയുള്ള സാമ്പത്തിക ശാസ്ത്രജ്ഞൻ പറയുന്നത്.

ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള അൺക്ടാഡ് (യുണൈറ്റഡ് നേഷൻസ് കോൺഫറൻസ് ഓൺ ട്രേഡ് ആൻഡ് ഡെവലപ്മെന്റ്) റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത് നൂറിലേറെ രാജ്യങ്ങളും സാമ്പത്തിക പ്രതിസന്ധിയിലാണെന്നാണ്. ഇതിൽ 69 രാജ്യങ്ങൾ കടക്കെണിയിലായിരിക്കുന്നു എന്നും റിപ്പോർട്ട് പ്രതിപാദിക്കുന്നു.

കഴിഞ്ഞ മാസം വാഷിംഗ്ടണിൽ ചേർന്ന ലോക ബാങ്ക്, നാണയനിധി വാർഷികയോഗം 2022 ലെ ആഗോള സമ്പദ്ഘടനയുടെ പ്രതീക്ഷിത വളർച്ചാനിരക്ക് (മാസങ്ങൾക്ക് മുമ്പ് പ്രഖ്യാപിച്ച) 4.9 ശതമാനത്തിൽ നിന്നും 3.6 ശതമാനമായി വെട്ടിക്കുറച്ചു. 2021 സാമ്പത്തിക വർഷത്തിന്റെ അവസാന രണ്ടു പാദങ്ങളിൽ ഇന്ത്യയടക്കമുള്ള മിക്ക രാജ്യങ്ങളുടെയും സാമ്പത്തിക വളർച്ച കുറയുകയോ വലിയ തോതിൽ മുരടിപ്പിലാവുകയും ചെയ്തിരിക്കുന്നു.

## യഥാർത്ഥ കാരണങ്ങൾ

2008 ലെ സാമ്പത്തിക മാന്ദ്യം നവഉദാരവൽക്കരണ നയങ്ങളുടെയും മുതലാളിത്തത്തിന്റെ ദുരമൂത്ത ലാഭക്കൊതിയുടെയും ഫലമായുണ്ടായതായിരുന്നു. ആ നയങ്ങൾ ഉപേക്ഷിച്ച് സമ്പദ്ഘടനകളെ പുനരുജ്ജീവിപ്പിക്കുന്നതിനു പകരം ജനങ്ങളുടെ നികുതി പണം എടുത്ത് കുത്തകകളെയും സ്ഥാപനങ്ങളെയും രക്ഷപ്പെടുത്തിയ ശേഷം മിക്ക രാജ്യങ്ങളും വീണ്ടും തീവ്ര മുതലാളിത്ത നയങ്ങൾ തുടരുകയായിരുന്നു. ലോക രാജ്യങ്ങളെ പ്രതിസന്ധികളിലേക്ക് നയിച്ചത് ഈ തീവ്ര മുതലാളിത്ത നയങ്ങളാണ്. ഇത് തിരിച്ചറിയാതെ, ഈ നയങ്ങൾ ഉപേക്ഷിക്കാതെ ലോകസമ്പദ്ഘടനയുടെ വീണ്ടെടുപ്പ് സാധ്യമല്ല എന്നതാണ് യാഥാർത്ഥ്യം. ജോസഫ് സ്റ്റിഗ്ലിറ്റ്സ് അടക്കമുള്ള സാമ്പത്തിക ശാസ്ത്രകാരന്മാർ ആവർത്തിച്ച് ഇക്കാര്യം പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്.

ലോകരാജ്യങ്ങൾ 2019-20 കാലയളവിൽ വീണ്ടും പ്രതിസന്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് കോവിഡ് മഹാമാരിയുണ്ടായത്. പക്ഷേ, ഭരണകൂടങ്ങൾ കോവിഡിനെയും ചൈനയേയും പഴി പറഞ്ഞ് രക്ഷപ്പെടുകയായിരുന്നു. യഥാർത്ഥത്തിൽ കോവിഡ് മഹാമാരി പ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിക്കുകയേ ചെയ്തിട്ടുള്ളൂ. കോവിഡ് കാലയളവിലും മിക്ക രാജ്യങ്ങളും 'ക്വാണ്ടിറ്റേറ്റീവ് ഈസിംഗ്' നടപടികളിലൂടെ കുത്തകകളെ രക്ഷപ്പെടുത്താനാണ് ശ്രമിച്ചത്. അമേരിക്ക, ബ്രിട്ടൻ, ജർമ്മനി, ഫ്രാൻസ്, ബ്രസീൽ തുടങ്ങിയ രാജ്യങ്ങൾ വളരെ ലാഘവബുദ്ധിയോടെയാണ് കോവിഡ് വ്യാപനത്തെ കണ്ടത്.

അന്താരാഷ്ട്ര നാണയനിധിയുടെയും, ലോകബാങ്കിന്റെയും ശുപാർശകൾ ശിരസ്സാവഹിച്ചുകൊണ്ട് കേന്ദ്രബാങ്കുകൾ 'മോണിട്ടറി പോളിസി' വഴി പണലഭ്യത വർദ്ധിപ്പിക്കാനാണ് ശ്രമിച്ചത്. മറിച്ച് ഭരണകൂടങ്ങൾ 'ഫിസിക്കൽ പോളിസി' നടപടികൾ വഴി പ്രതിസന്ധിയിൽ നിന്ന് കരകയറാൻ ശ്രമിച്ചില്ല. ഇതാണ് ലോകമാകെ പണപ്പെരുപ്പം (കിളഹമഷേീ) വർദ്ധിക്കുന്നതിന് വഴിവെച്ചത്.

## അമേരിക്കൻ പ്രതിസന്ധി

അമേരിക്കൻ സമ്പദ്ഘടനയെ ആഗോളവൽക്കരണ നയങ്ങളിൽ നിന്നും വ്യതിചലിച്ച് വേലികെട്ടി സംരക്ഷിക്കാനാണ് മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പ് ശ്രമിച്ചത്. എന്നാൽ 40 വർഷക്കാലത്തിനിടയിലെ ഏറ്റവും തീക്ഷ്ണമായ പണപ്പെരുപ്പത്തിനാണ് (8.5%) അമേരിക്ക സാക്ഷ്യം വഹിക്കുന്നത്. തുടർന്ന് അധികാരത്തിൽ വന്ന ബൈഡനും തുടർന്നു വരുന്ന നയങ്ങളിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാത്തതിനാൽ പണപ്പെരുപ്പം അവിടെ രൂക്ഷമായി തുടരുകയാണ്. സുദീർഘ വർഷങ്ങളായി അവിടത്തെ 'ഫെഡ് പലിശ നിരക്ക് പൂജ്യം ശതമാനമായിരുന്നു. (കേന്ദ്രബാങ്കായ ഫെഡറൽ റിസർവ് ബാങ്കുകൾക്ക് നൽകുന്ന വായ്പയുടെ പലിശനിരക്കാണിത്). പണപ്പെരുപ്പം വർദ്ധിച്ചതു കാരണം ഫെഡറൽ റിസർവ്വ് 'ഫെഡ് റേറ്റ്' പടിപടിയായി ഒരു ശതമാനത്തിനടുത്തേക്ക് ഉയർത്തിയിരിക്കുന്നു. ഇതിന്റെ ഫലമായി അമേരിക്കൻ ബാങ്കുകൾ നിക്ഷേപത്തിന് 2.75 ശതമാനം മുതൽ 3.5 ശതമാനം വരെ പലിശയുയർത്തി. ഇതോടെ അമേരിക്കയിലെ ബാങ്കുകളും പണമിടപാടു സ്ഥാപനങ്ങളും വ്യക്തികളും തങ്ങൾ മറ്റു രാജ്യങ്ങളിൽ

നടത്തിയിട്ടുള്ള നിക്ഷേപങ്ങൾ പിൻവലിച്ചു തിരികെ കൊണ്ടു പോയിക്കൊണ്ടിരിക്കുകയാണ്.

ഇതാണ് ഇന്ത്യയടക്കമുള്ള രാജ്യങ്ങളിലെ ഓഹരി വിപണികളിൽ നിന്നും കേന്ദ്രബാങ്കുകളുടെ ബോണ്ടുകളിൽ നിന്നും പണം പിൻവലിക്കപ്പെടുന്ന സാഹചര്യം സൃഷ്ടിച്ചിട്ടുള്ളത്. ശ്രീലങ്കയടക്കമുള്ള പ്രതിസന്ധിയിലാണ്ട രാജ്യങ്ങളിൽ അത് പെട്ടെന്ന് വലിയ പ്രതിസന്ധിക്ക് വഴിവെച്ചു.

ചൈനയും റഷ്യയും മറ്റു പല രാജ്യങ്ങളും ആഗോള വ്യാപാരത്തിന് തങ്ങളുടെ കറൻസികൾ ഉപയോഗപ്പെടുത്തിയത് ഡോളറിന് വലിയ തിരിച്ചടിയായിട്ടുണ്ട്. കഴിഞ്ഞ 20 വർഷക്കാലത്തിനിടയിൽ ആഗോള വിദേശനാണ്യശേഖരത്തിൽ അമേരിക്കൻ ഡോളറിന്റെ പങ്ക് 10 ശതമാനത്തിനു മുകളിൽ കുറഞ്ഞിരിക്കുന്നു. ഡോളറിന്റെ അപ്രമാദിത്വം ഇത്തരത്തിൽ ചോദ്യം ചെയ്യപ്പെടുന്നത് ഭാവിയിൽ അമേരിക്കൻ പ്രതിസന്ധിക്ക് ആക്കം കൂട്ടും. അമേരിക്കയിലെ ഭവനനിർമ്മാണ മേഖലയിലേക്കും മാന്ദ്യം ബാധിച്ചുതുടങ്ങിയിരിക്കുന്നുഎന്ന വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. രണ്ടു വർഷമെങ്കിലും ഈ പ്രതിസന്ധി തുടരുമെന്നാണ് അമേരിക്കൻ സാമ്പത്തികവിദഗ്ധർ പോലും ചൂണ്ടിക്കാട്ടുന്നത്.

## യൂറോപ്യൻ പ്രതിസന്ധി

കോവിഡ് മാഹാമാരിയെ യൂറോപ്യൻ രാജ്യങ്ങൾ അത്ര ഗൗരവതരമായി കണ്ടില്ല. അതിന് വലിയ വിലയവർ കൊടുക്കേണ്ടി വന്നു. മിക്ക രാജ്യങ്ങളും സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങി. റഷ്യ ഉക്രൈൻ യുദ്ധം സ്ഥിതിവിശേഷം ഗുരുതരമാക്കിയിരിക്കുന്നു. റഷ്യയിൽ നിന്നുള്ള കൽക്കരി, പെട്രോളിയം ഉൽപ്പന്നങ്ങൾ, പ്രകൃതിവാതകം, തുടങ്ങിയവയുടെ വില റൂബിളിൽ നൽകിയാൽ മതി എന്ന് റഷ്യ ആവശ്യപ്പെട്ടതോടെ യൂറോപ്യൻ രാജ്യങ്ങൾ പ്രതിസന്ധിയിലായി. ഒരു ഭാഗത്ത് അമേരിക്കയുടെ ഭീഷണി മറുഭാഗത്ത് റഷ്യയുടെ നിബന്ധന. എന്തായാലും യൂറോപ്യൻ രാജ്യങ്ങളിൽ ഇറക്കുമതി ചെയ്യുന്ന വസ്തുതകളുടെ ലഭ്യതക്കുറവ് പ്രതിസന്ധിയുടെ തീഷ്ണത വർദ്ധിപ്പിച്ചിരിക്കുന്നു. മിക്ക രാജ്യങ്ങളും ഇന്ധനക്ഷാമത്തെയും ഊർജ്ജ പ്രതിസന്ധിയെയും അഭമുഖീകരിക്കുകയാണ്. ഉക്രൈനിൽ നിന്നുള്ള അഭയാർത്ഥി പ്രവാഹവും കൂടിയായപ്പോൾ സ്ഥിതി കൂടുതൽ വഷളായിരിക്കുകയാണ്. അടച്ചുപൂട്ടൽ കാരണം ചൈനയിൽ നിന്നുള്ള കയറ്റുമതി തടസ്സപ്പെട്ടത് പല രാജ്യങ്ങളിലേയും വ്യവസായങ്ങളെ വളരെ ബാധിച്ചു കഴിഞ്ഞു. യൂറോപ്യൻ രാജ്യങ്ങളിൽ പണപ്പെരുപ്പവും വിലക്കയറ്റവും, തൊഴിലില്ലായ്മ പെരുകിയതുമൊക്കെ ജനജീവിതം ദുസ്സഹമാക്കിയിരിക്കുന്നു.

## മാന്ദ്യം നീണ്ടു നിന്നേക്കാം...!

2008–ൽ അമേരിക്കയിൽ നിന്നും രൂപമെടുത്ത പ്രതിസന്ധിയായിരുന്നു എങ്കിൽ ഇത്തവണ മുതലാളിത്ത രാജ്യങ്ങളാകെ പ്രതിസന്ധിയിലാണ്. കഴിഞ്ഞ തവണ പ്രതിസന്ധിയിൽ നിന്നും ലോകത്തെ കരകയറ്റിയ പ്രധാന രാജ്യമായ ചൈനക്കത്രമാത്രം ഇത്തവണ ചെയ്യാനായിക്കൊള്ളണമെന്നില്ല. മാത്രവുമല്ല നവഉദാരവൽക്കരണ നയങ്ങൾ ശക്തിപ്പെടുത്തിയതു കാരണം മിക്ക രാജ്യങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളും ബാങ്കുകളും വലിയതോതിൽ സ്വകാര്യവൽക്കരിക്കപ്പെട്ടു കഴിഞ്ഞു. ആയതിനാൽ ഭരണകൂടങ്ങളുടെ ഇടപെടൽ ശേഷി വലിയതോതിൽ കുറഞ്ഞിരിക്കുന്നു. ഇക്കാരണങ്ങളാൽ ഇത്തവണ സാമ്പത്തിക മാന്ദ്യം കൂടുതൽ നീണ്ടുനിൽക്കാൻ സാധ്യതയുണ്ട്. •





ആശംസകളോടെ...
Ph: 9447369411, 9447759412
ജയശ്രീ ടിംബർ ഡിപ്പോ
&
ശ്രീജിത്ത് ഫർണ്ണീച്ചർ
മുടപ്പല്ലൂർ

തേക്ക്, കഴനി, മരുത്, ചടച്ചി ഇരുൾ, വാക, പ്ലാവ് തുടങ്ങിയ മരങ്ങളും,
ഫോറസ്റ്റ് മരങ്ങളും ഉരുപ്പടികളും മൊത്തമായും ചില്ലറയായും ലഭിക്കുന്നതാണ്.
വീടുപണിക്കാവശ്യമായ കട്ടിള, ജനൽ, വാതിൽ തുടങ്ങിയവയും, കട്ടിൽ,
അലമാര, സെറ്റി, ദിവാൻ എന്നിവയും മിതമായ നിരക്കിൽ
ഉത്തരവാദിത്വത്തോടുകൂടി ചെയ്തുകൊടുക്കുന്നു.

KERALA NON TEACHING EMPLOYEES ORGANIZATION (KNTEO)
STATE COMMITTEE
Reg. No. 01-16-08, Krishna, Vikas Nagar, Muttada P.O., Thiruvananthapuram
knteo.org2019@gmail.com

## WTO, G7 സമ്മേളനങ്ങൾ

# സമ്പന്നരാജ്യങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി




**ഡബ്ള്യു.ടി.ഒയുടെയും ജി7ന്റെയും മീറ്റിംഗുകളിലെ തീരുമാനങ്ങളും ചർച്ചകളും പരിശോധിച്ചാൽ കാണാൻ കഴിയുന്നത് സമ്പന്ന രാജ്യങ്ങളുടേയും സാമ്രാജ്യത്വ ശക്തികളുടേയും താല്പര്യങ്ങൾ സംരക്ഷിക്കാനും കുത്തക കമ്പനികളുടെ ലാഭം വർദ്ധിപ്പിക്കാനുമുള്ള വേദികളാണ് ഇവയെന്നാണ്.**




അന്തർ ദേശീയ രംഗത്ത് ജൂൺ മാസത്തിൽ രണ്ടു പ്രധാനപ്പെട്ട മീറ്റിംഗുകൾ നടക്കുകയുണ്ടായി. ഒന്ന് ലോക വ്യാപാര സംഘടനയുടെ (W.T.O) പന്ത്രണ്ടാമത് മന്ത്രിതല മീറ്റിംഗും, മറ്റൊന്ന് സമ്പന്ന രാജ്യങ്ങളുടെ വേദിയായ ജി 7 ന്റെ മീറ്റിംഗും. രണ്ടു മീറ്റിംഗുകളുടേയും ചർച്ചയും തീരുമാനങ്ങളും പരിശോധിച്ചാൽ കാണാൻ കഴിയും ഈ സംഘടനകളെല്ലാം ആത്യന്തികമായി സമ്പന്ന രാജ്യങ്ങളുടേയും സാമ്രാജ്യത്വ ശക്തികളുടേയും താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള വേദികളാണെന്ന്.

ഡബ്ള്യു.ടി.ഒ 12ാം മന്ത്രിതല സമ്മേളനം 1994 ലെ മരാക്കുഷ് കരാറിലൂടെയാണ് 1995 ജനുവരി 1-ന് ലോകവ്യാപാര സംഘടന നിലവിൽ വരുന്നത്. ലോകവ്യാപാര സംഘടനയുടെ തീരുമാനങ്ങളെടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വേദിയാണ് മന്ത്രിതല സമ്മേളനം. രണ്ടു വർഷത്തിലൊരിക്കലാണ് മന്ത്രിതല സമ്മേളനം നടക്കുന്നത്. ഈ വർഷം മന്ത്രിതല സമ്മേളനം നടന്നത് ഡബ്ള്യു.ടി.ഒയുടെ ആസ്ഥാനമായ സ്വിറ്റ്സർലാന്റിലെ ജനീവയിലാണ്. 2022 ജൂൺ 12 മുതൽ 17 വരെ ജനീവയിൽ വച്ച് സമ്മേളനം നടന്നത്. 164 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. ഡബ്ള്യു.ടി.ഒ സമ്മേളനങ്ങൾ മിക്കപ്പോഴും വികസിത രാജ്യങ്ങളും അവികസിത രാജ്യങ്ങളും തമ്മിൽ വിവിധ വിഷയങ്ങളിൽ തർക്കങ്ങൾക്കുള്ള വേദിയാകും. ഈ വർഷവും മത്സ്യ മേഖലയ്ക്കുള്ള സബ്സിഡി, കാർഷിക സബ്സിഡി, ഇകൊമേഴ്സ്, വാക്സിൻ തുടങ്ങിയ വിഷയങ്ങളിൽ അഭിപ്രായ വ്യത്യാസം കാര്യമായി ഉടലെടുത്തു. മത്സ്യ മേഖല സംബന്ധിച്ച ചില സുപ്രധാന തീരുമാനങ്ങളിൽ സമ്മേളനം എത്തുകയും ചെയ്തു.



ജോസ്.റ്റി. എബ്രഹാം

### മത്സ്യമേഖല

യൂറോപ്യൻ യൂണിയൻ, യു.എസ്, സൗത്ത് കൊറിയ, ജപ്പാൻ, ചൈന എന്നീ അഞ്ചു രാജ്യങ്ങളാണ് ലോകമാകെ നൽകുന്ന 35 ബില്യൺ ഡോളർ ഫിഷറീസ് സബ്സിഡിയുടെ 60% വും നല്കുന്നത്. ഈ രാജ്യങ്ങളുടെ വൻ കപ്പലുകൾ വ്യവസായിക അടിസ്ഥാനത്തിൽ ലോകമാകെ പല സമുദ്രങ്ങളിലും ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നു. 130 മീറ്റർ വരെ നീളമുള്ള ഭീമൻ മത്സ്യബന്ധന കപ്പലുകളാണ് ഈ രാജ്യങ്ങൾ ഉപയോഗിക്കുന്നത്. ഇതിൽ മത്സ്യം പിടിച്ച് വൃത്തിയാക്കി, ശീതികരിച്ചു മാസങ്ങൾ സൂക്ഷിക്കാനുള്ള സൗകര്യങ്ങളുണ്ട്. ഒരു പോക്കിൽ തന്നെ പതിനായിരക്കണക്കിന് ടൺ മത്സ്യം ഈ കപ്പലുകൾ പിടിക്കും. നവലിബറൽ നയങ്ങൾ ലോകമാകെ ഉറപ്പാക്കി വന്ന 1990-കളിലാണ് ഇത്തരം കൂറ്റൻ കപ്പലുകൾ വാണിജ്യ അടിസ്ഥാനത്തിൽ മത്സ്യബന്ധനം നടത്തി തുടങ്ങിയത്. ഇതിന് കളമൊരുക്കിയത് ഡബ്ള്യു.ടി.ഒ തന്നെയാണ്.

ഇത്തരം വൻ കപ്പലുകൾ നടത്തിയ മത്സ്യബന്ധനമാണ് കടലിലെ മത്സ്യങ്ങളുടെ അമിത ചൂഷണത്തിന് കാരണം.

എന്നാൽ ഇന്ത്യ പോലെയുള്ള അവികസിത രാജ്യങ്ങളിലെ മത്സ്യബന്ധനം ജീവസാധാരണത്തിന് വേണ്ടിയാണ്. വികസ്വര രാജ്യങ്ങളും മത്സ്യബന്ധനത്തിന് നിയന്ത്രണം കൊണ്ടുവരാനും മത്സ്യസമ്പത്ത് സംരക്ഷിക്കാനും നിലനിർത്താനും അനുകൂല സമീപനമാണ് സ്വീകരിച്ചത്. നിയന്ത്രണങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ 25 വർഷമെങ്കിലും സമയം വേണമെന്ന് വികസ്വര രാജ്യങ്ങൾ ആവശ്യപ്പെട്ടു. അത് സമ്മേളനം അംഗീകരിച്ചില്ല. രണ്ട് വർഷത്തിനുള്ളിൽത്തന്നെ നിയന്ത്രണങ്ങൾ കൊണ്ടുവരണമെന്നുള്ളതാണ് തീരുമാനം.

മത്സ്യബന്ധനം സംബന്ധിച്ച ഡബ്ല്യു.ടി.ഒ സമ്മേളന ധാരണയുടെ ആർട്ടിക്കിൾ 2 ആണ് വാക്കുകളുടെ നിർവചനം തരുന്ന ഭാഗം. അതിൽ "മത്സ്യം" എന്നാൽ കടൽ മത്സ്യം, കൂടാതെ കടലിലെ എല്ലാ ജീവികളും പെടും, മത്സ്യബന്ധനത്തിൽ മത്സ്യപിടുത്തം മാത്രമല്ല, മത്സ്യ സമ്പത്തുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഉൾപ്പെടും. മത്സ്യബന്ധനയാനങ്ങളിൽ, ചെറുതും, വലുതുമായ കപ്പലുകളും ബോട്ടുകളും ഉൾപ്പെടും. ആർട്ടിക്കിൾ 3 ആണ് സബ്സിഡി സംബന്ധിച്ച ഭാഗം വിശദീകരിക്കുന്നത്. ഒരംഗവും, നിയമവിരുദ്ധവും, അനിയന്ത്രിതവും, റിപ്പോർട്ട് ചെയ്യപ്പെടാത്തതുമായ മത്സ്യബന്ധനത്തിന് ഒരു സബ്സിഡിയും നൽകില്ല. ആർട്ടിക്കിൾ 3 സബ്സിഡി സംബന്ധിച്ച ഈ നിബന്ധനയ്ക്ക് ദീർഘമായ വിശദീകരണവും നൽകുന്നുണ്ട്. ആർട്ടിക്കിൾ 4 ഉം ആർട്ടിക്കിൾ 5 ഉം സബ്സിഡി സംബന്ധിച്ച വിഷയങ്ങൾ തന്നെയാണ് കൈകാര്യം ചെയ്യുന്നത്. നിയമവിരുദ്ധമായ മത്സ്യബന്ധനം അംഗരാജ്യങ്ങൾക്കെല്ലാം ഡബ്ല്യു.ടി.ഒ റിപ്പോർട്ട് ചെയ്യാൻ കഴിയും. വികസിത പ്രത്യേകിച്ച് അമേരിക്കയ്ക്ക് ലോകമാകെ നടക്കുന്ന മത്സ്യബന്ധനം നിരീക്ഷിക്കാൻ സംവിധാനങ്ങളുണ്ട്. എന്നാൽ ഇന്ത്യ പോലെയുള്ള രാജ്യങ്ങൾക്ക് അത്തരത്തിൽ വിപുലമായ സംവിധാനമില്ല. അതിനാൽ തന്നെ ഇന്ത്യയിൽ പരമ്പരാഗത, ചെറുകിട മത്സ്യബന്ധനത്തിന് നൽകി വരുന്ന സബ്സിഡിക്ക് തടയിടാൻ കഴിയുന്ന പല നിബന്ധനകളും ഡബ്ല്യു.ടി.ഒ കരാറിലുണ്ട്. ഇതിനെ എങ്ങനെ നേരിടും എന്നതാണ് പ്രശ്നം. മുൻ കാലങ്ങളിൽ ഇന്ത്യയിലെ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന വലയുടെ കണ്ണികളുടെ വിഷയത്തെ ഉയർത്തി ഇന്ത്യയിലെ മത്സ്യബന്ധനത്തിന് അമേരിക്ക തടയിട്ടിരുന്നു. ഇന്ത്യയിൽ നിന്നുള്ള മത്സ്യക്കയറ്റുമതി തന്നെ ഇടക്കാലത്ത് നിരോധിച്ചിരുന്നു. എന്നാൽ ഇന്ത്യയെ പ്രതിനിധീകരിച്ച് സമ്മേളനത്തിൽ പങ്കെടുത്ത വാണിജ്യമന്ത്രി പീയൂഷ്ഗോയൽ ഈ പ്രശ്നങ്ങൾ ഗൗരവമായി സമ്മേളനത്തിൽ അവതരിപ്പിച്ചതായി റിപ്പോർട്ടുകളിൽ നിന്ന മനസ്സിലാക്കാൻ കഴിയുന്നില്ല. കേരളം മാത്രം എടുത്താൽ തന്നെ 10.5 ലക്ഷം തൊഴിലാളികൾ ഈ മേഖലയുമായി ബന്ധപ്പെട്ട് പണിയെടുത്ത് ജീവിക്കുന്നു. ഏതാണ്ട് 2.5 ലക്ഷം തൊഴിലാളികൾ നേരിട്ട് മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു. സബ്സിഡി നിയന്ത്രണങ്ങൾ ഇപ്പോൾ തന്നെ മണ്ണെണ്ണ വിഷയത്തിലും മറ്റും ബുദ്ധിമുട്ടിലായ തൊഴിലാളികളുടെ ഉപജീവന മാർഗ്ഗം തന്നെ അടയ്ക്കും.

## കാർഷിക വിഷയങ്ങൾ

ഇന്ത്യ ഉന്നയിച്ച ഒരാവശ്യവും കാർഷിക വിഷയങ്ങൾ സംബന്ധിച്ച കരാറിൽ ധാരണയായില്ല. ലോക ഭക്ഷ്യ പദ്ധതി (World Food Programe) –ക്കായുള്ള കയറ്റുമതിക്ക് ഒഴിവുകൾ നൽകുന്നത് ഇന്ത്യ എതിർക്കുകയുണ്ടായി. എന്നാൽ ഇത് സമ്മേളനം അംഗീകരിച്ചില്ല. ഭക്ഷ്യ വസ്തുക്കളുടെ പൊതു സംഭരണം, മിനിമം സപ്പോർട്ട് പ്രൈസ് തുടങ്ങിയ വിഷയങ്ങൾ ഇന്ത്യ ഉയർത്തിയെങ്കിലും സമ്മേളനം വ്യക്തമായ തീരുമാനം എടുത്തില്ല. പൊതു സംഭരണ ശേഖരത്തിൽ നിന്നും ഒരു സർക്കാർ മറ്റൊരു സർക്കാരിന് ഭക്ഷ്യവസ്തുക്കൾ നൽകുന്ന വിഷയത്തിലും സമ്മേളനം വികസ്വര രാജ്യങ്ങൾക്ക് അനുകൂല തീരുമാനം എടുത്തില്ല.

## ഇകൊമേഴ്സ് (eCommerce)

ഇലക്ട്രോണിക് ട്രാൻസ്മിഷൻ വിഷയങ്ങളിൽ ഇപ്പോഴത്തെ നില തുടരുക എന്ന സമീപനമാണ് സമ്മേളനം സ്വീകരിച്ചത്. രണ്ട് വർഷം മൊറട്ടോറിയം തുടരാനാണ് തീരുമാനം. ഇന്ത്യ. സൗത്ത് ആഫ്രിക്ക, ശ്രീലങ്ക, പാക്കിസ്ഥാൻ, ഇൻഡോനേഷ്യ തുടങ്ങിയ രാജ്യങ്ങൾ ഇകൊമേഴ്സിന് മൊറട്ടോറിയം തുടരുന്നതിനെ ശക്തമായി എതിർത്തെങ്കിലും, പിന്നീട് വികസിത രാജ്യങ്ങളുടെ സമ്മർദ്ദത്തിന് വഴങ്ങുകയാണുണ്ടായത്. നെറ്റ്ഫ്ളിക്സ്, ഗൂഗിൾ, ആമസോൺ തുടങ്ങിയ കമ്പനികൾ ഡബ്ല്യു.ടി.ഒ സമ്മേളനത്തിലെ ഈ തീരുമാനം ആകാംക്ഷയോടെയാണ് കണ്ടിരുന്നത്.

## വാക്സിൻ, ചികിത്സോപകരണങ്ങൾ

ബൗദ്ധിക സ്വത്തവകാശ നിയമങ്ങളിൽ നിന്നും (Intellectual Property Right) വാക്സിൻ, ആരോഗ്യ സുരക്ഷാ ഉപകരണങ്ങൾ എന്നിവ ഒഴിവാക്കണമെന്ന ഇന്ത്യയുടെയും സൗത്ത് ആഫ്രിക്കയുടെയും മറ്റും ആവശ്യവും സമ്മേളനം നിരാകരിച്ചു. ഇന്ത്യയുടെയും സൗത്ത് ആഫ്രിക്കയുടെയും ആവശ്യത്തിന് നൂറിലേറെ രാജ്യങ്ങളുടെ പിൻതുണ ഉണ്ടായിരുന്നു. എന്നാൽ ഫാർമസ്യൂട്ടിക്കൽ ലോബിയുടെ സമ്മർദ്ദത്തിനാണ് മേൽക്കൈ കിട്ടിയത്. ഈ മഹാമാരിയുടെ കാലത്തും കുത്തക കമ്പനികളുടെ ലാഭത്തിനാണ് ഡബ്ല്യു.ടി.ഒ പ്രാധാന്യം നൽകിയത്.

## ക്ഷീണിച്ച തർക്ക പരിഹാര സംവിധാനം

ഡബ്ല്യു.ടി.ഒയുടെ സർക്ക പരിഹാര സംവിധാനമാണ് ഡിസ്പ്യൂട്ട് സെറ്റിൽമെന്റ് ബോഡിയും അപ്പലേറ്റ് ബോഡിയും. ഡിസ്പ്യൂട്ട്

സെറ്റിൽമെന്റ് ബോഡിയിലെ തീരുമാനത്തെക്കുറിച്ച് പരാതിയുള്ളവർക്ക് അപ്പലേറ്റ് ബോഡിയെ സമീപിക്കാം. അപ്പലേറ്റ് ബോഡിയിൽ ഏഴ് അംഗങ്ങളാണ് ഉള്ളത്. അതിന്റെ ക്വാറം മൂന്നാണ്. അപ്പലേറ്റ് ബോഡിയിലെ ഒരംഗത്തിന്റെ കാലാവധി 4 വർഷമാണ്. അപ്പലേറ്റ് ബോഡിയിലെ പല തീരുമാനങ്ങളും അമേരിക്കയ്ക്ക് ഹിതകരമായിരുന്നില്ല. അതിനാൽ അമേരിക്ക ഈ സംവിധാനത്തെ ക്ഷീണിപ്പിക്കാൻ ശ്രമിച്ചു വരികയായിരുന്നു. 2011 മുതൽ അപ്പലേറ്റ് ബോഡിയിലേക്ക് നടന്ന നോമിനേഷനുകളെല്ലാം അമേരിക്ക വീറ്റോ ചെയ്തു. 2019 മുതൽ അപ്പലേറ്റ് ബോഡിയിൽ രണ്ട് അംഗങ്ങൾ മാത്രമാണുള്ളത്. അത് പ്രവർത്തിക്കാൻ കഴിയാത്ത സംവിധാനമായി മാറി. പന്ത്രണ്ടാം മന്ത്രിതല സമ്മേളനത്തിൽ ഈ സ്ഥിതിക്ക് ഒരു പരിഹാരമുണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ അമേരിക്കയുടെ ഇടപെടൽ മൂലം അതുണ്ടായില്ല. രണ്ടു വർഷം കഴിഞ്ഞു വരുന്ന സമ്മേളനത്തിലെ ഇതിന് എന്തെങ്കിലും പരിഹാരമുണ്ടാകാൻ സാധ്യതയുള്ളൂ. അപ്പലേറ്റ് സംവിധാനവും, തർക്ക പരിഹാര സംവിധാനവും ക്ഷീണിതമായതോടെ ഡബ്ല്യു.ടി.ഒ തന്നെ ക്ഷീണിതമായി. അമേരിക്കയും, ചൈനയും തമ്മിലും മറ്റ് പല രാജ്യങ്ങളും തമ്മിലും ഉള്ള വ്യാപാര തർക്കങ്ങൾക്ക് പരിഹാരമില്ലാതെയും തീരുമാനമില്ലാതെയും കിടക്കുകയാണ്.

## ജി 7 സമ്മേളനം

ജൂൺ മാസത്തിൽ നടന്ന മറ്റൊരു പ്രധാനപ്പെട്ട അന്തർദേശീയ സമ്മേളനമാണ് ജർമ്മനിയിലെ ബവേറിയൻ ആൽപ്സിൽ നടന്ന ജി 7 മീറ്റിംഗ്.48ാമത് ജി7 മീറ്റിംഗ് ജൂൺ 26 മുതൽ 28 വരെയാണ് നടന്നത്. ജി 7 സമ്മേളന ചർച്ചയിൽ പ്രധാനമായി നടന്നത് ഉക്രൈൻ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ റഷ്യയെ എങ്ങനെ ഒറ്റപ്പെടുത്താം, ഉക്രൈന് സാമ്പത്തികവും, സൈനികവുമായ പിന്തുണ നൽകി റഷ്യയെ എങ്ങനെ ക്ഷീണിപ്പിക്കാം എന്നതും, ചൈനയുടെ സാമ്പത്തിക വളർച്ചയെയും, ചൈനയുടെ വളർന്നു വരുന്ന അന്തർദേശീയമായ സ്വാധീനത്തെയും എങ്ങനെ കുറക്കാം, എങ്ങനെ നേരിടാം തുടങ്ങിയ ചർച്ചകളാണ്.

ചൈനയുടെ ബെൽറ്റ് ആന്റ് റോഡ് പദ്ധതിക്ക് ബദലായി 600 ബില്യൺ ഡോളറിന്റെ അന്തർദേശീയ അടിസ്ഥാന സൗകര്യ വികസന പദ്ധതിയും ജി7 സമ്മേളനം പ്രഖ്യാപിച്ചു. ജി7 സമ്മേളനത്തിന് ശേഷം ലോകനേതാക്കൾ നീങ്ങിയത് സ്പെയിനിൽ NATO മീറ്റിംഗിലേക്കാണ്. ഉക്രൈൻ യുദ്ധം എങ്ങനെ അവസാനിപ്പിക്കാം എന്നല്ല യുദ്ധം എങ്ങനെ മുന്നോട്ടു കൊണ്ടുപോകാം എന്നാണ് ചർച്ച നടന്നത്. ഡബ്ല്യു.ടി.ഒ മീറ്റിംഗായാലും ജി 7, NATO മീറ്റിംഗായാലും സാമ്രാജ്യത്വ ശക്തികളുടെ അപ്രമാദിത്വം ലോകത്ത് നിലനിർത്താനും കുത്തക കമ്പനികളുടെ ലാഭം വർദ്ധിപ്പിക്കാനുമാണ് ആത്യന്തികമായി ശ്രമിക്കുക എന്ന് ഇതിൽ നിന്നും കൂടുതൽ വ്യക്തമാകുന്നു.


**ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്**
**ക്ലിപ്തം നമ്പർ.പി.620**
ആലത്തൂർ പി.ഒ, പാലക്കാട് ജില്ല - 678541
ഫോൺ നമ്പർ 04922 -222068
ബ്രാഞ്ചുകൾ :
വടക്കഞ്ചേരി - 04922 254046,
കുഴൽമന്ദം - 04922 273268,
ആലത്തൂർ - 04922 224167
karshikabank@ gmail.com

1. 2017 ലെ സംസ്ഥാന സർക്കാരിന്റെ ഏറ്റവും നല്ല കാർഷിക വികസന ബാങ്കിനുള്ള ബെസ്റ്റ് പെർഫോമൻസ് അവാർഡ് ലഭിച്ച സ്ഥാപനം.
2. സംസ്ഥാന സർക്കാരിന്റെ ക്ളാസിഫിക്കേഷൻ നമ്പർ 1 ബാങ്ക്.
3. കഴിഞ്ഞ 15 വർഷമായി തുടർച്ചയായി ലാഭത്തിൽ പ്രവത്തിക്കുന്നു.
4. മെമ്പർമാർക്ക് തുടർച്ചയായി ലാഭ വിഹിതം നൽകുന്നു.
5. സാമൂഹ്യക്ഷേമ പെൻഷൻ 5 പഞ്ചായത്തുകളിലെ 19000 പേർക്ക് വീടുകളിൽ എത്തിച്ചു കൊടുക്കുന്നു.
6. ബാങ്കിന്റെ എല്ലാ ഓഫീസും ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.
7. എല്ലാത്തരം കാർഷിക കാർഷികേതര വ്യവസായ ഭവന - വാഹന വായ്പകൾ ഏറ്റവും വേഗതയിൽ നല്കുന്നു.
8. നീതി മെഡിക്കൽ സ്റ്റോർ. എല്ലാ മരുന്നുകൾക്കും 16% ഇളവ് നൽകുന്നു.
9. സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുന്നു.

വി. പ്രഭാകരൻ
(പ്രസിഡന്റ്)
Ph.No.9946590414

ടി. ആർ. രാധാകൃഷ്ണൻ
(സെക്രട്ടറി)
Ph.No. 9496232616



ഓഹരി : 1.40 കോടി
നിക്ഷേപം : 51 കോടി
വായ്പ : 49 കോടി

**പഴമ്പാലക്കോട് സർവ്വീസ് സഹകരണ ബാങ്ക്**
**ക്ലിപ്തം നമ്പർ പി 492**
പഴമ്പാലക്കോട് പി.ഒ., പാലക്കാട് ജില്ല, പിൻ : 678 544
e-mail: pazhambalacodescb@gmail.com
Phone: 04922 232208, 8078863208
ക്ലാസ്സ് I സ്പെഷൽ ഗ്രേഡ് ബാങ്ക്
ബ്രാഞ്ച് : അത്തിപ്പൊറ്റ. ഫോൺ : 0492 2232207, 7306812621
24 മണിക്കൂറും ആംബുലൻസ് ഫ്രീസർ സൗകര്യം ഉണ്ടായിരിക്കുന്നതാണ്
ഫോൺ :9447733208, 04922232208, 04922232207
"ജനങ്ങളുടെ ബാങ്ക് സഹകരണബാങ്ക്"

കെ ജി രാജേഷ് (പ്രസിഡന്റ്)
ഫോൺ : 8593803410

എം എ അനിൽകുമാർ (സെക്രട്ടറി)
ഫോൺ : 9645964605



# യുദ്ധാരവങ്ങളും ഫാസിസവും

**ഫാസിസത്തിന്റെ ഇരച്ചുകയറ്റം, ലോകത്താകെ ഉള്ള തൊഴിലാളികളുടെയും മറ്റ് ജനാധിപത്യശക്തികളുടെയും ഉശിരൻ പ്രത്യാക്രമണം അനിവാര്യമാക്കി തീർത്തു. അവരുടെ തൊഴിലും, ജീവിതനിലവാരവും അവരുടെ സ്വാതന്ത്ര്യവും അവരുടെ സംഘടനകളും അവരുടെ എല്ലാം എന്തിന് ജീവിതവും തന്നെ തകർക്കപ്പെട്ടു.**

കടുത്ത സാമ്പത്തിക പ്രതിസന്ധിയും സോഷ്യൽ ഡെമോക്രാറ്റുകളുടെ കീഴടങ്ങൽ നയവും ആയിരുന്നു, ആത്യന്തികമായി ഫാസിസത്തിനും രണ്ടാം ലോകമഹായുദ്ധത്തിനും വഴി തുറക്കുന്നത്. പല രാജ്യങ്ങളിലും ഫാസിസം അധികാരത്തിൽ എത്തിയത് ചില വ്യത്യസ്തതകളോടെ ആണെങ്കിലും അധികാരത്തിൽ എത്തിക്കഴിഞ്ഞാൽ ബൂർഷ്വാ ജനധിപത്യഗവൺമെന്റിനെയും പൗരാവകാശങ്ങളെയും തൊഴിലാളിവർഗ്ഗ രാഷ്ട്രീയപാർട്ടികളെയും ട്രേഡ് യൂണിയനുകളെയും സഹകരണസംഘങ്ങളെയും എല്ലാം അത് പൊളിച്ചടുക്കുകയാണ് ചെയ്യുന്നത്. പ്രതിസന്ധി വളർന്നു വരുമ്പോൾ ബൂർഷ്വാ ജനാധിപത്യരൂപങ്ങളിലും ശൈലികളിലും ഭരണം തുടർന്ന് നിലനിറുത്താൻ ആകാതെ വൻകിട കുത്തകകൾ ഫാസിസത്തിന്റെ അക്രമത്തിലേക്കും ലഹളകളിലേക്കും തിരിയുകയാണ് ചെയ്യുന്നത്.

ഒന്നാം ലോകയുദ്ധത്തെ തുടർന്നുണ്ടായ വിപ്ലവവേലിയേറ്റത്തിന്റെ ഘട്ടത്തിൽ ഫാസിസ്റ്റ് പ്രവണതകളും പ്രത്യക്ഷപ്പെട്ടു. 1922 ൽ ഇറ്റലിയിൽ മുസ്സോളിനി സ്വേച്ഛാധിപത്യം നടപ്പാക്കിയത് ഫാസിസത്തിനു ലഭിച്ച ആദ്യത്തെ വിജയമായിരുന്നു. 1931 ൽ ജപ്പാൻ ഭരണാധികാരികൾ മഞ്ചൂറിയ ആക്രമിച്ചതോട് കൂടി ജപ്പാന്റെ ഫാസിസ്റ്റ്‌വൽക്കരണവും ശക്തിപ്പെട്ടു. 1929-32 കാലത്ത് രൂക്ഷമായ സാമ്പത്തികപ്രതിസന്ധിമൂലം മുതലാളിമാർക്കുണ്ടായ കടുത്ത ബുദ്ധിമുട്ടുകൾ ഫാസിസത്തിലേക്കു നീങ്ങുവാനുള്ള ശക്തമായ പ്രേരണയായി. 1933-ൽ ജർമ്മനിയിൽ ഹിറ്റ്ലർ അധികാരം പിടിച്ചെടുത്തതോടുകൂടിയാണ് ഫാസിസ്റ്റ് നീക്കങ്ങൾ കൂടുതൽ ശക്തമാക്കിയത്. തുടർന്നു യൂറോപ്പിനെ ആകമാത്രമല്ല ലോകത്തെയാകത്തന്നെ ഫാസിസ്റ്റാക്കാനാണ് വൻകിട മൂലധനശക്തികൾ ശ്രമിച്ചത്.



എൻ.പത്മലോചനൻ

ഈ പിൻതിരിപ്പൻ ആക്രമണത്തിൽ നൂറുകണക്കിന് കമ്മ്യൂണിസ്റ്റ് പ്രവർത്തകരാണ് കൊല്ലപ്പെട്ടത്. ആയിരക്കണക്കിന് കമ്മ്യൂണിസ്റ്റ്കാർ ജയിലിലടക്കപ്പെട്ടു, തടവറയിൽ അന്തരിക്കപ്പെട്ടു. ഇറ്റാലിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിനേതാവ് 'അന്റോണിയോ ഗ്രാംഷി അതിൽ പ്രമുഖനായിരുന്നു. സോഷ്യൽ ഡെമോക്രാറ്റുകൾ ഫാസിസത്തിലേക്കുള്ള വഴി തുറക്കുവാനും അവരുമായി സഹകരിക്കാനും വേണ്ടി യൂറോപ്പിലെ പല ഫാസിസ്റ്റ് ഗവൺമെന്റുകളിലും ഭരണപങ്കാളികളായി.

## 1929-1939 കാലത്തെ യുദ്ധാരവങ്ങളും ഫാസിസവും

1922-ൽ ഇറ്റലിയിൽ മുസ്സോളിനി സേച്ഛാധിപത്യം നടപ്പാക്കിയത് ഫാസിസത്തിനുലഭിച്ച പ്രഥമ വമ്പിച്ച വിജയമായിരുന്നു. 1929-32 കാലത്തെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിമൂലം മുതലാളിമാർക്കുണ്ടായ കടുത്ത ബുദ്ധിമുട്ടുകൾ ഫാസിസത്തിലേക്കു നീങ്ങുവാനുള്ള ശക്തമായ പ്രേരണയായി.



**ഫാസിസം അധികാരത്തിൽ എത്തിക്കഴിഞ്ഞാൽ ബൂർഷ്വാ ജനാധിപത്യ സർക്കാരിനെയും പൗരാവകാശങ്ങളെയും തൊഴിലാളിവർഗ്ഗ രാഷ്ട്രീയ പാർട്ടികളെയും ട്രേഡ് യൂണിയനുകളെയും സഹകരണസംഘങ്ങളെയും എല്ലാം അതു പൊളിച്ചടുക്കുക തന്നെ ചെയ്യും.**

എന്നാൽ 1933-ൽ ജർമ്മനിയിൽ 'ഹിറ്റ്ലർ' അധികാരം പിടിച്ചെടുത്തതിനു ശേഷമാണ് ഫാസിസ്റ്റ് നീക്കങ്ങൾ കൂടുതൽ അക്രമാസക്തവും ഭയാനകവുമാകുന്നത്.

### ജർമ്മനിയിലെ ഫാസിസ്റ്റ് വിജയം

1922 - 32 കാലത്തെ സാമ്പത്തിക പ്രതിസന്ധി ജർമ്മനിയെ സംബന്ധിച്ചിടത്തോളം അതിരൂക്ഷമായിരുന്നു. ജർമ്മനിയിൽ നിന്നും സുപ്രധാനമായ യൂറോപ്യൻ ഭൂപ്രദേശങ്ങളെയും കോളനികളെയും പിടിച്ചെടുക്കുകയും ആ രാജ്യത്തിന് കടബാധ്യത അടിച്ചേൽപ്പിക്കുകയും ചെയ്ത വെഴ്സയ്ൽസ് ഉടമ്പടിയുടെ കടുത്ത വ്യവസ്ഥകൾ ജർമ്മൻ മുതലാളിത്തത്തെ ആപൽക്കരമായ അവസ്ഥയിൽ എത്തിച്ചു.

1918- ലെ ജർമ്മൻ സോഷ്യലിസ്റ്റ് വിപ്ലവത്തെ സോഷ്യൽ ഡെമോക്രാറ്റുകൾ വഞ്ചിച്ചതോടെയാണ് ഫാസിസത്തിന്റെ വിത്തുകൾ വിതയ്ക്കപ്പെട്ടത്. എന്നാൽ 192932 കാലത്തെ സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് അത് അതിവേഗം വളരാൻ തുടങ്ങി. 1928 ൽ ദേശീയാടിസ്ഥാനത്തിൽ അതിനു ലഭിച്ചത് 8 ലക്ഷം വോട്ടായിരുന്നു. 1932 ഇത് 134 ലക്ഷമായി കുതിച്ചുയർന്നു. ജർമ്മൻ കുത്തകകൾ 'ഹിറ്റ്ലർ' സംഘത്തിന് കൈയയച്ച് പണം നൽകിയിരുന്നു. പട്ടണങ്ങളിലെ ഇടത്തരക്കാരും പാപ്പരായ കർഷകരും ദാരിദ്ര്യവും പട്ടിണിയും കൊണ്ട് വലഞ്ഞിരുന്ന പിന്നണിയിൽ നിന്നിരുന്ന തൊഴിലാളി വിഭാഗങ്ങളുമായിരുന്നു. 'ഹിറ്റ്ലർ'ക്കു പിന്നിൽ അണിനിരന്നിരുന്നത്.

'ഏണസ്റ്റ് തെയിൻമാന്റെ' നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയും ട്രെയിഡ് യൂണിയനുകളിലെ പ്രതിപക്ഷമായിരുന്ന ആർ.ഐ.എൽ.യുവും, സോഷ്യൽ ഡെമോക്രാറ്റുകളുടെയും അവരുടെ ട്രെയിഡ് യൂണിയനുകളുടെയും സഹകരണനയത്തിന്റെ വിപത്ത് ചൂണ്ടിക്കാണിച്ചിരുന്നു.

1921 ഡിസംബറിൽ 'ലെനിൻ' ആദ്യമായി മുന്നോട്ടു വച്ച കമ്മ്യൂണിസ്റ്റ് ഐക്യമുന്നണി നയത്തിന് അനുസൃതമായിരുന്നു ഇത്. പൊതുപണിമുടക്കം നടത്തണമെന്ന നിർദ്ദേശം നാല് നിർണ്ണായക സന്ദർഭങ്ങളിൽ കമ്മ്യൂണിസ്റ്റുകാർ ഹിറ്റ്ലറുടെ മുന്നിൽ വയ്ക്കുകയുണ്ടായി. 1932 ഏപ്രിൽ മാസത്തിൽ വ്യാപകമായ കൂലിവെട്ടിക്കുറയ്ക്കലിനെതിരെ പണിമുടക്കണമെന്ന കമ്മ്യൂണിസ്റ്റുകാരുടെ ആവശ്യം വലതുപക്ഷ സോഷ്യലിസ്റ്റ് യൂണിയൻ നേതാക്കൾ പുച്ഛിച്ചു തള്ളുകയാണു ചെയ്തത്. തെരഞ്ഞെടുപ്പുകളിൽ ബൂർഷ്വാ പാർട്ടികളുടെ "തമ്മിൽഭേദം" സ്ഥാനാർത്ഥികളെ പിൻതുണയ്ക്കൽ മാത്രമായി അവരുടെ നയം. ഇടതുപക്ഷത്തെ അവർ ശത്രുക്കളായാണ് കണ്ടത്. സോഷ്യൽ ഡെമോക്രാറ്റുകൾ അധികാരത്തിലിരുന്ന പ്രഷ്യയിലെ പോലീസ്, ഹിറ്റ്ലറുടെ സ്റ്റോം ട്രൂപ്പേഴ്സ്' കമ്മ്യൂണിസ്റ്റ്കാരെ വേട്ടയാടിയപ്പോൾ കണ്ണും പൂട്ടി നിന്നു. "സോഷ്യൽ ഡെമോക്രസിയുടെ സംരക്ഷണത്തിൽ കീഴിലാണ് ഫാസിസം അധികാരത്തിലെത്തിയത്." എന്ന ആർ.പി.ദത്തിന്റെ അഭിപ്രായം തികച്ചും ശരിയായിരുന്നു.

സോഷ്യൽഡെമോക്രാറ്റുകളുടെ തികഞ്ഞ പാപ്പരത്തത്തിനിടയിൽ ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും ട്രെയിഡ് യൂണിയനിലെ പ്രതിപക്ഷവും ദ്രുതഗതിയിൽ വളർന്നു പാർട്ടിയുടെ 'വോട്ടിൽ' 1930 നും 1932 നും ഇടയ്ക്ക് 13.84 ലക്ഷത്തിന്റെ വർദ്ധനവുണ്ടായി. ദേശീയ ട്രെയിഡ് യൂണിയനുകളിൽ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിക്ക് വ്യക്തമായ നിയന്ത്രണം ഉണ്ടായിരുന്നു.

1932-ലെ ദേശീയ തെരഞ്ഞെടുപ്പിൽ സോഷ്യൽ ഡെമോക്രാറ്റുകൾക്ക് 80 ലക്ഷത്തിലധികം വോട്ട് ലഭിച്ചതിൽ നിന്നും ഇതു വ്യക്തമാണ്.

1932-ൽ അനിവാര്യമായത് സംഭവിച്ചു. സോഷ്യൽ ഡെമോക്രാറ്റുകളുടെ "തമ്മിൽഭേദം" നയം ഹിറ്റ്ലർ വിഭാഗത്തിന്റെ വിജയത്തിൽ കലാശിച്ചു. കമ്മ്യൂണിസ്റ്റുകാർ നിർദ്ദേശിച്ചതുപോലെ ഒരു തൊഴിലാളി പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതിനായി യോജിച്ച് പൊരുതുന്നതിനു പകരം സോഷ്യൽ ഡെമോക്രാറ്റുകൾ തങ്ങളുടെ ട്രെയിഡ് യൂണിയൻ ബലമാകെ സമാഹരിച്ച് ഹിറ്റ്ലറെക്കാൾ "ഭേദം" എന്ന പേരിൽ പഴയ പിന്തിരിപ്പനായ ജനറൽ വോൺ ഹിൻസൺ ബർഗിനെ' പിന്തുണയ്ക്കുകയും 'വോൺ തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

ഏതാനും മാസങ്ങൾക്കുശേഷം, 1933 ജനുവരി 30-ന് ഫാസിസ്റ്റ് മുട്ടാളന്മാരുടെ അവകാശവാദങ്ങൾക്കു മുന്നിൽ 'ഹിൻഡൻ' മുട്ടുമടക്കുകയും 'ഹിറ്റ്ലറെ' ചാൻസിലറാക്കുകയും ചെയ്തു. അങ്ങിനെ ജർമ്മനിയിൽ ഫാസിസം അധികാരത്തിലെത്തി. ബൂർഷ്വാസിയുമായി സഹകരിക്കുക എന്ന സോഷ്യൽ ഡെമോക്രാറ്റുകളുടെ നയമായിരുന്നു ജർമ്മനിയെ ഫാസിസ്റ്റ്കളുടെ പിടിയിൽ പെടുത്തിയത്.

ജർമ്മൻ സോഷ്യൽ ഡെമോക്രസിയുടെ പ്രധാന ശക്തികേന്ദ്രമായിരുന്ന ട്രേയിഡ് യൂണിയൻ നേതാക്കളായിരുന്നു ഈ ഭീകരമായ രാഷ്ട്രീയ ദുരന്തത്തിന്റെ ഉത്തരവാദികൾ. ഹിറ്റ്ലർ ഭരണത്തിൽ എത്തിയതിൽ അവർക്ക് അൽപ്പവും അസ്വസ്ഥത തോന്നിയില്ല. ഇത്തരം ഒരു കാഴ്ചപ്പാടുമായി വെൽസും, കൗട്സ്ക്കിയും, ലിപാടും ഉൾപ്പെടെയുള്ള സോഷ്യൽ ഡെമോക്രാറ്റിക് നേതാക്കന്മാർ ഹിറ്റ്ലർ ഭരണവുമായി ഒട്ടിനിൽക്കാനുള്ള പരിപാടികൾക്ക് രൂപം നൽകി. ജർമ്മൻ ട്രെയിഡ് യൂണിയൻ ദിനപത്രത്തിൽ ഏപ്രിൽ 29 ന് പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ നാഷണൽ സോഷ്യലിസ്റ്റുകളെ (ഹിറ്റ്ലർ സംഘം) സ്വാഗതം ചെയ്യുകയും മേയ്ദിനം തൊഴിലാളി വർഗപ്രസ്ഥാനത്തിന്റെ വിജയദിനമായി ആചരിക്കാൻ ആഹ്വാനം ചെയ്യുകയുണ്ടായി. നാസികളുടെ ആഘോഷങ്ങളിൽ പങ്കാളികളാകാൻ പോലും തൊഴിലാളികളെ ആഹ്വാനം ചെയ്യുക ഉണ്ടായി.

മേയ് 2-ന് ഹിറ്റ്ലർ സംഘം ട്രേഡ് യൂണിയൻ ഓഫീസുകളാകെ കൈയ്യേറി. എല്ലാനേതാക്കളെയും അറസ്റ്റു ചെയ്തു. മേയ് 13 ന് ട്രേഡ് യൂണിയനുകളുടെ സമസ്ത സ്വത്തുക്കളും സർക്കാർ കണ്ടുകെട്ടി. അങ്ങിനെ 7 പതിറ്റാണ്ട് കൊണ്ട് തൊഴിലാളികൾ കെട്ടിപടുത്ത് ദശലക്ഷക്കണക്കിന് അംഗങ്ങൾ ഉണ്ടായിരുന്ന ജർമ്മൻ ട്രേഡ് യൂണിയൻ പ്രസ്ഥാനം നിസ്സാരമായ ചെറുത്തു നില്പ് പോലും ഇല്ലാതെ അടിയറവു വച്ചു. ഇറ്റലിയിൽ 'മുസോളിനി' നിരവധി വർഷങ്ങൾ കൊണ്ടാണ് ഈ ദൗത്യം പൂർത്തിയാക്കിയത്. എന്നാൽ ട്രെയിഡ് യൂണിയൻ നേതാക്കന്മാരുടെ നട്ടെല്ല് ഇല്ലായ്മ ബോധ്യപ്പെട്ട ഹിറ്റ്ലർ ഒറ്റ അടികൊണ്ട് തന്നെ എല്ലാം അവസാനിപ്പിക്കാൻ തീരുമാനിക്കുകയാണുണ്ടായത്. ട്രെയിഡ് യൂണിയനുകളുടെ സമ്പത്താകെ പിടിച്ചെടുത്തത്. 4 ദിവസത്തിനു ശേഷം, മേയ് 17-ന് റീഷ്സ്റ്റാഗിലെ സോഷ്യൽ ഡെമോക്രാറ്റിക് പ്രതിനിധികൾ (ഇവരിൽ അധികം ട്രേയിഡ് യൂണിയൻ നേതാക്കളായിരുന്നു) ഫാസിസ്റ്റ് സർക്കാരിന്റെ പ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്തുകൊണ്ട് ഹിറ്റ്ലറോടുള്ള തങ്ങളുടെ നിന്ദ്യമായ വിധേയത്വം പ്രകടിപ്പിച്ചു. ഹിറ്റ്ലർ ആകട്ടെ സോഷ്യൽ ഡെമോക്രാറ്റുകളുടെ ഈ നാണംകെട്ട നിലപാടിനോട് പ്രതികരിച്ചത്, ജൂൺ 23 ന് സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയെ നിരോധിച്ച്കൊണ്ടായിരുന്നു. അവശേഷിച്ച ചുരുക്കം ചില തീവ്രവലതുപക്ഷക്കാരായ സോഷ്യൽ ഡെമോക്രാറ്റിക് നേതാക്കന്മാരെയും കൂടി അറസ്റ്റ് ചെയ്യുകയുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടിയെ വളരെ മുമ്പു തന്നെ നിരോധിച്ചിരുന്നു.

## ഫാസിസത്തിന്റെ മുന്നേറ്റത്തെ ചെറുക്കുന്നതിന് സാർവദേശീയ തൊഴിലാളി വർഗ്ഗ മുന്നണി

ജർമ്മനിയിൽ ഹിറ്റ്ലർ അധികാരം പിടിച്ചെടുത്ത് ഏറെ കഴിയും മുമ്പ് തന്നെ 1934 ഫെബ്രുവരിയിൽ, നാസി സേന ആസ്ട്രിയായെ കടന്നാക്രമിച്ചു. ഫാസിസ്റ്റുകളുടെ വർദ്ധിച്ചു വരുന്ന പ്രകോപനത്തിന് പെട്ടെന്ന് സംഘടിപ്പിച്ച ദേശീയ പണിമുടക്കിലൂടെ 1927 ജൂലൈയിൽ തന്നെ തൊഴിലാളികൾ മറുപടിയും നൽകിയിരുന്നു. തൊഴിലാളിവർഗ്ഗവിപ്ലവം ഉണ്ടാകുമെന്ന് പേടിച്ചരണ്ട സോഷ്യൽ ഡെമോക്രാറ്റിക് നേതാക്കൾ പണിമുടക്കിന് പിൻവലിച്ചു. ആസ്ട്രേലിയായിലെ രാഷ്ട്രീയ സ്ഥിതിഗതികൾ അനുദിനം വഷളായി വന്നു.

ആസ്ട്രിയൽ ഫാസിസ്റ്റ് സ്വേച്ഛാധിപതി 'ഡൾഫസ്' 1933 മാർച്ചിൽ പാർലമെന്റ് പിരിച്ച്വിടുകയും നഗ്നമായ സ്വേച്ഛാധിപത്യം പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ തങ്ങൾക്ക് നഷ്ടമാകുന്ന സ്വാതന്ത്ര്യം സ്ഥാപിക്കുന്നതിനായി പൊരുതാൻ തൊഴിലാളികൾ തയ്യാറായിരുന്നു. 1934 ഫെബ്രുവരി 20- ന് അവർ പണിമുടക്കം തുടങ്ങി.

ഫാസിസ്റ്റ് സൈന്യത്തിന്റെ കലാപത്തെ തുടർന്ന് പണിമുടക്കം സായുധകലാപമായി മാറി. എന്നാൽ ഔദ്യോഗിക ട്രെയിഡ് യൂണിയൻ നേതൃത്വത്തിന്റെ പണിമുടക്കാഹ്വാനം മഹാഭൂരിപക്ഷം തൊഴിലാളികളിലും എത്തിയതേ ഇല്ല. പല ട്രെയിഡ് യൂണിയനുകളും പണിമുടക്കം ഫലപ്രദമാക്കാൻ ഒന്നും തന്നെ ചെയ്തതുമില്ല. ഏതാനും ദിവസത്തെ ധീരോദാത്തമായ പോരാട്ടത്തിനുശേഷം ലോകത്താകെ ഉള്ള തൊഴിലാളികളെ ആവേശം കൊള്ളിച്ച വിയറ്റ്നാമിലെ തൊഴിലാളികൾ അടിച്ചമർത്തപ്പെടുകയും ഫാസിസ്റ്റുകൾ ആസ്ട്രിയായുടെ യജമാനന്മാരായി ഉയർന്നു വരികയും ചെയ്തു. ഉടൻ തന്നെ ഭരണാധികാരികൾ എല്ലാ തൊഴിലാളി പാർട്ടികളെയും ട്രെയിഡ് യൂണിയനുകളെയും നിരോധിക്കുകയും അടിച്ചമർത്തുകയും ചെയ്തു.

'ആർ.പി.ദത്ത്' ആ സാഹചര്യത്തെ ഇങ്ങനെ രേഖപ്പെടുത്തി : ആസ്ട്രിയൻ തൊഴിലാളികളുടെ സമരത്തെ പരാജയപ്പെടുത്തിയത് ശത്രുസേനയുടെ മിടുക്കു കൊണ്ടല്ല. സോഷ്യൽ ഡെമോക്രാറ്റുകളുടെ ശിഥിലീകരണ നടപടികളാണ് അതിനെ പരാജയപ്പെടുത്തിയത്. രാജ്യത്തെ ചെറുത്തു നില്പ് സേന രാജ്യത്തുടനീളമുള്ള തൊഴിലാളികളെക്കൂടി അണിനിരത്തിയിരുന്നു എങ്കിൽ, തൊഴിലാളികളുടെ ആ ഉയർത്ത് എഴുന്നേൽപ്പിനെ അടിച്ചമർത്താൻ സർക്കാരിനാകുമായിരുന്നില്ല.

## ഫാസിസത്തിന്റെ അതിവേഗ മുന്നേറ്റം

1933 ജനുവരിയിൽ ജർമ്മനിയിൽ 'ഹിറ്റ്ലർ' അധികാരം പിടിച്ചെടുത്തശേഷം ലോകതൊഴിലാളിവർ

ഗ്ഗപ്രസ്ഥാനവും അധ്വാനിക്കുന്ന ജനത ഒന്നാകുകയും ചരിത്രത്തിലെ അതിരൂക്ഷമായ പ്രതിസന്ധിയെയാണ് നേരിട്ടത്. തങ്ങളുടെ സാമ്രാജ്യ എതിരാളികളിൽ നിന്നും ലോകത്തിന്റെ നിയന്ത്രണം കൈക്കലാക്കുന്നതിനായി രണ്ടാം ലോകയുദ്ധം അടിച്ചേൽപ്പിക്കുന്നതിനുള്ള നീക്കത്തിലായിരുന്നു ഫാസിസ്റ്റുകൾ. തൊഴിലാളികളുടെ രാഷ്ട്രീയ പാർട്ടികളുടെയും ട്രേഡ് യൂണിയനുകളുടെയും സഹകരണസംഘങ്ങളുടെയും സമ്പൂർണ്ണ നാശമെന്നാണ് ഫാസിസത്തിന് നമുക്ക് നൽകാവുന്ന അർത്ഥം. രണ്ട് നൂറ്റാണ്ട് കൊണ്ട് പോരാട്ടങ്ങളിലൂടെ തൊഴിലാളി വർഗ്ഗം നേടി എടുത്ത എല്ലാ ജനാധിപത്യ അവകാശങ്ങളും കവർന്നെടുക്കപ്പെട്ടു.

ഫാസിസത്തിന്റെ ഇരച്ചുകയറ്റം, ലോകത്താകെ ഉള്ള തൊഴിലാളികളുടെയും മറ്റ് ജനാധിപത്യശക്തികളുടെയും ഉശിരൻ പ്രത്യാക്രമണം അനിവാര്യമാക്കി തീർത്തു. അവരുടെ തൊഴിലും, ജീവിതനിലവാരവും അവരുടെ സ്വാതന്ത്ര്യവും അവരുടെ സംഘടനകളും അവരുടെ എല്ലാം എന്തിന് ജീവിതവും തന്നെ തകർക്കപ്പെട്ടു. അതേസമയം രണ്ടാം ഇന്റർനാഷണലും ഐഎഫ്ടിയുവും അവരുടെ മുതലാളിത്ത അനുകൂല നിലപാടുമൂലവും അവസരവാദ നയവും മൂലം ഫാസിസ്റ്റ് വിരുദ്ധ നിലപാടിന് നേതൃത്വം നൽകാൻ ശേഷിയില്ലാത്തവയായി മാറി.

ലോകം തൊഴിലാളിവർഗ്ഗം നേരിട്ട ഈ കടുത്ത പ്രതിസന്ധി ഘട്ടത്തിൽ, മാർക്സിസ്റ്റ് ലെനിനിസ്റ്റുകളുടെ ഭാഗത്തു നിന്നും ആയിരുന്നു, കമ്മ്യൂണിസ്റ്റുകാരിൽ നിന്നും ആയിരുന്നു, പ്രായോഗിക നേതൃത്വം ഉയർന്നുവന്നത്. ഈ കമ്മ്യൂണിസ്റ്റ് പോരാട്ടവീറിന്റെ വിട്ടുവീഴ്ചയില്ലാത്ത ഉദാത്ത മാതൃകയായിരുന്നു 1933 സെപ്റ്റംബർ ഡിസംബർ കാലത്ത് ലിപ്സീഗിലെ നാസി കോടതിയിൽ തല ഉയർത്തി നിന്ന ധീരനായ 'ജോർജിദിമിത്രോവ്. മൂന്നു വിശാലമായ വഴിത്താരയിലൂടെ ആയിരുന്നു ഫാസിസത്തിനെതിരായ ജനകീയ പ്രത്യാക്രമണത്തിന് രൂപം നൽകിയത്.

ഈ അടിസ്ഥാന നടപടികളിൽ ഒന്നാമത്തേത് 1934 സെപ്റ്റംബറിൽ സോവിയറ്റ് യൂണിയൻ ലീഗ് ഓഫ് നേഷൻസിലും ഐഎൻഒയിലും ചേർന്നതായിരുന്നു. ഫാസിസ്റ്റുകൾ ഈ വേദിയിൽ നിന്നും പുറത്തു പോയിരുന്നു. ലീഗ് ഓഫ് നേഷൻസിലെ സോവിയറ്റ് പ്രതിനിധി 'ലിറ്റ്വിനോവിലൂടെ', സാർവദേശീയ ഫാസിസ്റ്റ് വിരുദ്ധ മുന്നണി കെട്ടിപ്പടുക്കാൻ തങ്ങളുടെ ഗവൺമെന്റുകളുമായി കൈകോർക്കണമെന്ന് ലോകത്താകെ ഉള്ള ജനങ്ങളോട് സോവിയറ്റ് യൂണിയൻ അഭ്യർത്ഥിച്ചു. ഈ വിപ്ലവനയം ഫാസിസ്റ്റ് ഇതര ഗവൺമെന്റുകൾ അംഗീകരിച്ചിരുന്നു എങ്കിൽ, രണ്ടാം ലോകമഹായുദ്ധം തടയുന്നതിനുള്ള സാദ്ധ്യത ഉണ്ടാകുമായിരുന്നു. ഫാസിസ്റ്റ് വിപ്ലവത്തിനെ തടയാനും തകർക്കാനും കഴിയുമായിരുന്നു.








Manufactures & Exporters

Haritha Pharmaceuticals

Varandarappilly- 680 303, Thrissur (Dt), Kerala, Ph: 0480 2760791






സഹകരണ ബാങ്കിംഗ് രംഗത്ത് പ്രശസ്ത സേവനം നൽകി വരുന്ന

ജില്ലയിലെ ക്ലാസ്സ് 1 സ്പെഷൽ ഗ്രേഡ് ബാങ്ക്

- കമ്പ്യൂട്ടറൈസ്ഡ് ബാങ്ക്
- പ്രവർത്തന മൂലധനം 180 കോടി
- വസ്തു പണയം വായ്പ ഗഹാൻ വ്യവസ്ഥയിൽ കൊടുക്കുന്നു (50 ലക്ഷം രൂപ) 120 മാസക്കാലാവധിയിൽ
- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നൽകി വരുന്നു (ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീമിൽ അംഗമാണ്)
- കർഷകർക്ക് 7% പലിശ നിരക്കിൽ കിസാൻ ക്രെഡിറ്റ് കാർഡ് K.C.C സൗകര്യം (3 ലക്ഷം രൂപവരെ)
- RTGS/NEFT/IMPS /Mobile Banking സൗകര്യം
- ഭവന വായ്പ 15 വർഷക്കാലത്തേയ്ക്ക് 25 ലക്ഷം രൂപവരെ നൽകുന്നു
- ഗ്യാസ്, വളം വ്യാപാരങ്ങൾ നടത്തിവരുന്നു

നീതി മെഡിക്കൽ സ്റ്റോർ
Tel: 0487 2365004
ഇംഗ്ലീഷ് മരുന്നുകൾക്ക് 15% മുതൽ 50% വരെ ഡിസ്ക്കൗണ്ട്
ഇൻസുലിൻ മരുന്നുകൾക്ക് 18% വരെ ഡിസ്ക്കൗണ്ട്

ടി. സുധാകരൻ
പ്രസിഡന്റ്

കെ. രാധാദേവി
സെക്രട്ടറി – ഇൻ – ചാർജ്ജ്

അയ്യന്തോൾ സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ 494

Head Office: Ayyanthole, Thrissur 680003
Tel: 0487 2360005 e-mail: ascb494@gmail.com
Evening Counter Tel: 2360004
SB Extension Counter: Civil Lane Tel: 2386748

# തൈക്കാട് സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നം. എഫ് 7084

ബ്രഹ്മകുളം.പി.ഒ. PHONE: 0487 2556341, 2556542. Email: tscbank7084@gmail.com

ബ്രാഞ്ചുകൾ: മാമാബസാർ, ചൊവ്വല്ലൂർപടി, നെന്മിനി

- 100 വർഷത്തെ വിശ്വസ്തമായ സേവന പാരമ്പര്യം
- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്കും പരിരക്ഷയും.
- വിവിധ കാർഷിക – കാർഷികേതര വായ്പകൾ
- 10 ലക്ഷം വരെ ഗോൾഡ് ലോൺ സൗകര്യം, ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാണ്.
- ഇന്ത്യയിൽ എവിടേക്കും ഫണ്ട് ട്രാൻസ്ഫർ സൗകര്യം

കുന്നത്ത് പരമേശ്വരൻ (പ്രസിഡന്റ്) 9074593474

സി എം ഹാരിഷ് (സെക്രട്ടറി) 9847387502

# ഇന്ത്യൻ സമ്പദ് വ്യവസ്ഥ പ്രതിസന്ധി യിലേക്കോ?




**തുടർച്ചയായി ഇടിയുന്ന രൂപയുടെ വിനിമയമൂല്യം, വർധിച്ചുവരുന്ന നാണ്യപ്പെരുപ്പം, ഓഹരിവിപണിയിൽനിന്ന് വിദേശ നിക്ഷേപകരുടെ പിൻമാറ്റം, ഇടിയുന്ന വിദേശനാണ്യ ശേഖരം, കുതിച്ചുയരുന്ന വിദേശകടം, വ്യാപാരകമ്മി തുടങ്ങിയ സൂചകങ്ങളെല്ലാം സമ്പദ് വ്യവസ്ഥയുടെ രോഗാവസ്ഥയാണ് വെളിപ്പെടുത്തുന്നത്.**

ഇന്ത്യൻ സമ്പദ് വ്യവസ്ഥ കടുത്ത പ്രതിസന്ധിയിലേക്ക് നീങ്ങുന്നുവെന്നാണ് അടുത്തിടെ പുറത്തുവന്ന വിവിധ കണക്കുകൾ വ്യക്തമാക്കുന്നത്. തുടർച്ചയായി ഇടിയുന്ന രൂപയുടെ വിനിമയമൂല്യം, വർധിച്ചുവരുന്ന നാണ്യപ്പെരുപ്പം, ഓഹരിവിപണിയിൽനിന്ന് വിദേശ നിക്ഷേപകരുടെ പിൻമാറ്റം, ഇടിയുന്ന വിദേശനാണ്യ ശേഖരം, കുതിച്ചുയരുന്ന വിദേശകടവും വ്യാപാരകമ്മിയും തുടങ്ങിയ സൂചകങ്ങളെല്ലാം സമ്പദ്വ്യവസ്ഥയുടെ രോഗാവസ്ഥയാണ് വെളിപ്പെടുത്തുന്നത്. ദേശീയ മാധ്യമങ്ങളിലൂടെ പൊള്ളയായ വികസനനേട്ടം ഉയർത്തിക്കാട്ടി പുതിയ പ്രഖ്യാപനങ്ങൾ നടത്തുന്നതല്ലാതെ സമ്പദ് വ്യവസ്ഥയെ ചലിപ്പിക്കാനുള്ള നടപടികളെല്ലാം പാളിപ്പോകുകയാണ്. റിസർവ് ബാങ്ക് രണ്ടുതവണ അടിസ്ഥാന പലിശനിരക്ക് ഉയർത്തിയെങ്കിലും ഉപഭോക്തൃ വിലസൂചിക അടിസ്ഥാനമാക്കിയുള്ള വിലക്കയറ്റം തുടർച്ചയായ മൂന്നാം മാസവും ഏഴ് ശതമാനത്തിനു മുകളിലാണ്. കണക്കുകൾക്ക് അപ്പുറമാണ് ജനങ്ങൾ അഭിമുഖീകരിക്കുന്ന യഥാർഥ വിലക്കയറ്റം. ഭക്ഷ്യധാന്യശേഖരം കുറയുന്നത് വരും മാസങ്ങളിൽ വിലക്കയറ്റത്തിന് വഴിവയ്ക്കുമെന്ന് മുന്നറിയിപ്പുമുണ്ട്.

എക്കാലത്തെയും മോശം വിനിമയനിരക്കായ 80.058ലേക്കാണ് രൂപ (ജൂലൈ 13ലെ കണക്ക്) കൂപ്പുകുത്തിയത്. ഈ വർഷം ജനുവരി മുതൽ ആറ് ശതമാനമാണ് തകർച്ച. മോദി സർക്കാർ അധികാരമേറ്റ 2014 മേയിൽ 59 രൂപ 44 പൈസയായിരുന്നു വിനിമയനിരക്ക്. എട്ട് വർഷത്തെ ഭരണത്തിനിടയിൽ 20 രൂപയിലേറെ ഇടിഞ്ഞ് 79.81 രൂപയിലെത്തി. വിനിമയനിരക്ക് പിടിച്ചുനിർത്താൻ റിസർവ് ബാങ്ക് കരുതൽ ശേഖരത്തിൽനിന്ന് ഡോളർ വിപണിയിലിറക്കുന്നുണ്ടെങ്കിലും രൂപ താഴോട്ടുതന്നെയാണ്. രൂപയുടെ ഇടിവ് വിലക്കയറ്റത്തിനും ഇറക്കുമതി ചെലവ് ഉയരാനും ഇടയാക്കുന്നു. ജനങ്ങളുടെ വാങ്ങൽശേഷി കുറയുന്നത് ആഭ്യന്തര വിപണിയെയും ബാധിക്കും. ഇത് സാമ്പത്തിക മാന്ദ്യത്തിലേക്കാണ് നയിക്കുക.

ആറ് മാസത്തിനിടയിൽ വിദേശനാണ്യ കരുതൽ ശേഖരത്തിൽ 5200 കോടി ഡോളറിന്റെ കുറവുണ്ടായി. കരുതൽ ശേഖരം കുറഞ്ഞതോടെ പല രാജ്യങ്ങളുമായും രൂപയിൽ ഇടപാട് നടത്താനാണ് ഇപ്പോൾ സർക്കാർ ശ്രമിക്കുന്നത്. പെരുകിയ വിദേശകടത്തിന്റെ തിരിച്ചടവ് ഈ സാമ്പത്തിക വർഷം സർക്കാരിനെ കടുത്ത പ്രതിസന്ധിയിലാക്കും. ഒമ്പത് മാസത്തിനകം തിരിച്ചടയ്ക്കേണ്ട വിദേശ വായ്പ 26,700 കോടി ഡോളറാണ്. കരുതൽ ശേഖരത്തിന്റെ 40 ശതമാനവും വായ്പ തിരിച്ചടവിന് വിനിയോഗിക്കുന്നതോടെ വിദേശനാണ്യ ശേഖരം ശോഷിക്കും. ഓരോ മാസവും വിദേശവ്യാപാര കമ്മി വർധിച്ചു വരികയാണ്. ജൂണിൽ ഇറക്കുമതി കയറ്റുമതി വരുമാനത്തിലെ അന്തരം 2563 കോടി ഡോളറാണ് (രണ്ട് ലക്ഷം കോടി രൂപ). ഈ നില തുടർന്നാൽ വിദേശവായ്പ തിരിച്ചടവിനും പത്ത് മാസത്തെ വ്യാപാരകമ്മി നേരിടാനും മാത്രമേ നിലവിലെ വിദേശനാണ്യ ശേഖരം ഉപകരിക്കുകയുള്ളു.

## ഉയരുന്ന തൊഴിലില്ലായ്മ

ഇന്ത്യയിലെ തൊഴിലില്ലായ്മയെക്കുറിച്ച് ഏറ്റവും ആധികാരികമായ കണക്കുകൾ ശേഖരിക്കുന്ന ഏജൻസിയാണ് സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമി (CMIE) ഇന്ത്യയിലെ തൊഴിലില്ലായ്മ ജൂലൈയിൽ 7.3% എന്ന വളരെ ഉയർന്ന നിലയിലാണ്. CMIE ജൂലൈ 15 ന് പുറത്തുവിട്ട കണക്കുകൾ പറയുന്നു. ഏറ്റവും ഗുരുതരമായ സ്ഥിതി വിദ്യാസമ്പന്നരുടെ തൊഴിലില്ലായ്മയുടെ കാര്യത്തിലാണ്. ബിരുദധാരികളുടെ തൊഴിലില്ലായ്മ 2022 ജനുവരി ഏപ്രിൽ മാസങ്ങളിലെ കണക്കുകൾ CMIE പരിശോധിച്ച് കണ്ടെത്തിയത് 17.5% ആണെന്നാണ്. രാജസ്ഥാൻ, ബീഹാർ, ആന്ധ്രപ്രദേശ് തുടങ്ങിയ ചില സംസ്ഥാനങ്ങളിൽ ബിരുദധാരികളുടെ തൊഴിലില്ലായ്മ 33% ആണ്. രാജസ്ഥാനിലെ സ്ഥിതിയാണ് ഏറ്റവും ഗുരുതരം ബിരുദധാരികളുടെ തൊഴിലില്ലായ്മ രാജസ്ഥാനിൽ 84.2% ആണ്. രാജസ്ഥാനിലെ മൊത്തം തൊഴിലില്ലായ്മ 29.8% ആണ് ജൂലൈയിൽ, ഹരിയാനയിൽ 30.6% ആണ്. ബീഹാറിൽ ബിരുദധാരികളുടെ തൊഴിലില്ലായ്മ 34.2% ആണ്.

മഹാമാരിക്കാലത്തെ പ്രശ്നങ്ങളും അതുമൂലം അനേകർക്ക് തൊഴിൽ നഷ്ടപ്പെട്ടതും, അക്കാലത്ത് രാജസ്ഥാൻ ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലേക്ക് അനേകം കുടിയേറ്റ തൊഴിലാളികൾ തിരിച്ചെത്തിയതുമാണ് തൊഴിലില്ലായ്മ ഇത്രയും ഉയരാൻ കാരണമെന്നാണ് CMIE നിഗമനം.

എന്തായാലും ഇന്ത്യൻ സമ്പദ്വ്യവസ്ഥയും ഇന്ത്യയിലെ തൊഴിലിന്റെ സ്ഥിതിയും ഗുരുതരമാണ്. •


കൂർക്കഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് ലി. നമ്പർ: 36
കൂർക്കഞ്ചേരി, തൃശൂർ–680007
E-mail: koorkencheryscb36@gmail.com & FAX:0487 2442100
ഹെഡ്ഡോഫീസ്: കൂർക്കഞ്ചേരി Ph: 2422010
ബ്രാഞ്ച്: വടൂക്കര 2447086
ബ്രാഞ്ച്: ശക്തൻ നഗർ Ph: 2422022
Class 1 Special Grade
1. നിക്ഷേപങ്ങൾക്ക് 7% വരെ പലിശ!
2. മിതമായ പലിശ നിരക്കിൽ വിവിധ തരം വായ്പാ സൗകര്യം!
3. 60 വയസ്സ് കഴിഞ്ഞവർക്ക് നിക്ഷേപങ്ങൾക്ക് 1/2 % പലിശ കൂടുതൽ!
4. ആകർഷകമായ GDCS സ്കീം!
5. കർഷകർക്ക് K.C.C. വായ്പ!
6. സാധാരണ വായ്പ 10,000/– വരെ നൽകുന്നു
7. സ്വർണ്ണ പണയ വായ്പ 25 ലക്ഷം രൂപ വരെ നൽകുന്നു!
8. സ്വർണ്ണ പണയ വായ്പ ഗ്രാമിന് 3600 രൂപ വരെ നൽകുന്നു!
9. 15 വർഷത്തേക്ക് ഹൗസിംഗ് ലോണുകൾ നൽകുന്നു!
10. സേവിംഗ്സ് എക്കൗണ്ട് പലിശനിരക്ക് 4%
സ്വർണ്ണ പണയ വായ്പ 5 ലക്ഷം വരെ 8.5% 25 ലക്ഷം വരെ 9 %
ബാങ്കിൽ സേഫ് ലോക്കർ സൗകര്യം ലഭ്യമാണ്
വടൂക്കര ബ്രാഞ്ച് ഹാൾ മിതമായ നിരക്കിൽ വാടകക്ക് നൽകുന്നു
നാടിന്റെ പുരോഗതിയിൽ എന്നും ജനങ്ങളോടൊപ്പം
നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി
എല്ലാ ഇടപാടുകൾക്കും കളക്ഷൻ ഏജന്റ് സൗകര്യം
പ്രസിഡണ്ട് : ടി വി സുരേഷ്
ഫോൺ: 9947172075
സെക്രട്ടറി ഇൻചാർജ്ജ്:
സഞ്ജു സി ജെ
ഫോൺ: 8086788424


AOSC BANK
അരണാട്ടുകര ഓറിയന്റൽ സർവ്വീസ് കോ–ഓപ്പറേറ്റീവ് ബാങ്ക്
ലിമിറ്റഡ് നമ്പർ 171
പി.ഒ. അരണാട്ടുകര, തൃശൂർ – 680 618. ഫോൺ : 2380201
ബ്രാഞ്ച് : വെസ്റ്റ്ഫോർട്ട് ഫോൺ : 2970810
എക്സ്റ്റൻഷൻ കൗണ്ടർ : ഒളരിക്കര ഫോൺ : 2361337
ക്ലാസ്സ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്
തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്നു
95 വർഷത്തെ പ്രവർത്തന പാരമ്പര്യം
ഓഡിറ്റ് ക്ലാസിഫിക്കേഷൻ 'A'
അഡ്വ. സി.ജെ. ബിമൽ പ്രസിഡന്റ്
കെ. മനീഷ് സെക്രട്ടറി


apsc bank
AYYANTHOLE PANCHAYATH SERVICE CO-OPERATIVE BANK
സ്ഥാപിതം 1943
അയ്യന്തോൾ പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് 471
കാര്യാട്ടുകര, പി.ഒ. എൽത്തുരുത്ത്
ഫോൺ : 0487 2360893
email : apscb471@gmail.com
നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക്
CLASS I SPECIAL GRADE
ബ്രാഞ്ച് ചേറ്റുപുഴ, ആമ്പക്കാട്ട് മൂല ഫോൺ : 0487 2360890
എക്സ്റ്റെൻഷൻ കൗണ്ടറുകൾ ഒളരി മാർക്കറ്റ് ബിൽഡിങ്ങ് ഫോൺ : 0487 2360894
കമ്പനിപ്പടി – പുല്ലഴി ഫോൺ : 0487 2365893
പ്രസിഡന്റ് വി . എസ് ഗോപാലകൃഷ്ണൻ
സെക്രട്ടറി കല്പന. ഇ


106 വർഷത്തെ സേവന പാരമ്പര്യം Estd : 1916
കാരമുക്ക് സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ 16 പി. ഒ. കണ്ടശ്ശാംകടവ് : 0487 2630239
ബ്രാഞ്ചുകൾ : പടിയം– Ph : 0487 2634105
പാലാഴി– Ph : 0487 2634106
കണ്ടശ്ശാംകടവ് എക്സ്റ്റൻഷൻ കൗണ്ടർ – Ph : 0487 2635239
106 വർഷത്തെ വിശ്വസ്ത സേവന പാരമ്പര്യം
ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ സ്വർണ്ണപണയ വായ്പ
ഉയർന്ന പലിശ നിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു
ലളിതമായ നടപടിക്രമത്തിൽ ഏറ്റവും വേഗത്തിൽ മിതമായ പലിശനിരക്കിൽ വായ്പകൾ അനുവദിക്കുന്നു
ഉടൻ ആരംഭിക്കുന്നു പ്രതിമാസ നിക്ഷേപ പദ്ധതികൾ
പ്രസിഡണ്ട് ടി. ഐ. ചാക്കോ
സെക്രട്ടറി പി. ടി. വർഗ്ഗീസ്

# പ്രപഞ്ചത്തിന്റെ ബാല്യകാലചിത്രം പകർത്തി ജയിംസ് വെബ്



ഉൽപ്പത്തിക്കു (മഹാവിസ്ഫോടനം) ശേഷം ശൈശവാവസ്ഥയിലുള്ള പ്രപഞ്ചഭാഗത്തിന്റെ ചിത്രം പകർത്തി ജയിംസ് വെബ് സ്പെയ്സ് ടെലിസ്കോപ്. 1300 കോടി വർഷം മുമ്പ് പുറപ്പെട്ട പ്രകാശരശ്മിയിൽ നിന്നാണ് നക്ഷത്രക്കൂട്ട സമൂഹത്തിന്റെ ചിത്രം പകർത്തിയത്.

പതിനായിരക്കണക്കിന് താരാപഥങ്ങളടങ്ങിയ എസ്എംഎസ്എസ് 0723 എന്ന നക്ഷത്രക്കൂട്ട സമൂഹത്തിന്റെ ചിത്രം അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനാണ് പുറത്തുവിട്ടത്.

- വിദൂര പ്രപഞ്ചത്തിന്റെ ഇതുവരെ പകർത്തിയതിൽ ഏറ്റവും വ്യക്തവും ആഴത്തിലുമുള്ള ചിത്രം
- 12.5 മണിക്കൂറുകൊണ്ടാണ് ചിത്രമെടുത്തത്.
- ഭൂമിയിൽ നിന്ന് 15 ലക്ഷം കിലോമീറ്റർ ദൂരെയുള്ള എൽ 2 പഥത്തിൽ നിന്നാണ് പ്രപഞ്ചത്തെ നിരീക്ഷിക്കുന്നത്.
- പ്രപഞ്ചത്തിന്റെ ആദ്യ രൂപത്തെപ്പറ്റിയുള്ള പഠനമാണ് മുഖ്യ ലക്ഷ്യം.
- 80,000 കോടിയാണ് ചെലവ്.

ബഹിരാകാശത്തെ ടെലിസ്കോപ് ദൗത്യമായ ഹബിളിന്റെ പിൻഗാമി... ജയിംസ് വെബ് വിശേഷിപ്പിക്കപ്പെടുന്നത് ഇങ്ങനെയാണ്. നാസ, യൂറോപ്യൻ സ്പേസ് ഏജൻസി, കനേഡിയൻ സ്പേസ് ഏജൻസി എന്നിവയുടെ സംയുക്ത സംരംഭമായ ഈ ടെലിസ്കോപ്, പ്രപഞ്ചത്തിലെ ഇൻഫ്രാറെഡ് വികിരണങ്ങൾ കണ്ടെത്തിയാണ് ചിത്രങ്ങളാക്കി മാറ്റുന്നത്. ഹബിളിനെക്കാൾ 100 മടങ്ങു ശേഷിയുള്ള, എല്ലാ രീതിയിലും മികച്ചു നിൽക്കുന്ന ടെലിസ്കോപ്പായ ജയിംസ് വെബ്ബിന്റെ വിക്ഷേപണം വലിയ വെല്ലുവിളിയും സങ്കീർണതയും നിറഞ്ഞ ദൗത്യമായിരുന്നു.

**ആദിമ പ്രപഞ്ച ഘടന, തമോഗർത്തങ്ങൾ, പുറംഗ്രഹങ്ങളിലെ കാലാവസ്ഥ, ജീവസാധ്യത, യുറാനസ്, നെപ്റ്റ്യൂൺ ഗ്രഹങ്ങളുടെ സവിശേഷതകൾ എന്നിവയെക്കുറിച്ചു നിർണായക വിവരങ്ങൾ നൽകുന്ന ദൗത്യമെന്നു വിശേഷിപ്പിക്കപ്പെട്ടതിനാൽ ശാസ്ത്രലോകത്തിന്റെ എല്ലാ ശ്രദ്ധയും ജയിംസ് വെബ് നേടിയിരുന്നു.**

കഴിഞ്ഞ വർഷം ഡിസംബറിൽ ക്രിസ്മസ് പിറ്റേന്ന്, ഫ്രഞ്ച് ഗയാനയിലെ സ്പേസ് സെന്ററിൽ നിന്നാണു ജയിംസ് വെബ് യാത്ര തിരിച്ചത്. യൂറോപ്യൻ സ്പേസ് ഏജൻസിയുടെ ആരിയാനെ 5 റോക്കറ്റാണ് വഹിച്ചത്. 27 മിനിറ്റ് പിന്നിട്ട ശേഷം റോക്കറ്റിൽനിന്നു ടെലിസ്കോപ് പുറത്തെത്തി. ലോകം ശ്വാസമടക്കിപ്പിടിച്ചു നോക്കിയിരുന്ന പ്രക്രിയയായിരുന്നു അത്. അതു വിജയകരമായി പൂർത്തീകരിച്ചെങ്കിലും വെല്ലുവിളികൾ തുടങ്ങാനിരിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. ഭൂമിയിൽനിന്ന് 15 ലക്ഷം കിലോമീറ്റർ അകലെയുള്ള ലക്ഷ്യസ്ഥാനമായ എൽ2 ഭ്രമണപഥത്തിലേക്കുള്ള യാത്രയുടെ ദിശ ശരിയാക്കാനുള്ള ജ്വലനം പൂർത്തീകരിക്കുക എന്നതും പ്രയാസകരമായിരുന്നു. എന്നാൽ ഇതും ജയിംസ് വെബ് തരണം ചെയ്തു.

ഓറിഗാമി പേപ്പർക്രാഫ്റ്റ് മാതൃകയിൽ മടക്കിവച്ച ടെലിസ്കോപ് പൂർവസ്ഥിതിയിലാക്കുക എന്നത് സങ്കീർണമായ മറ്റൊരു ദൗത്യമായിരുന്നു. ഗോൾഡൻ ഐ എന്നറിയപ്പെടുന്ന 6.5 മീറ്റർ വലുപ്പമുള്ള കണ്ണാടി നിവർത്തുന്നത് ഇതിൽത്തന്നെ നിർണായകമായിരുന്നു. ജനുവരി 12ന് ഈ ലക്ഷ്യം പൂർത്തീകരിച്ചു. ബെറിലിയം ലോഹം ഉപയോഗിച്ചു നിർമിച്ച, പുഷ്പാകൃതിയും 18 ഭാഗങ്ങളുമുള്ള കണ്ണാടി നിവർന്നു. ഇൻഫ്രാറെഡ് വികിരണങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ നൽകുന്നതിനാൽ ഏറെ പ്രധാനപ്പെട്ട ദൗത്യമാണ് ഈ കണ്ണാടിക്കുള്ളത്. ജനുവരി 26ന് ജയിംസ് വെബ് ലക്ഷ്യസ്ഥാനമായ എൽ2 ഭ്രമണപഥത്തിലെത്തി.•

## കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ 11 ാംസംസ്ഥാന സമ്മേളനം പാലക്കാട് കെ.വി.ജോസ്നഗറിൽ (പാലക്കാട് പ്രസന്ന ലക്ഷ്മി ഓഡിറ്റോറിയം) വച്ച് നടന്നു. സംസ്ഥാന പ്രസിഡന്റ് കെ.പി. സഹദേവൻ പതാക ഉയർത്തി. പ്രതിനിധി സമ്മേളനം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. കെ.പി.സഹദേവൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി കോന്നിക്കര പ്രഭാകരൻ റിപ്പോർട്ട് അവതരിപ്പിച്ചു. 450 പ്രതിനിധികൾ പങ്കെടുത്തു. സിഡബ്ല്യുഎഫ്ഐ അഖിലേന്ത്യാ ജനറൽ സെക്രട്ടറി വി.ശശികുമാർ, അഖിലേന്ത്യാ വൈസ് പ്രസിഡന്റ് ആർ.ശിങ്കാരവേലു, സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് എ.കെ.ബാലൻ, സിഐടിയു സംസ്ഥാന സെക്രട്ടറിമാരായ കെ.എൻ. ഗോപിനാഥ്, വി.സി.കാർത്ത്യായനി, സിഐടിയു വൈസ്പ്രസിഡന്റ് കെ.കെ.ജയചന്ദ്രൻ എന്നിവർ അഭിവാദ്യം ചെയ്തു.



റിപ്പോർട്ടിന്മേൽ നടന്ന ചർച്ചയിൽ 39 പ്രതിനിധികൾ പങ്കെടുത്തു. ചർച്ചകൾക്ക് സെക്രട്ടറി മറുപടി പറഞ്ഞു. രണ്ടു ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ 8 പ്രമേയങ്ങൾ അവതരിപ്പിച്ചു. സ്വാഗതസംഘത്തിനുവേണ്ടി ടി.കെ.അച്ചുതൻ നന്ദി പറഞ്ഞു. ഭാരവാഹികൾ : പി.കെ. മുകുന്ദൻ (പ്രസിഡന്റ്), യു.പി.ജോസഫ് (ജനറൽ സെക്രട്ടറി) ടി.കെ. അച്ചുതൻ (ട്രഷറർ), കെ.പിസഹദേവൻ, വി.ശശികുമാർ, ഷീല അലക്സ്, എം.വൈ.ആന്റണി, ജി.വിജയാനന്ദ്, ആർ.ഗോപി, മണിമോഹൻ (വൈസ് പ്രസിഡന്റുമാർ), കോനിക്കര പ്രഭാകരൻ, കെ.കെ.നാരായണി, കെ.കെ. ശ്രീധരൻ, ഇ.ജി.മോഹനൻ, മണ്ണാറം രാമചന്ദ്രൻ, പി.പി. പവനൻ, അരക്കൻ ബാലൻ, സി.കെ.പരീദ്, വി.പി.സക്കറിയ, കെ.സി.ജോസഫ് (ജോയിന്റ് സെക്രട്ടറിമാർ) 72 അംഗ സംസ്ഥാനക്കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു.



പി.കെ.മുകുന്ദൻ
(പ്രസിഡന്റ്)



യു.പി.ജോസഫ്
(ജന.സെക്രട്ടറി)



ടി.കെ.അച്ച്യുതൻ
(ട്രഷറർ)

## ഓർഗനൈസേഷൻ ഓഫ് സോഷ്യൽ വർക്കേഴ്സ് ആന്റ് കൗൺസിലേഴ്സ് സംസ്ഥാന സമ്മേളനം

ഓർഗനൈസേഷൻ ഓഫ് സോഷ്യൽ വർക്കേഴ്സ് ആന്റ് കൗൺസിലേഴ്സ് സംസ്ഥാന സമ്മേളനം കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ വെച്ച് സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എംപി ഉദ്ഘാടനം ചെയ്തു. വർക്കിംഗ് പ്രസിഡന്റ് അഡ്വ.ഐഷാ പോറ്റി അദ്ധ്യക്ഷയായി. ജനറൽ സെക്രട്ടറി ധന്യ അബീദ് റിപ്പോർട്ട് അവതരിപ്പിച്ചു. സിഐടിയു ജില്ലാ ജനറൽ സെക്രട്ടറി പി.കെ.മുകുന്ദൻ, സിഐടിയു സംസ്ഥാന ഭാരവാഹികളായ പി.പി.പ്രേമ, ഒ.സി. ബിന്ദു എന്നിവർ സംസാരിച്ചു.



കേരളത്തിൽ സൈക്കോ സോഷ്യൽ പദ്ധതിക്ക് കീഴിലെ കൗൺസിലർമാരെ കാറ്റഗറിയിൽ ഉൾപ്പെടുത്തി ജോലിസ്ഥിരത ഉറപ്പാക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ഭാരവാഹികൾ : അഡ്വ.ഐഷാപോറ്റി (പ്രസിഡന്റ്), കെ.ശ്രുതി, മഞ്ജുഷ ജോസ്, പി.വിദ്യ, സുനിഷ റിനു, പി.യു. രമ്യ (വൈസ് പ്രസിഡന്റുമാർ) ധന്യ അബീദ് (ജനറൽ സെക്രട്ടറി), ബി.ശ്രുതി, പി.അനു, കെ.ദീപ, ദീപ തൃക്കൂക്കാരൻ (സെക്രട്ടറിമാർ) സെമിന മുജീബ് (ട്രഷറർ)



അഡ്വ.ഐഷാ പോറ്റി
(പ്രസിഡന്റ്)



ധന്യ അബീദ്
(ജന.സെക്രട്ടറി)

# അങ്കൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് അസോസിയേഷൻ 11ാം സംസ്ഥാന സമ്മേളനം

അങ്കൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് അസോസിയേഷൻ 11ാം സംസ്ഥാന സമ്മേളനം തൃശ്ശൂരിൽ രഞ്ജന നിരുല നഗറിൽ (സംഗീത നാടക അക്കാദമി റീജണൽ തീയറ്റർ) വെച്ചു നടന്നു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം ഉദ്ഘാടനം ചെയ്തു. ആൾ ഇന്ത്യ ഫെഡറേഷൻ ഓഫ് അങ്കൺവാടി & ഹെൽപ്പേഴ്സ് ദേശീയ സെക്രട്ടറി എ.ആർ.സിന്ധു സംഘടനാ റിപ്പോർട്ടും സംസ്ഥാന ജനറൽ സെക്രട്ടറി കെ.കെ. പ്രസന്നകുമാരി പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. 14 ജില്ലകളിൽ നിന്ന് 363 പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുത്തത്. സിപിഐഎം ജില്ലാസെക്രട്ടറി എം.എം.വർഗ്ഗീസ്, സിഐടിയു സംസ്ഥാന ഭാരവാഹികളായ എം.കെ.കണ്ണൻ, കെ.പി.മേരി, യു.പി. ജോസഫ് എന്നിവർ സമ്മേളനത്തെ അഭിസംബോധന ചെയ്തു. അങ്കണവാടി ജീവനക്കാരെ പ്രതികൂലമായി ബാധിക്കുന്ന ദേശീയവിദ്യാഭ്യാസ നയം നടപ്പാക്കരുതെന്ന് സമ്മേളനം ആവശ്യപ്പെട്ടു. അങ്കൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക. അങ്കണവാടി സ്വകാര്യവത്ക്കരണം അവസാനിപ്പിക്കുക. താൽക്കാലിക ജീവനക്കാരുടെ സീനിയോറിറ്റി അനുസരിച്ച് സ്ഥിരനിയമനം നടത്തുക. വർഗ്ഗീയതയ്ക്കെതിരെ വർഗ്ഗൈക്യം ശക്തിപ്പെടുത്തുക തുടങ്ങിയ അനവധി പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു.




ഭാരവാഹികൾ : മേരി ജോബ് (പ്രസിഡന്റ്), കെ.കെ.പ്രസന്നകുമാരി (ജനറൽ സെക്രട്ടറി), ടി.വി.സൂസൺ (ട്രഷറർ) എ.തങ്കമണി, പി.എസ്.രമാദേവി, എം.എസ്.പ്രേമലത, എം .കൃഷ്ണലത, ബി.ഉഷാകുമാരി, അനിത റജി, സതി.വി.ജയൻ, പി.പി.വനജ (വൈസ് പ്രസിഡന്റുമാർ, പി.ടി.രജിത, വി.സരള, ജി.പി.വൃന്ദാറാണി, കെ.ഷീബ, ഡി.സേതുലക്ഷ്മി, കെ.വി. രാഗിണി, കെ.വി.ഭവാനി, എച്ച്.റസീനാ ബീവി (ജോയിന്റ് സെക്രട്ടറിമാർ)



മേരി ജോബ് (പ്രസിഡന്റ്)



കെ.കെ. പ്രസന്നകുമാരി (ജന.സെക്രട്ടറി)



ടി.വി.സൂസൻ (ട്രഷറർ)

# പ്ലാന്റേഷൻ എംപ്ലോയീസ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം

പ്ലാന്റേഷൻ എംപ്ലോയീസ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം പത്തനംതിട്ടയിൽ മലയാലപ്പുഴ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ (എൻ.എസ്.ഭാസിനഗർ) വച്ചു ചേർന്നു. സമ്മേളനം കേരള പ്ലാന്റേഷൻ ലേബർ ഫെഡറേഷൻ പ്രസിഡന്റ് എസ്.ജയമോഹനൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് കെ.എൻ. മുഹമ്മദാലി അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി അഡ്വ.പി.എസ്.ചെറിയാൻ റിപ്പോർട്ട് അവതരിപ്പിച്ചു. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് പി.ജെ. അജയകുമാർ യോഗത്തെ അഭിസംബോധന ചെയ്തു. ഭാരവാഹികൾ : കെ.കെ.രാമചന്ദ്രൻ എം.എൽ.എ (പ്രസിഡന്റ്), അഡ്വ.പി.എസ്.ചെറിയാൻ (ജനറൽ സെക്രട്ടറി), പി.വി.സഹദേവൻ (ട്രഷറർ), കെ.എം. മുഹമ്മദാലി, എം.കെ.ബാബുരാജൻ, പി.കെ.രാജൻ,




സി.പ്രഭാകരൻ, എസ്.ബിജു (സെക്രട്ടറിമാർ) ജോർജ് മാത്യു, ടി.അജയൻ, ബി.ശിവൻ, ആന്റണി മരിയൻ, പി.ടി.ജോയി (വൈസ് പ്രസിഡന്റുമാർ) 35 അംഗ സംസ്ഥാന കമ്മിറ്റിയെയും സമ്മേളനം തെരഞ്ഞെടുത്തു.

# കേരള സ്റ്റേറ്റ് ഗുഡ്സ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം



കേരള സ്റ്റേറ്റ് ഗുഡ്സ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ 40മത് സംസ്ഥാന സമ്മേളനം ആലപ്പുഴയിൽ എൻജിഒ യൂണിയൻ ഹാളിൽ (സ:ഷൺമുഖൻ നഗർ) വച്ച് നടന്നു. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ:ടി.പി.രാമകൃഷ്ണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടി.കെ.രാജൻ അദ്ധ്യക്ഷനായിരുന്നു. ജനറൽസെക്രട്ടറി എം.ഇബ്രാഹിംകുട്ടി പ്രവർത്തനറിപ്പോർട്ടും ഖജാൻജി എൻ.സുന്ദരൻപിള്ള വരവുചിലവു കണക്കും അവതരിപ്പിച്ചു. സിഐടിയു സംസ്ഥാന ഭാരവാഹികളായ സി.ബി.ചന്ദ്രബാബു പി.പി.ചിത്തരഞ്ജൻ എം.എൽ.എ സിഐടിയു ആലപ്പുഴ ജില്ലാസെക്രട്ടറി സ:പി.ഗാനകുമാർ എന്നിവർ സമ്മേളനത്തെ അഭിവാദ്യം ചെയ്തു. സിഐടിയു ജില്ലാ പ്രസിഡന്റ് എച്ച്.സലാം എംഎൽഎ സ്വാഗതവും വി.കെ.തങ്കപ്പൻ കൃതജ്ഞതയും രേഖപ്പെടുത്തി.

ഭാരവാഹികൾ : ടി.കെ.രാജൻ (പ്രസിഡന്റ്), എം.ഇബ്രാഹിം കുട്ടി (ജനറൽ സെക്രട്ടറി) എൻ.സുന്ദരംപിള്ള (ഖജാൻജി), സി.ബി.ചന്ദ്രബാബു, ബി.ദിവാകരൻ, പി.ജി.പ്രസന്നൻ, എ.പ്രേമരാജൻ, കെ.ഗോവിന്ദൻകുട്ടി, എം.പി. ഉദയൻ, എം.കെ.ബാലകൃഷ്ണൻ (വൈസ് പ്രസിഡന്റുമാർ) ടി.എസ്.ജയചന്ദ്രൻ, പരാണ്ടി മനോജ്, ബി. ഹരികുമാർ, വി.എസ്.ശ്രീകാന്ത്, വി.ശശി, സി.പി. മുഹമ്മദാലി, കെ.എം.ബാബു (സെക്രട്ടറിമാർ)



ടി.കെ.രാജൻ
(പ്രസിഡന്റ്)



എം.ഇബ്രാഹിം കുട്ടി
(ജന.സെക്രട്ടറി)



എൻ.സുന്ദരംപിള്ള
(ട്രഷറർ)

# സതേൺ റയിൽവേ ലൈസൻസ്ഡ് പോർട്ടേഴ്സ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം

ദക്ഷിണ റയിൽവേയുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം പാലക്കാട് ഡിവിഷനുകളിലെ റയിൽവേ സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന ലൈസൻസ്ഡ് പോർട്ടർമാരുടെ സംഘടനയായ സതേൺ റയിൽവേ ലൈസൻസ്ഡ് പോർട്ടേഴ്സ് ഫെഡറേഷന്റെ സംസ്ഥാനസമ്മേളനം 2022 ജൂലൈ 2 ന് എറണാകുളം സൗത്ത് സതേൺ റോഡിലുള്ള കെ.ജി.ബോസ് ഭവനിൽ വച്ച് നടന്നു. സമ്മേളനം സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.ശർമ്മ ഉദ്ഘാടനം ചെയ്തു. അഡ്വ.എ.സമ്പത്ത് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ.എ.അലി അക്ബർ റിപ്പോർട്ട് അവതരിപ്പിച്ചു.



കെ.എ.അലി അക്ബർ
(പ്രസിഡന്റ്)



രഘുനാഥ് പനവേലി
(ജന.സെക്രട്ടറി)



ഭാരവാഹികൾ : അഡ്വ.എ.സമ്പത്ത് (രക്ഷാധികാരി), കെ.എ.അലിഅക്ബർ (പ്രസിഡന്റ്) ഡി.രഘുനാഥ് പനവേലി (ജനറൽ സെക്രട്ടറി), പി.പി.കുര്യാക്കോസ് (ട്രഷറർ), അഡ്വ.ഇ.ഷാനവാസ്ഖാൻ, അഡ്വ.കെ.എസ്. നമ്പുരാജ് (വൈസ് പ്രസിഡന്റുമാർ) ബി.ആർ.രജിത്ത് ലാൽ, കെ.അജിത്ത് (സെക്രട്ടറിമാർ) ഉൾപ്പെടെ 35 പേരടങ്ങുന്ന സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു.

# ടെക്സ്റ്റൈൽ മിൽ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന സമ്മേളനം




കേരളത്തിൽ പ്രവർത്തിക്കുന്ന 25 ടെക്സ്റ്റൈൽ മില്ലുകളിലെ സിഐടിയു യൂണിറ്റുകളുടെ ഫെഡറേഷൻ സംസ്ഥാന സമ്മേളനം മലപ്പുറത്ത് വെച്ച് കൂടി സമ്മേളനം സിഐടിയു സംസ്ഥാന സെക്രട്ടറി സി ബി ചന്ദ്രബാബു ഉദ്ഘാടനം ചെയ്തു ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി പി നന്ദകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു ഫെഡറേഷൻ സെക്രട്ടറി കെ എൻ ഗോപിനാഥ് സിഐടിയു മലപ്പുറം ജില്ലാ സെക്രട്ടറി വി പി സക്കറിയ സംസ്ഥാന കമ്മിറ്റി അംഗം വി പി അനിൽ എന്നിവർ സമ്മേളനത്തെ അഭിവാദ്യം ചെയ്ത് സംസാരിച്ചു

പുതിയ ഭാരവാഹികളായി പി നന്ദകുമാർ പ്രസിഡണ്ടും എം ആർ രാജൻ ജനറൽ സെക്രട്ടറിയും കെ പി അശോകൻ ട്രഷററും സിബി ചന്ദ്രബാബു എ റീന കെ ബാബു കെ എ ശ്രീജിത്ത് എം ടി ആന്റണി എന്നിവർ വൈസ് പ്രസിഡണ്ട് മാരായും കെ എൻ ഗോപിനാഥ് കെ സുരേഷ് എം ജയരാജ് കെ സിന്ധു കെ കിഷോർ എന്നിവർ സെക്രട്ടറിമാരായും സമ്മേളനം തിരഞ്ഞെടുത്തു.



പി.നന്ദകുമാർ (പ്രസിഡന്റ്)



എം.ആർ.രാജൻ (ജന.സെക്രട്ടറി)

## കോൺഫെഡറേഷൻ ഓഫ് ട്രാൻസ്പോർട്ട് വർക്കേഴ്സ് - കേരള സംസ്ഥാന സമ്മേളനം

കോൺഫെഡറേഷൻ ഓഫ് ട്രാൻ: വർക്കേഴ്സ്കേരളയുടെ 20ം സംസ്ഥാന സമ്മേളനം തിരുവനന്തപുരത്ത് പി.വി.കൃഷ്ണൻ നഗറിൽ (ബി.ടി.ആർ. ഹാൾ) സി.ഐ.ടി.യു. സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു. സംഘടനയുടെ പ്രസിഡന്റ് എളമരം കരീം എം.പി.യുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ സ്വാഗതസംഘം ചെയർമാൻ സി. ജയൻബാബു സ്വാഗതം ആശംസിച്ചു. സംഘടനയുടെ ജനറൽ സെക്രട്ടറി പി.നന്ദകുമാർ എം.എൽ.എ. പ്രവർത്തന റിപ്പോർട്ടും, ട്രഷറർ ആർ.ഗോപാലകൃഷ്ണൻ നായർ വരവ്ചെലവ് കണക്കും അവതരിപ്പിച്ചു. ആൾ ഇന്ത്യാ റോഡ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ അഖിലേന്ത്യാ ജനറൽ സെക്രട്ടറി കെ.കെ.ദിവാകരൻ കേന്ദ്രകമ്മിറ്റി റിപ്പോർട്ട് അവതരിപ്പിച്ചു. ഗതാഗത മേഖലയിലെ വിവിധ ഫെഡറേഷനുകളെയും സംസ്ഥാന യൂണിയനുകളെയും പ്രതിനിധീകരിച്ച് 15 പേർ ചർച്ചയിൽ പങ്കെടുത്തു. സംസ്ഥാന സമ്മേളനം പ്രസിഡന്റായി കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ.യേയും, ജനറൽ സെക്രട്ടറിയായി സി.കെ.ഹരികൃഷ്ണനേയും, ട്രഷററായി ടി.കെ. രാജനേയും, വൈസ് പ്രസിഡന്റുമാരായി കെ.എസ്.സുനിൽകുമാർ, എം.സി.സ്യമന്തഭദ്രൻ, അലി അക്ബർ, എൻ.ഉണ്ണികൃഷ്ണൻ, സി.ടി. അനിൽ, കെ.പി.ഹരിദാസ്, വി.ഹരികുമാർ, മധുസൂദനൻ പിള്ള, സുനിതാ കുര്യൻ, അനിൽകുമാർ എന്നിവരെയും, സെക്രട്ടറിമാരായി ഇബ്രാഹിംകുട്ടി, എം.എസ്.സ്കറിയ, എസ്.വിനോദ്, കെ.കെ.മമ്മു, പി.കെ.പുഷ്പാകരൻ, കെ.കെ.കലേശൻ, രജീഷ്ബാബു, കെ.ജയമോഹനകുമാർ, വി.ശാന്തകുമാർ എന്നിവരേയും 98 അംഗ സംസ്ഥാന കമ്മിറ്റിയേയും ഐകകണ്ഠേന തെരഞ്ഞെടുത്തു.



കടകംപള്ളി സുരേന്ദ്രൻ (പ്രസിഡന്റ്)



സി.കെ.ഹരികൃഷ്ണൻ (ജന.സെക്രട്ടറി)



ടി.കെ.രാജൻ (ട്രഷറർ)

**സമ്മേളനം ചുവടെ പറയുന്ന പ്രമേയങ്ങളും പാസാക്കി.**

1. കെ.എസ്.ആർ.ടി.സി. പ്രതിസന്ധി അടിയന്തിരമായും പരിഹരിക്കുക.
2. രാജ്യത്തെ സംഘപരിവാറിന്റെ വർഗീയവൽക്കരണത്തിനെതിരെ അണിനിരക്കുക.
3. ജനവിരുദ്ധ, വ്യവസായവിരുദ്ധ, തൊഴിലാളിവിരുദ്ധ കേന്ദ്ര മോട്ടോർ വാഹന ഭേദഗതി നിയമം പിൻവലിക്കുക.

# ആദരാഞ്ജലികൾ

## സ: ടി. ശിവദാസ മേനോൻ



മുതിർന്ന സിപിഐ എം നേതാവും മുൻ ധനകാര്യമന്ത്രിയുമായിരുന്ന ടി. ശിവദാസ മേനോൻ (90) ജൂൺ 28ന് അന്തരിച്ചു. സിഐടിയുവിന്റെ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്.

മൂന്നുതവണ നിയമസഭാംഗവും രണ്ടുതവണ മന്ത്രിയുമായിരുന്നു.

1987 -ൽ നായനാർ മന്ത്രിസഭയിൽ വൈദ്യുതിഗ്രാമവികസന വകുപ്പു മന്ത്രിയായി. 1996 മുതൽ 2001 വരെ നായനാർ മന്ത്രിസഭയിൽ ധനമന്ത്രിയുമായി പ്രവർത്തിച്ചു.

1987-ലും 1991-ലും 1991-1996 വരെയും 1996 മുതൽ 2001 വരെയും മലമ്പുഴയിൽനിന്നു നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1991-ൽ പ്രതിപക്ഷത്തായിരുന്നപ്പോൾ ചീഫ് വിപ്പായി പ്രവർത്തിച്ചു.

മണ്ണാർക്കാട് കെ.ടി.എം ഹൈസ്കൂളിലെ പ്രധാന അധ്യാപകനായിരുന്നു. ജോലിയിൽ നിന്ന് സ്വയം വിരമിച്ച ശേഷം അധ്യാപകസംഘടനകളുടെ നേതൃസ്ഥാനങ്ങൾ വഹിച്ചു.

സ. ടി.ശിവദാസമേനോന്റെ നിര്യാണത്തിൽ സിഐടിയുവിന്റെ ആദരാഞ്ജലികൾ...

## സ: പി.രാഘവൻ



സിഐടിയു സംസ്ഥാന സെക്രട്ടറിയായും കാസർഗോഡ് ജില്ലാസെക്രട്ടറിയായും ദീർഘകാലം പ്രവർത്തിച്ച സ:പി.രാഘവന്റെ നിര്യാണത്തിൽ സിഐടിയു സംസ്ഥാന സെക്രട്ടേറിയറ്റ് അനുശോചിച്ചു. ജൂലൈ 5 ന് ചൊവ്വാഴ്ച പുലർച്ചെ രണ്ടുമണിക്ക് കാസർഗോഡ് മുന്നാട്ടെ വസതിയിലായിരുന്നു സ:പി.രാഘവന്റെ (77) അന്ത്യം. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ട്രെയിഡ് യൂണിയൻ ശക്തിപ്പെടുത്തുന്നതിൽ വലിയ പങ്കു വഹിച്ചു. കാസർഗോഡ് ജില്ലയിൽ ട്രെയിഡ് യൂണിയൻ സംഘടിപ്പിക്കുന്നതിലും ശക്തിപ്പെടുത്തുന്നതിലും പി.രാഘവൻ സുസ്ഥർഹ്യമായ പങ്കു വഹിച്ചിട്ടുണ്ട്. രണ്ടു തവണ ഉദുമ നിയമസഭാമണ്ഡലത്തെ പ്രതിനിധാനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ വിയോഗം പുരോഗമനപ്രസ്ഥാനങ്ങൾക്കും ട്രെയിഡ് യൂണിയനുകൾക്കും വലിയ നഷ്ടമാണ്.

## സ: വി.വി. ശശീന്ദ്രൻ



സിപിഐ എം കൊല്ലം ജില്ലാ കമ്മിറ്റി അംഗവും ട്രേഡ് യൂണിയൻ നേതാവുമായ അഡ്വ. വി.വി ശശീന്ദ്രന്റെ നിര്യാണത്തിൽ സിഐടിയുവിന്റെ ആദരാഞ്ജലികൾ.

കേരള സ്റ്റേറ്റ് മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ സ്ഥാപക നേതാവും സിഐടിയു സംസ്ഥാന സെക്രട്ടറിയുമായി പ്രവർത്തിച്ചിരുന്നു. മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ്, ജനറൽ സെക്രട്ടറി, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ, മത്സ്യഫെഡ് ചെയർമാൻ, മത്സ്യത്തൊഴിലാളി യൂണിയൻ ജില്ലാ സെക്രട്ടറി തുടങ്ങിയ നിലകളിലും പ്രവർത്തിച്ചു. നിലവിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമീഷൻ അംഗമായിരുന്നു. മത്സ്യത്തൊഴിലാളി മേഖലയിൽ ട്രേഡ് യൂണിയനുകളെ കെട്ടിപ്പടുക്കുന്നതിൽ പ്രധാന പങ്കു വഹിച്ച നേതാവായിരുന്നു ശശീന്ദ്രനെന്ന് സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദനും ജനറൽ സെക്രട്ടറി എളമരം കരീം എംപിയും അനുശോചന സന്ദേശത്തിൽ പറഞ്ഞു.